# സുഭാഷിതമാല

W CC
M1

ശങ്കരാചാര്യർ

STATE

CENTRAL LIBRARY

THIRUVANANTHAPURAM

KERALA

CHILDREN'S SECTION

12 APR 2023 Due Date Slip

STATE CENTRAL LIBRARY
(Thiruvananthapuram Public Library)
THIRUVANANTHAPURAM

Acc. No. GC1963

Call No.

Please return on or before the last date stamped above

COMPLIMENTARY

ഗിഫ്റ്റ് കളക്ഷൻ

GC 1963

37

# ശങ്കരാചാര്യർ

സി. കെ. മൂസത്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം.

കുട്ടികളുടെ വിഭാഗം

കേരള ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്
കോട്ടയം

(Malayalam)
MAHACHARITHAMAALA - 37
biography of
Sri Sankara
by C. K. Moosad
Cover & Sketches: Asok
Published by
Kairali Childrens Book Trust
Post Box 624 Kottayam-686 001 India
First Published November 1981
Printed at
D. C. Press, Kottayam
Distributors:
CURRENT BOOKS
KOTTAYAM TRIVANDRUM TRICHUR
ERNAKULAM CALICUT TELLICHERRY ALLEPPEY

CC
W
M1
GC 1963
STATE CENTRAL LIBRARY
THIRUVANANTHAPURAM
KERALA
കുട്ടികളുടെ വിഭാഗം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം.

Rs. 5.00
© Kairali Childrens Book Trust 1981
S No. 40 BT 37 W C. 11.2 - 3000



## ശ്രീ ശങ്കരാചാര്യർ

അദ്വൈതദർശനത്തിൻെറ ഉപജ്ഞാതാവ്. ബ്രഹ്മസൂത്രം, ഉപനിഷത്തുക്കൾ, ഭഗവത്ഗീത എന്നിവയുടെ വ്യാഖ്യാനങ്ങളെഴുതി. സൗന്ദര്യലഹരിയടക്കം നിരവധി കൃതികളുടെ കർത്താവ്. (എ.ഡി. 650-നും 800-നും ഇടയ്ക്കു കാലം?)

Stock Verified 2019

## ഒന്ന്

ഒരുണ്ണിനമ്പൂതിരിയല്ലേ ആ പോകുന്നതു്? കാഴ്ചയിൽ തന്നെ അറിയാം ആരം ബ്രഹ്മചാരിയാണെന്നു്. ഒരു കൗപീനം മാത്രമാണു് വസ്ത്രമായിട്ടുള്ളതു്. പൂണന്നൂലും കൃഷ്ണാജിനവും (മാൻതോൽ കൊണ്ടുള്ള വാറ്) ദേഹത്തു് കുറുകെ കിടക്കുന്നു. അരയിൽ മേഖല. കെട്ടിവെച്ച കുടുമ. മേലാസകലം ഭസ്മലേപനം. കയ്യിലോ? പ്ലാശിൻെറ ദണ്ഡും. (പ്ലാശ് മരത്തിൻെറ കമ്പ്).

എങ്ങോട്ടാണു് ഈ ഉണ്ണിയുടെ യാത്ര? അമ്മാത്തേക്കു്. അതായതു്, അമ്മയുടെ ജന്മഗൃഹത്തിലേക്കു്. അവിടെ മുത്തശ്ശിയോ മുത്തശ്ശനോ തന്നെ സ്വീകരിക്കാനോ ലാളന ചൊരിയാനോ ഉണ്ടാവില്ലെന്നു് ഉണ്ണിക്കറിയാം. ആ മുഖത്തു് അത്തരമൊരു പ്രതീക്ഷയുമില്ല. അമ്മതന്നെ അമ്മാത്തു പോയിട്ടു് വർഷങ്ങൾ ഏറെയായിരിക്കുന്നു.

അമ്മയുടെ കുട്ടിക്കാലത്തു് സാമാന്യം ഭേദപ്പെട്ട ഇല്ലമായിരുന്നു അതു്; പിന്നീടു് കുറെയൊക്കെ ക്ഷയിച്ചു എന്നാണു് ഉണ്ണി കേട്ടിട്ടുള്ളതു്. അവിടുത്തെ ഗൃഹനായിക തന്നെ കണ്ടാൽ തിരിച്ചറിയുമോ എന്നുതന്നെ സംശയമാണു്. ചെന്നു് സ്വയം പരിചയപ്പെടുത്തേണ്ടി വന്നേക്കും. എന്തു ചെയ്യാം! അമ്മയുടെ ആവശ്യമല്ലേ?

അമ്മാത്തു് എത്തിയപ്പോൾ പ്രതീക്ഷിച്ചതുതന്നെ സംഭവിച്ചു. സ്വയം പരിചയപ്പെടുത്തേണ്ടിവന്നു. അപ്പോൾ ഗൃഹനായികയുടെ മുഖം ഒരേ സമയത്തു് സന്തോഷിക്കുക

യും വിളറുകയും ചെയ്തു. ഉണ്ണി ഏറെ ദൂരം നടന്നു് തളൎന്നു വന്നിരിക്കുകയാണു്. കഴിക്കാൻ എന്തെങ്കിലും നൽകേണ്ടേ. അവിടെയാണെങ്കിൽ ഒന്നും ഇല്ലതാനും. അതായിരിക്കാം അവരുടെ മുഖത്തെ വിളർച്ചയുടെ പിന്നിൽ. ഏതായാലും അന്തർജ്ജനം അകത്തുപോയി, ഏതാനും നിമിഷങ്ങൾക്കുശേഷം കൈയിൽ ഒരു നെല്ലിക്കയുമായി തിരിച്ചുവന്നു. ആ നെല്ലിക്കയും കുറച്ചു വെള്ളവും ഉണ്ണിക്കു് കൊടുത്തിട്ടു് പറഞ്ഞു:

'ഇതേ ഉള്ളൂ ഉണ്ണീ, ഇപ്പോൾ തരാനായിട്ടു്. ഇവിടുത്തെ സ്ഥിതി ഉണ്ണിക്കറിയാമല്ലോ.'

തൻെറ അമ്മ ജനിച്ച ഇല്ലത്തിനു വന്ന ദാരിദ്ര്യദുഃഖം ഉണ്ണിയുടെ ഹൃദയത്തിൽ ആഞ്ഞുതറച്ചു.

ഗൃഹനായിക നീട്ടിയ വെള്ളവും, നെല്ലിക്കയും ഭക്തിബഹുമാനപുരസ്സരം സ്വീകരിച്ചു. പിന്നെ അവിടെ നടന്നതു് അന്തർജ്ജനം സ്വപ്നത്തിൽപോലും വിഭാവനം ചെയ്യാത്ത ഒരു കാര്യമാണു്. ഉണ്ണിയുടെ കണ്ണുകൾ ഊർദ്ധ്വമുഖമായി. മുഖത്തു് വല്ലാത്തൊരു തേജസ്സ്. ലക്ഷ്മീദേവിയെ ധ്യാനിച്ചുകൊണ്ടു് നെല്ലിക്കയും വെള്ളവും മേല്പോട്ടു് തർപ്പണം ചെയ്യുന്നതേ അന്തർജ്ജനം കണ്ടുള്ളു. സംസ്കൃതശ്ലോകങ്ങൾ ഉണ്ണിയുടെ നാവിൽനിന്നു് ധാരധാരയായി പ്രവഹിച്ചു.

ഒരു മഹാത്ഭുതത്തിൻെറ അരങ്ങേററമാണു് അതിനെതുടൎന്നു് നടന്നതു്. ആകാശത്തുനിന്നു് സ്വർണ്ണനെല്ലിക്കകൾ തുരുതുരാ വർഷിച്ചുതുടങ്ങി. നിസ്സഹായയായ ആ കുടുംബിനിയുടെ ദാരിദ്ര്യദുഃഖം എന്നെന്നേക്കുമായി പരിഹരിക്കപ്പെട്ടു എന്നു് എടുത്തു പറയേണ്ടതില്ലല്ലോ.

ആരായിരുന്നു ആ ഉണ്ണിനമ്പൂതിരി. സംശയിക്കേണ്ടേ? പില്ക്കാലത്തു് ജഗദ്ഗുരു ആദിശങ്കരാചാര്യർ എന്നു പ്രസിദ്ധനായ ബ്രാഹ്മണോത്തമൻതന്നെ. 'ആചാര്യശങ്കരനന്യ

നശങ്കരൻ' എന്നു മഹാകവി വള്ളത്തോാം പറഞ്ഞുതന്ന മഹാപണ്ഡിതൻ.

അന്നുമുതൽ ആ ഇല്ലം 'സ്വർണ്ണത്തുമന' എന്ന പേരിൽ പ്രശസ്തമായി. ഇന്നും ശ്രീശങ്കരൻെറ ജന്മദേശമായ കാലടിയ്ക്കടുത്തു് സമ്പന്നമായിത്തന്നെ വർത്തിക്കുന്നു ആ ഇല്ലം.

അന്നു് ആ ഉണ്ണി ചൊല്ലിയ സംസ്കൃതശ്ലോകങ്ങളാണു് പിന്നീടു് 'കനകധാരാസ്തോത്രം' എന്ന പേരിൽ പ്രസിദ്ധമായിത്തീൎന്ന കീർത്തനം.

അംഗം ഹരേഃ പുളകഭൂഷണമാശ്രയന്തീ
ഭൃംഗാംഗനേവമുകുളാഭരണം തമാലം
അംഗീകൃതാഖിലവിഭൂതിരപാംഗലീലാ
മംഗല്യദാസ്തു മമ മംഗളദേവതായാഃ

എന്ന ശ്ലോകത്തോടെയാണു് പ്രസിദ്ധമായ ഈ കനകധാരാസ്തോത്രം ആരംഭിക്കുന്നതു്. ആ ശ്ലോകത്തിനു് മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തയ്യാറാക്കിയ വിവർത്തനം ഇതാ:

'മൊട്ടിട്ട പച്ചില മരത്തിലണഞ്ഞവണ്ടിൻ
മട്ടിൽക്കരുംകുളിർ മുളച്ച മുകുന്ദമെയ്യിൽ
തട്ടിച്ചഭൂതിമയ മംഗള ദേവതാക്ഷി-
ത്തട്ടിപ്പെനിക്കു പുരു മംഗളമേകിടട്ടേ.'

കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആ കീർത്തനമാകെ മലയാളത്തിലേക്കു് തർജ്ജമ ചെയ്യെങ്കിൽ അതിനു് മററു പല പണ്ഡിതന്മാരും മലയാളവ്യാഖ്യാനങ്ങളെഴുതി. അത്തരത്തിലൊരു വ്യാഖ്യാതാവായ കാനാ കമ്മാരൻ നമ്പ്യാരുടെ പ്രയത്നത്തെ അഭിനന്ദിച്ചുകൊണ്ടു് മഹാകവി വള്ളത്തോാം എഴുതിയ ശ്ലോകവും പ്രസിദ്ധമാണു്.

'അമ്മാഹാത്മ്യം വെറും ശങ്കര വരഗുരുവിൻ
ശ്രീസ്തവത്തിന്നു് കാനാ-
ക്കമ്മാരൻ നമ്പിയാർ-തീർത്തൊരുസുലളിതമാം
ടീക ഞാനാകെ നോക്കി
ഇമ്മാനൃന്നീ മഹത്താം ജഗദുപകൃതിയാൽ
കീർത്തിയാകുന്ന വെള്ള-
ക്കമ്മായം തേച്ചു ദിഗ്ഭിത്തികൾ സപദിവെള-
പ്പിക്കുവാൻ മാർഗ്ഗമായി.'

നേരത്തേ നാം കണ്ടതുപോലെ, ബാല്യകാലത്തു തന്നെ ഇത്ര ചമൽക്കാര ബന്ധുരവും ആലോചനാമൃതവു മായ ഭക്തികാവ്യം രചിക്കാൻ കഴിഞ്ഞ ആ ഉണ്ണി നമ്പൂതിരി വളൎന്നുവന്നപ്പോൾ സർവ്വജ്ഞപീഠം കയറിയ പണ്ഡിതചക്രവർത്തിയായിത്തീർന്നെങ്കിൽ അതിൽ അതി ശയിക്കാനെന്തുള്ളൂ?

ശ്രീശങ്കരാചാര്യരെ പാണ്ഡിത്യത്തിന്റെ ഹിമാലയ മായിട്ടാണു് മഹാകവി ഉള്ളൂർ ചിത്രീകരിച്ചിട്ടുള്ളതു്. സാഹിത്യചരിത്രത്തിൽ ഉള്ളൂർ ഇങ്ങനെ എഴുതി:

ഈ ലോകത്തിൽ പർവ്വതങ്ങളുടെ ചക്രവർത്തി ഹിമവാനാണെ ങ്കിൽ, പണ്ഡിതന്മാരുടെ ചക്രവർത്തി ശങ്കരഭഗവദ്പാദരാകുന്നു. ത ങ്ങളുടെ ആവിർഭാവത്താൽ ഉത്തരസീമയെ അലങ്കരിക്കുന്ന ഹിമാ ലയപർവ്വതവും ദക്ഷിണസീമയെ അലങ്കരിക്കുന്ന ഈ മഹാപുരുഷ നും ഭാരതഭൂമിയുടെ രണ്ടു് അഭിമാനസ്തംഭങ്ങളാണു്....ശങ്കരാചാ ര്യരെപ്പോലെയുള്ള ഒരു സർവ്വതന്ത്രസ്വതന്ത്രന്റെ ജനനിയായിത്തീ രാനുള്ള യോഗം നമ്മുടെ ജന്മഭൂമിയായ കേരളത്തിനാണല്ലോ സി ദ്ധിച്ചതു്. ആ സ്മരണ നമ്മുടെ ഹൃദയത്തെ വികസിപ്പിക്കും, ശിരസ്സിനെ ഉന്നമിപ്പിക്കും, ശരീരത്തെ കോൾമയിർ കൊള്ളി ക്കും, കണ്ണുകളിൽ ആനന്ദബാഷ്പം നിറയ്ക്കും....

സ്വാമി വിവേകാനന്ദന്റെ ശിഷ്യയായ സിസ്റ്റർ നിവേദിത എന്ന ആംഗ്ലേയ വനിത ശ്രീശങ്കരാചാര്യരെ

പ്പോലുള്ള ഒരു മഹാനെപ്പററി പാശ്ചാത്യക്ക് വിഭാവനം ചെയ്യാൻ കൂടി പ്രയാസമാകുന്നു എന്നു പ്രസ്താവിക്കുന്നു.

അസീസ്സിയിലെ ഫ്രാൻസിസ് പുണ്യവാളൻെറ ഈശ്വരഭക്തിയും അബേലാർസിൻെറ ബുദ്ധിസാമത്ഥ്യവും മാർട്ടിൻ ലൂതറിൻെറ കമ്മനിരതമായ സ്വതന്ത്ര്യബുദ്ധിയും ഇഗ്നേഷ്യസ് ലയോളയുടെ രാജതന്ത്രപ്രവീണതയും ഒക്കെയുമൊരാളിൽച്ചേൎന്നൊത്തു കാണുന്ന അത്ഭുതപ്രതിഭാസമായാണ് അവർ ശ്രീ ശങ്കരനെ വിവരിക്കുന്നത്.

'പെരുക്കൂ വള്ളത്തോളിനെ പത്തുകൊണ്ടോ നൂറുകൊണ്ടോ, കിട്ടുന്നു നമുക്കൊരു ഷേക്‌സ്പിയറെ! പെരുക്കൂ രാമാനുജത്തിനെ കിട്ടുന്നു ഐൻസ്റ്റൈനെ! പെരുക്കൂ........എന്നാൽ ഏതൊരു പാശ്ചാത്യമസ്തിഷ്കത്തേയും എത്രകൊണ്ടു പെരുക്കിയാലും കിട്ടുകയില്ല ഒരു ശങ്കരനെ!'

എന്ന് അഭിമാനവും ആവേശവും ജ്വലിക്കുന്ന ഭാഷയിൽ പ്രശസ്ത ഹാസ്യസാഹിത്യകാരനും മഹാപണ്ഡിതനുമായിരുന്ന സഞ്ജയൻ പ്രഖ്യാപിച്ചതും ഇവിടെ സ്മരണീയമാണ്. ആത്മീയ മണ്ഡലത്തിലെ അന്തഃഛിദ്രം മൂലവും ബുദ്ധമതത്തിൻെറ കടന്നാക്രമണം കാരണവും അധഃപതനത്തിൻെറ നെല്ലിപ്പടിയിലെത്തി വീണുകിടന്നിരുന്ന ഹിന്ദുമതത്തിനു പുനരുജ്ജീവനം നൽകുന്ന ഒരു കായകല്പചികിത്സയായിരുന്നു ശ്രീശങ്കരൻെറ ആവിർഭാവം. ആദ്ധ്യാത്മികത്തിനു നേതൃത്വം നൽകേണ്ട ബ്രാഹ്മണർ സ്വാത്ഥമതികളായി പരസ്പരം കലഹത്തിലായിരുന്നു; ആട്ടുവെട്ടും, മദ്യനിവേദ്യവുമായി അധഃപതിച്ചിരിക്കുകയായിരുന്നു ദേവീഭക്തന്മാർ; വൈഷ്ണവഭക്തന്മാരെ തരം കിട്ടുമ്പോഴൊക്കെ പുച്ഛിക്കുക എന്നതായിരുന്നു ശൈവവിശ്വാസികളുടെ മുഖ്യമായ തൊഴിൽ. വൈഷ്ണവരുടെ ദൃഷ്ടിയാണെങ്കിൽ ശൈവർ ആദ്ധ്യാത്മിക മണ്ഡലത്തിലെ ഏററവും നികൃഷ്ടജീവികളായിരുന്നു. സനാതനധമ്മത്തെ കൊന്നു കുഴിച്ചു മൂടുവാൻ ഹൈന്ദവർതന്നെ കച്ചകെട്ടി ഇറങ്ങിയിരിക്കയാണെന്നു്

മററുള്ളവക്ക് തോന്നലുണ്ടാക്കിയ അത്തരം ഒരു കാലഘട്ട ത്തിലായിരുന്നു ശ്രീശങ്കരൻെറ രംഗപ്രവേശം.

തൻെറ മുപ്പത്തിരണ്ടു് വഷം മാത്രം നീണ്ടുനിന്ന ഹ്റസ്വജീവിതത്തിനിടയിൽ ആ യതിവര്യൻ ഭാരതവ ഷം മുഴവൻ ഒന്നിലധികം തവണ പര്യടനം ചെയ്തു.

വിഘടിച്ചു നില്ക്കുന്ന വിശ്വാസപ്രമാണങ്ങളെ അദ്വൈ തവേദാന്തത്തിൻെറ കുടക്കീഴിൽ ഏകോപിപ്പിച്ച് അണ ച്ചുനിത്തി.

സനാതനധമ്മപ്രചരണത്തിനായി പണ്ഡിതോചി തമായ ഭാഷ്യഗ്രന്ഥങ്ങളും സംഗീതഭംഗി തിങ്ങിയിണങ്ങു ന്ന സ്തോത്രകൃതികളും രചിച്ചു;

തൻെറ പ്രസ്ഥാനം തൻെറ കാലശേഷവും മുന്നോട്ടു കൊണ്ടുപോകുന്നതിനായി രാജ്യത്തിൻെറ വിവിധ കേന്ദ്ര ങ്ങളിൽ സന്യാസിമഠങ്ങൾ സ്ഥാപിച്ചു;

വിലമതിക്കാനാവാത്ത ഒരു പാരമ്പര്യം നമുക്കായി അവശേഷിച്ചു.

തൻെറ ആയുസ്സിൻെറ പകുതി ഭാഗം വിദ്യാഭ്യാസ ത്തിനായി ചിലവഴിച്ച ഈ കമ്മയോഗി രാജ്യത്തിൻെറ ഒരററംമുതൽ മറെറാരററംവരെ കാൽനടയായി സഞ്ചരിച്ചു കൊണ്ടാണ് ഇത്രയും കാര്യങ്ങൾ ചെയ്തു തീത്തതു് എന്നോ ക്കുമ്പോൾ ആരുടെ മനസ്സാണ് അത്ഭുതസ്തബ്ധമാകാത്തതു്?

## രണ്ടു്

ശ്രീശങ്കരൻെറ ആത്മീയവും ബുദ്ധിപരവുമായ ഔന്നത്യ ത്തെക്കുറിച്ചു് സൂചിപ്പിച്ചുവല്ലോ. പ്രഗത്ഭരിൽ പ്രഗത്ഭനാ യ ഈ കേരളപുത്രൻെറ ആധികാരികമായ ഒരു ജീവച രിത്ര ഗ്രന്ഥം ഇനിയും നിമ്മിക്കാനിരിക്കുന്നതേയുള്ളു.

മാധവാചാര്യർ, ആനന്ദഗിരി, ചിദ്വിലാസൻ തുടങ്ങിയ പല മഹാന്മാരും ശങ്കരാചാര്യരെക്കുറിച്ച് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പക്ഷേ, പ്രധാന കാര്യങ്ങളിൽപോലും അവർ ഏകാഭിപ്രായക്കാരല്ലാ എന്നതാണ് ദുഃഖസത്യം. ശ്രീശങ്കരൻെറ ജന്മസ്ഥലത്തെക്കുറിച്ചുപോലുമുണ്ട്തർക്കം!

കേരളത്തിലെ കാലടിയാണ് ആ ജഗദ് ഗുരുവിൻെറ ജന്മദേശം എന്ന് ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, തമിഴ്നാട്ടിലെ ചിദംബരം എന്ന പട്ടണമാണ് ശ്രീശങ്കരൻെറ ജനനസ്ഥലമെന്ന് ചിലർ വാദിക്കുന്നു!

ശ്രീശങ്കരൻെറ ജന്മകഥ അടക്കിച്ചുരുക്കി ഒതുക്കി പറയുന്ന ഒരു പ്രസിദ്ധ സംസ്കൃതശ്ലോകമുണ്ട്:

ദേശേ കാലടിനാമ്നി കേരളധരാ
ശോഭാ കരേ സദ്ഭ്വിജാ-
ജ്ജാതഃ ശ്രീപതിമന്ദിരസ്യസവിധേ
സർവജ്ഞതാം പ്രാപ്തവാൻ
ഭ്രത്വാഷോ ഡ ശവത്സാ രേയതിവരോ
ഗത്വാ ബദര്യാശ്രമം
കർത്താഭാഷ്യ നിബന്ധനസ്യസ്യ കവി.
ശ്രീശങ്കരഃ പാതുനഃ

ശ്രീ ശങ്കരൻ ജനിച്ചതു് കേരളത്തിലെ കാലടി എന്ന ദേശത്താണ്; ശ്രീകൃഷ്ണനായിരുന്നു കുലദൈവം; പതിനാറു വയസ്സിനുള്ളിൽ വിദ്യാഭ്യാസം പൂർത്തിയാക്കുകയും, സന്യാസം സ്വീകരിക്കുകയും ചെയ്തു. വടക്ക് ബദരീനാഥംവരെ തൻെറ പ്രഭാവം പരത്തി, സർവ്വജ്ഞനായിത്തീർന്നു; പല ഗ്രന്ഥങ്ങൾക്കും ഭാഷ്യങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇത്രയും കാര്യങ്ങൾ ഈ ശ്ലോകം വ്യക്തമാക്കുന്നു.

ശ്രീശങ്കരൻ കാലടിയിലാണ് ജനിച്ചതു് എന്നതിനു് ഈ ശ്ലോകം മാത്രമല്ല അടിസ്ഥാനം. അദ്ദേഹത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങളുമായി ബന്ധപ്പെട്ട നദികളും സ്ഥല

ങ്ങളും നമ്പൂതിരിഗൃഹങ്ങളുമെല്ലാം കാലടിയിലും പരിസരത്തും ഇന്നും കാണാം. ശ്രീശങ്കരൻ സ്ഥാപിച്ച ബദരീനാഥ ക്ഷേത്രത്തിലെ പൂജാരി ഇന്നും ഒരു കേരള ബ്രാഹ്മണനാണെന്ന കാര്യവുംപ്രസക്തമത്രേ.

ശ്രീശങ്കരൻെറ കാലത്തു് ധാരാളം ബ്രാഹ്മണഗൃഹങ്ങരം കാലടിയിൽ ഉണ്ടായിരുന്നു. ഇതിനു് കാരണം സൂചിപ്പിക്കുന്ന ഒരു ഐതിഹ്യമുണ്ടു്. കാലടിയ്ക്കു സമീപം രാജശേഖരൻ എന്നൊരു പ്രമാണി വസിച്ചിരുന്നു. ഒരു രാത്രിയിൽ അദ്ദേഹത്തിനു് ഒരു സ്വപ്നദർശനമുണ്ടായി. അദ്ദേഹത്തിൻെറ ഗൃഹത്തിനടുത്തു് ഒരു ശിവബിംബം മറഞ്ഞു കിടപ്പുണ്ടെന്നും, അതു് കണ്ടുപിടിച്ചു് ആ സ്ഥലത്തു് ഒരു ക്ഷേത്രം പണിചെയ്യണമെന്നും ആയിരുന്നു രാജശേഖരനു് സ്വപ്നത്തിൽ കിട്ടിയ വെളിപാടു്. അതനുസരിച്ചു് ഗംഭീരമായ ഒരു ക്ഷേത്രം പണികഴിക്കപ്പെട്ടു. ക്ഷേത്രത്തിൻെറ ഖ്യാതി പരന്നപ്പോരം ധാരാളം ബ്രാഹ്മണർ ആ പ്രദേശത്തു വന്നു് താമസമുറപ്പിച്ചു. അങ്ങനെയാണത്രേ കാലടി ബ്രാഹ്മണഗൃഹങ്ങളുടെ ഒരു കേന്ദ്രമായിത്തീർന്നതു്.

ശ്രീശങ്കരൻെറ അച്ഛൻ ശിവഗുരു എന്നു പേരുള്ള ഒരു നമ്പൂതിരിയായിരുന്നു. ശിവഗുരുവിൻെറ പിതാവായ വിദ്യാധിരാജൻ വിശ്രുതനായ ഒരു പണ്ഡിതശ്രേഷ്ഠനായിരുന്നു. വിദ്യാധിരാജൻെറ ഏക പുത്രനായ ശിവഗുരു ആ പാണ്ഡിത്യത്തിൻെറ പൈതൃകം മുഴവൻ ചുമന്നു. ശിവഗുരു വേളികഴിച്ചതു് ആര്യാംബ എന്ന അന്തർജ്ജനത്തെയായിരുന്നു. മാതൃകാ ദമ്പതികളായി ജീവിച്ച ശിവഗുരുവിനും ആര്യാംബയ്ക്കും മാന്യതയ്ക്കോ, സമ്പത്തിനോ, പ്രശസ്തിയ്ക്കോ കുറവുണ്ടായിരുന്നില്ല. പക്ഷേ, ആ ജീവിതത്തിലും ദുഃഖം അതിൻെറ കരിനിഴൽ വീഴ്ത്തി. ഒരു കുഞ്ഞിക്കാൽ കാണാനുള്ള ഭാഗ്യം അവരിൽനിന്നും വഴുതിമാറി. കാലം കഴിയുന്തോറും ഈ വ്യഥ അവരുടെ മനസ്സിനെ കൂടുതൽ കൂടുതൽ അലട്ടി.

അവസാനം ആര്യാംബ ഒരു നിർദ്ദേശം ഭർത്താവിൻെറ മുമ്പിൽ സമർപ്പിച്ചു. പ്രപഞ്ചത്തിൻെറ കല്പവൃക്ഷമായ ശിവനല്ലാതെ തങ്ങളെ രക്ഷിക്കാൻ മററാക്കും കഴിയില്ലെന്നു് ആര്യാംബയ്ക്കു പൂർണ്ണവിശ്വാസമുണ്ടായിരുന്നു. തൃശ്ശിവപേരൂരിലെ പ്രസിദ്ധമായ വടക്കുംനാഥ ക്ഷേത്രത്തിൽപോയി ഭജനമിരിക്കുക—ഇതായിരുന്നു ആര്യാംബയുടെ നിർദ്ദേശം. ഭർത്താവു് ഉടനെ സമ്മതംമൂളി. അങ്ങനെ തൃശ്ശിവപേരൂരിലെത്തി ആ ദമ്പതികൾ ഭജനമാരംഭിച്ചു. ദിവസങ്ങൾ കടന്നുപോയി. ഒരു രാത്രി ശിവൻ അവൎക്കു് സ്വപ്നദർശനമരുളി. മന്ദബുദ്ധികളാണെങ്കിലും ദീർഘായുസ്സുള്ള ധാരാളം പുത്രന്മാർ വേണമോ, അതോ അല്പായുസ്സെങ്കിലും ഉജ്ജ്വല പ്രതിഭനായ ഏക പുത്രനെ ലഭിക്കണമോ എന്നു് ഭഗവാൻ അവരോടു ചോദിച്ചു. ആ ദമ്പതികളാകട്ടെ, തീരുമാനം ഭഗവാനുതന്നെ വിട്ടുകൊണ്ടു് തങ്ങൾക്കു് അനുഗ്രഹം മാത്രം മതി എന്നാണു് മറുപടി പറഞ്ഞതു്.

ഇതിനിടയ്ക്കു് ദേവന്മാർ സഭകൂടി ഒരു സുപ്രധാനമായ കാര്യം തീരുമാനിച്ചു കഴിഞ്ഞിരുന്നു. സനാതനധർമ്മത്തെ എതിർപ്രസ്ഥാനങ്ങളുടെ കടന്നാക്രമണത്തിൽനിന്നു് രക്ഷിക്കാൻ പരമശിവൻതന്നെ ഭൂമിയിൽ ജന്മമെടുക്കണമെന്നായിരുന്നു ആ തീരുമാനം.

അങ്ങനെ സാക്ഷാൽ പരമശിവൻ ശിവഗുരുവിൻെറയും ആര്യാംബയുടെയും ഏകപുത്രനായി ജന്മം ധരിച്ചു. ദേവസഭയുടെ തീരുമാനം അനുസരിച്ചു് ബ്രഹ്മാവും സരസ്വതിയും അതോടൊപ്പം മനുഷ്യജന്മം സ്വീകരിച്ചു. ബ്രഹ്മാവു് മണ്ഡനമിശ്രൻ എന്ന പേരിലും, സരസ്വതീദേവി ഉഭയഭാരതി എന്ന പേരിലും അവതാരമെടുത്തു. ഉഭയഭാരതി പിന്നീടു് മണ്ഡനമിശ്രൻെറ പത്നിയായിത്തീൎന്നു. രണ്ടുപേരും ശ്രീശങ്കരൻെറ ശിഷ്യത്വം സ്വീകരിച്ച കഥ തുടൎന്നു വായിക്കാം.

ശ്രീശങ്കരൻെറ ജനനത്തെക്കുറിച്ചു് മറെറാരു ഐതി

ഹ്യവും നിലവിലുണ്ട്. അതനുസരിച്ച് വിധവയായി ത്തീന്ന ശേഷമാണത്രേ ആര്യാംബ ദിവ്യഗർഭം ധരിച്ചതും ശ്രീശങ്കരനെ പ്രസവിച്ചതും. കാലടിക്ഷേത്രത്തിൽ മററു സ്ത്രീകളോടൊപ്പം ആര്യാംബയും ചെന്നപ്പോൾ. അവരെ ല്ലാം സന്താനലാഭത്തിനായി പ്രാത്ഥിച്ചപ്പോരം ആര്യാംബ യും ആ പ്രാർത്ഥന ഏററുപാടി. ദേവനു് ആ യുവ വിധവ യുടെ പ്രാർത്ഥനയിൽ പ്രത്യേക പ്രീതി തോന്നുകയും അവർ ദിവ്യഗർഭം ധരിക്കുകയും ചെയ്തു എന്നതാണു് കഥ.

ശ്രീശങ്കരൻെറ ജീവിതകാലത്തെ സംബന്ധിച്ചും ഭിന്നാഭിപ്രായങ്ങളുണ്ടു്. എ. ഡി. 788 മുതൽ 820 വരെയാ ണു് ശ്രീശങ്കരൻെറ ജീവിതകാലമായി പൊതുവേ അംഗീ കരിക്കപ്പെട്ടിട്ടുള്ളതു്. ജർമൻ സംസ്കൃതപണ്ഡിതനായ മാക്സ്മുള്ളറും ഇന്ത്യൻ സ്വാതന്ത്ര്യസമരനേതാവും ദാർശനി കനും ആയിരുന്ന ലോകമാന്യ തിലകനും ഈ അഭിപ്രായ ത്തോടു് യോജിക്കുന്നു.

ഏതായാലും കൃത്യമായ ജനനസമയം ശങ്കരൻ എന്ന പേരുതന്നെ സൂചിപ്പിക്കുന്നുണ്ടു്.വൈശാഖമാസത്തെ ശുക്ല പക്ഷത്തിൽ പഞ്ചമിനാളിൽ ഉച്ച സമയത്തായിരുന്നുവ ത്രേപുണ്യാവതാരം. നക്ഷത്രം പുണർതം. അവതാരസമയ ത്തു് പ്രകൃതിയുടെ പ്രശാന്ത സൗന്ദര്യം ഉജ്ജ്വലാവസ്ഥയെ പ്രാപിച്ചതായി ശങ്കരവിജയം എന്ന ഗ്രന്ഥത്തിൽ പറയു ന്നു.വൃക്ഷങ്ങളും ലതകളും പുഷ്പാവരണമണിഞ്ഞു് പുഞ്ചിരി തൂകിക്കൊണ്ടു നിന്നു. ജന്തുജാലങ്ങരം പൂർവവൈരാഗ്യവും ശത്രുതയും മറന്നു് അന്യോന്യം സ്നേഹത്തിൽ മുഴുകിനിന്നു. മംഗളകരമായ ഈ മുഹൂർത്തത്തിൽ ജനിച്ചതുകൊണ്ടായിരി ക്കാം കുഞ്ഞിനു് ശങ്കരൻ എന്ന പേരിട്ടതു്. മാത്രമല്ല, ശംകരഃ എന്ന പദത്തിലെ മൂന്നക്ഷരങ്ങളും പ്രത്യേക സം ഖ്യകളെ സൂചിപ്പിക്കുന്നു. 'ശ' എന്ന അക്ഷരം അഞ്ചിനെ യും, 'ക'കാരം ഒന്നിനെയും, 'ര' എന്ന അക്ഷരം രണ്ടിനെ യും സൂചിപ്പിക്കുന്നു. അങ്ങനെ ചാന്ദ്രവർഷത്തിലെ രണ്ടാം

മാസമായ വൈശാഖത്തിലെ ആദ്യപക്ഷത്തിലെ പഞ്ചമി നാളിൽ ആയിരുന്നു ജനനം എന്നു വന്നുചേരുന്നു.

ദിവ്യശിശുവായ ശങ്കരൻ പരിസരത്തിലുള്ളവരിലെല്ലാം അത്ഭുതാനന്ദങ്ങൾ പകൎന്നുകൊണ്ടാണ് വളൎന്നുവന്നതു്. മററു ശിശുക്കളെ അപേക്ഷിച്ചു് എല്ലാ കാര്യങ്ങളും നേരത്തെ നടന്നു. മൂന്നാമത്തെ വയസ്സിൽ എഴുത്തിനിരുത്തി. അഞ്ചാമത്തെ വയസ്സിൽ ഉപനയനം കഴിഞ്ഞു് ബ്രഹ്മചാരിയായി. എട്ടു വയസ്സിനുള്ളിൽ ഔപചാരിക വിദ്യാഭ്യാസം പൂൎത്തിയായി. അപ്പോഴേക്കും ആ ബാലൻ തക്ശാസ്ത്രത്തിലും സാംഖ്യശാസ്ത്രത്തിലും നിപുണനായി. പതഞ്ജലിയുടെ യോഗശാസ്ത്രം വശമാക്കി; ഭട്ടമീമാംസയുടെ സങ്കീൎണ്ണതത്വങ്ങൾ സ്വാംശീകരിച്ചു. വിജ്ഞാനം ഒരുവിധം വിദ്യാൎത്ഥികൾക്കു് അലങ്കാരമാകുകയാണല്ലൊ സാധാരണ പതിവു്. എന്നാൽ ശങ്കരൻ എന്ന വിദ്യാൎത്ഥി വിജ്ഞാനത്തിനു് ഒരലങ്കാരമായിത്തീരുകയാണുണ്ടായതു്. ഗഹനങ്ങളായ പല കൃതികൾക്കും ഭാഷ്യങ്ങളെഴുതാൻ തക്ക കഴിവു് ആ ബാലൻ സ്വായത്തമാക്കി.

ശങ്കരനു് എട്ടു വയസ്സു തികയാറായപ്പോൾ ഒരു സംഘം മഹർഷിമാർ വീട്ടിൽ ചെന്നു് അദ്ദേഹത്തെയും അമ്മയെയും സന്ദർശിച്ചു. തങ്ങൾക്കു ലഭിച്ച സൽക്കാരത്തിൽ സന്തുഷ്ടരായ മുനിമാർ ശങ്കരൻ ജന്മമെടുത്ത സാഹചര്യങ്ങൾ ആര്യാംബയ്ക്കു വിവരിച്ചുകൊടുത്തു. എട്ടു കൊല്ലമേ കുട്ടിക്കു് ആയുസ്സു് നിൎണ്ണയിച്ചിരുന്നുള്ളുവെങ്കിലും ആയുഷ്കാലം ഇരട്ടിപ്പിച്ചിരിക്കുന്നതായി അവർ പറഞ്ഞു. മകൻ അല്പായുസ്സായിരിക്കുമെന്നറിഞ്ഞ ആര്യാംബയ്ക്കു് ഉൽക്കണ്ഠയുണ്ടായി. ശങ്കരൻ നശ്വരജീവിതത്തിന്റെ അത്ഭുതസ്വഭാവം വിവരിച്ചു് അവരുടെ ഉൽക്കണ്ഠ അകററാൻ ശ്രമിച്ചു. മാതാപിതാക്കൾ, മക്കൾ തുടങ്ങിയ വിവിധ ബന്ധങ്ങളിലൂടെ ആത്മാക്കൾ സമ്മേളിക്കുന്നതു് സഞ്ചാരികൾ താല്ക്കാ

ലികമായി ഒത്തുചേരുന്നതുപോലെയാണെന്നു് അദ്ദേഹം അമ്മയെ ഉപദേശിച്ചു.

ബാലനായിരിക്കെത്തന്നെ പല അത്ഭുതങ്ങളും ശങ്കരൻ പ്രവൎത്തിച്ചുകൊണ്ടിരുന്നു. കനകധാരാസ്തോത്രത്തിലൂടെ സ്വൎണ്ണനെല്ലിക്ക വൎഷിച്ച കഥ തുടക്കത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ഇതാ അത്തരത്തിൽ മഹാത്ഭുതത്തിന്റെ മറെറാരു കഥ.

ശങ്കരന്റെ അമ്മ അതിഭക്തയായ ഒരു സ്ത്രീരത്നമായിരുന്നല്ലോ. ദിവസേന പുഴയിൽ പോയി കുളിച്ചു് ക്ഷേത്രദൎശനവും മററു പരിപാടികളും നിൎവഹിക്കുക എന്ന കാര്യത്തിൽ വലിയ നിഷ്കൎഷയായിരുന്നു അവൎക്കു്. ഒരു ദിവസം പുഴയിൽ കുളിച്ചുവരുമ്പോൾ വഴിയിൽ തളൎന്നു വീഴാനിടയായി. ആയിടെയായി അവരുടെ ആരോഗ്യത്തിനു സ്വല്പം കോട്ടം സംഭവിച്ചിട്ടുണ്ടായിരുന്നു. അമ്മ തളൎന്നുവീണ വാൎത്ത കേട്ടു് ശങ്കരൻ ഓടിയെത്തി. അമ്മയെ വാരിയെടുത്തു് ഇല്ലത്തു കൊണ്ടുപോയി കിടത്തി. ബോധം തെളിഞ്ഞപ്പോൾ ആര്യാംബയെ അലട്ടിയതു് രോഗമല്ല; തനിക്കിനി പുഴയിൽ പോയി കുളിക്കാൻ കഴിയില്ലല്ലോ എന്ന ദുഃഖമാണു്. വിവരമറിഞ്ഞപ്പോൾ ശങ്കരൻ അമ്മയെ ആശ്വസിപ്പിച്ചു. 'അമ്മേ, അമ്മ വിഷമിക്കേണ്ട. അമ്മയ്ക്കു് പുഴയിൽത്തന്നെ കുളിക്കാം. അതിനുവേണ്ട ഏൎപ്പാടു് ഞാൻ ചെയ്യാം.'

മകൻ പറഞ്ഞതിന്റെ പൊരുൾ അമ്മയ്ക്കു മനസ്സിലായില്ല. പിറേറന്നു രാവിലെ ആയപ്പോഴേ അതു പിടികിട്ടിയുള്ളു. തലേന്നു രാത്രിമുതൽ പുഴ അതിന്റെ സാധാരണ ഗതിവിട്ടു് ആ ഇല്ലത്തിന്റെ അരികിലൂടെ ഒഴുകാൻ തുടങ്ങിയിരുന്നു! ഉണ്ണിയായ ശങ്കരന്റെ പ്രാൎത്ഥനയുടെ ഫലമായിട്ടാണു് അതു സംഭവിച്ചതു് എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇപ്പോഴും കാലടി സന്ദൎശിക്കുന്ന ഒരാൾക്കു് പെരിയാർ ഒരു പ്രത്യേക സ്ഥലത്തുവച്ചു് പൊടുന്നനെ

ഗതിമാറി ശ്രീശങ്കരൻെറ ജന്മഗൃഹത്തിന്നരികിലൂടെ ഒഴുകുന്ന കാഴ്ച അത്ഭുതാദരങ്ങളോടെ മാത്രമേ ദർശിക്കാവുള്ളു.

ഇതിന്നിടയിൽ ആര്യാംബയുടെ മനസ്സിൽ മററു ചില മോഹങ്ങരം മൊട്ടിടാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. പൂന്താനത്തിൻെറ ജ്ഞാനപ്പാനയിൽ പറയുന്നപോലെ, 'ഉണ്ണിയുണ്ടായാൽ പിന്നെ വേരംപ്പിച്ചു് അതിലൊരു ഉണ്ണിയുണ്ടായിക്കണ്ടാവു ഞാൻ' എന്ന രീതിയിലാണല്ലോ മാതൃമനസ്സിൻെറ പോക്കു്.

കൂടുതൽ പാണ്ഡിത്യം കഴിയുന്ന വേഗം നേടുക എന്നതായിരുന്നു മകൻെറ പരിപാടി. നശ്വരമായ പ്രാപഞ്ചിക ജീവിതം ഉപേക്ഷിച്ചു് സന്യാസ ജീവിതം വരിക്കാനുള്ള മോഹത്തിനു് ശങ്കരനിൽ ശക്തി കൂടിക്കൂടിവന്നു. ശങ്കരൻെറ ഈ ചിന്താഗതി വൃദ്ധയായ മാതാവിനെ ദുഃഖിതയാക്കി. മകൻ സന്യാസിയായിക്കഴിഞ്ഞാൽ തൻെറ ജീവിതാന്ത്യത്തിൽ തന്നെ ശുശ്രൂഷിക്കാൻ ആരും ഉണ്ടാകില്ലെന്നതോ പോകട്ടെ. താൻ മരിച്ചുകഴിഞ്ഞാൽ തനിക്കു ശേഷക്രിയ ചെയ്യാൻപോലും ആളുണ്ടാവില്ല. സന്യാസിക്കു് ശേഷക്രിയ ചെയ്യാൻ വിധിയില്ലല്ലോ. മകനെക്കൊണ്ടു് വേരംപ്പിക്കുക തൻെറ എല്ലാ പ്രശ്നങ്ങരംക്കും പരിഹാരമായി ആ മാതാവു് ദർശിച്ചു. മകനെ അതിനുവേണ്ടി നിർബ്ബന്ധിക്കാനും തുടങ്ങി. പോരാത്തതിനു് മകൻെറ അല്പായുസ്സിനെക്കുറിച്ചും ആ അമ്മ മനസ്സിലാക്കിയിരുന്നല്ലോ. വൈധവ്യയോഗമില്ലാത്ത ഒരു പെൺകിടാവിനെ വേട്ടാൽ മകൻ ദീർഘായുസ്സാകും. അതുകൊണ്ടു് വിവാഹത്തിനുള്ള സമ്മർദ്ദം വർദ്ധിച്ചു.

ശങ്കരൻെറയും ഭാവിതലമുറകളുടെയും ഭാഗ്യത്തിനു് ഒരപ്രതീക്ഷിതമായ സംഭവം അരങ്ങേറി. ഒരു ദിവസം പുത്രനുമൊത്തു് ആ സാധ്വി നദിയിൽ കുളിക്കാൻപോയി. വെള്ളത്തിലിറങ്ങിയ മകൻെറ കാലിൽ ഒരു മുതല പിടികൂടി. എത്ര ശ്രമിച്ചിട്ടും എത്ര കുടഞ്ഞിട്ടും ആ ഘോരനക്രം

അതിൻെറ പിടി വിട്ടില്ല. ആലോചിച്ചപ്പോഠം ശങ്കരന്ന് കാര്യം മനസ്സിലായി.

ആ ബാലൻ അമ്മയെ നോക്കി ഇങ്ങനെ നിലവിളിച്ചു: 'എന്നെയിതാ ഒരു മുതല ആഴങ്ങളിലേക്ക പിടിച്ചു വലിക്കുന്നു. എന്നെ രക്ഷിക്കാൻ അമ്മയ്ക്കു മാത്രമേ കഴിയൂ. ഒരു സന്യാസിയായി ഉയൻപൊങ്ങാൻ അമ്മയെനിക്കു് അനുമതി തരണം. അമ്മേ, വേഗം എനിക്കു് അനുമതി തരൂ.'

രണ്ടു് ദുഃഖങ്ങഠം ഒരേ സമയത്തു വരുമ്പോഠം താരതമ്യേന കുറഞ്ഞ ദുഃഖം സ്വാഗതാൎഹമായിത്തോന്നുക മനുഷ്യസഹജമാണല്ലൊ. ആര്യാംബയ്ക്കും ഈ ആപദ്ഘട്ടത്തിൽ അതുതന്നെ തോന്നി. നിന്ന നില്പിൽതന്നെ മകനു സന്യാസത്തിനുള്ള സമ്മതം നല്കി. അടുത്ത നിമിഷം ശങ്കരൻ മുതലയുടെ വായിൽനിന്നും രക്ഷപ്പെട്ടു് കരയ്ക്കു കയറി.

അമ്മയെ കണ്ണീരിലാഴ്ത്തിക്കൊണ്ടാണു് മകൻ പോയതെങ്കിലും ചെയ്യാവുന്നതെല്ലാം ആ അരുമമകൻ മാതാവിനുവേണ്ടി ചെയ്തു. താൻ അടുത്തില്ലാത്ത കാലത്തു് ബന്ധുജനങ്ങളെക്കണ്ടു് മാതൃശുശ്രൂഷയ്ക്കു വേണ്ട ഏർപ്പാടുകളെല്ലാം മുൻകൂട്ടി ചെയ്യിച്ചു. മരണസമയത്തു് താൻ വന്നെത്തുമെന്നും ശേഷക്രിയ വിധിപോലെ ചെയ്തുകൊള്ളാമെന്നും അമ്മയ്ക്കു് ഉറപ്പു നല്കി. അങ്ങനെ മാതാവിൻെറ അനുഗ്രഹാശിസ്സുകളുമായി ശങ്കരൻ സ്വദേശം വിട്ടു.

## മൂന്നു്

സന്യാസം സ്വീകരിക്കാൻ ആദ്യമായി വേണ്ടതു് പററിയ ഒരു ഗുരുനാഥനാണു്. ഗുരുമുഖത്തുനിന്നു് കിട്ടുന്ന അറിവിൻെറ മഹിമ ഒന്നു വേറെതന്നെ. ധമ്മമാൎഗ്ഗത്തിൽ ചരി

കളേമ്പാറം കാൽ പതറാതിരിക്കാനും ഗുരുനാഥൻെറ സഹായം ആവശ്യമാണ്. 'ആചാര്യ ദേവോഭവ' എന്നതാണല്ലോ ഭാരതത്തിൻെറ പാരമ്പര്യം. ആചാര്യൻ ദൈവം തന്നെയാണ്.

തനിക്കു പരമജ്ഞാനം സാക്ഷാൽക്കരിച്ചുതരാൻ കഴിവുററ ഗുരുവിനെയും തേടി പല സ്ഥലങ്ങളും സന്ദർശിച്ച ശേഷം ശങ്കരൻ നർമ്മദാ നദീതീരത്തെത്തി. അവിടെ ഒരു മഹാപണ്ഡിതൻ താമസിക്കുന്ന കാര്യം ശങ്കരൻ അറിഞ്ഞിരുന്നു. പേരു് ഗോവിന്ദ ഭഗവത് പാദർ. നദീതീരത്തുള്ള ഒരു ഗുഹയിലാണ് ശിഷ്യരുമൊത്തു് ആ പണ്ഡിതശ്രേഷ്ഠൻ താമസിച്ചിരുന്നതു്.

ശങ്കരൻ ഗോവിന്ദ ഭഗവത് പാദരുമായി പരിചയപ്പെട്ട രംഗം നാടകീയമായിരുന്നുവത്രേ. ആ യുവയോഗിയെക്കണ്ടു് ഗുരു ചോദിച്ചു: 'കസ്ത്വം?' (നീയാരു്?) സാധാരണ ഇത്തരമൊരു ചോദ്യം കേട്ടാൽ പേരും ജന്മസ്ഥലവും മററു പ്രസക്തങ്ങളായ കാര്യങ്ങളുമാണല്ലോ അവതരിപ്പിക്കുക. ശങ്കരനാകട്ടെ, കുറെ സംസ്കൃത ശ്ലോകങ്ങളാണ് മറുപടിയായി ഗുരുവിൻെറ മുമ്പിൽ നിരത്തിയതു്. ഞാൻ ഭൂമിയല്ല, ഞാൻ വായുവല്ല, ഞാൻ ഇന്ദ്രിയങ്ങളല്ല, ഞാൻ ശരീരമല്ല. എന്നിങ്ങനെ വിശദീകരിച്ചുകൊണ്ടാണ് ശ്ലോകങ്ങളുടെ ആരംഭം. ഇതൊന്നുമല്ലാത്ത താൻ അദ്വൈതമായ ആത്മാവ് അഥവാ പരമാത്മാവു് ആണെന്നു വിശദീകരിച്ചുകൊണ്ടാണ് ശ്ലോകങ്ങൾ സമാപിക്കുന്നതു്. ശ്ലോകങ്ങളിലെ ദ്വയാത്ഥപ്രയോഗങ്ങൾ അവയുടെ കത്താവിൻെറ അസാമാന്യ പാണ്ഡിത്യത്തെയും വെളിപ്പെടുത്തി.

ശങ്കരൻെറ മറുപടി ഗോവിന്ദ ഭഗവത് പാദരെ അതിശയിപ്പിക്കുക മാത്രമല്ല, ആനന്ദതുന്ദിലനാക്കുകയും ചെയ്തു. തൻെറ മുമ്പിൽ നില്ക്കുന്നതു് സാക്ഷാൽ പരമശിവൻെറ അവതാരംതന്നെയാണെന്നു് ഗുരുവിനു് ബോദ്ധ്യപ്പെട്ടു.

സനാതനധർമ്മത്തിൻെറ ശ്രേയസ്സ് പുനഃപ്രതിഷ്ഠിക്കലാണ് അവതാരലക്ഷ്യമെന്നും ഗുരുനാഥൻ മനസ്സിലാക്കി. പിന്നെ സംശയമൊന്നുമുണ്ടായില്ല. പരമഹംസർ സന്യാസം നൽകി ശിഷ്യനെ അനുഗ്രഹിച്ചു.

ഗുരുവിൻെറ അദ്വൈതോദ്ബോധനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അങ്ങനെ നർമ്മദാ നദീതീരത്ത് നിവസിക്കുമ്പോൾ ഒരു വിചിത്ര സംഭവം നടന്നു. തോരാത്ത മഴ നദീതീരത്തുള്ള ഗ്രാമങ്ങളെ മുഴുവൻ വെള്ളത്തിലാക്കിത്തുടങ്ങി. നർമ്മദാനദി കരകവിഞ്ഞൊഴുകി. സർവനാശത്തിൻെറ സന്ദേശവുമായി മഴവെള്ളം ഗോവിന്ദ ഭഗവത് പാദരുടെ ഗുഹാമുഖത്തുമെത്തി. ശിഷ്യന്മാർ ഭയചകിതരായി. ഗുരുവാണെങ്കിൽ ധ്യാനത്തിലിരിപ്പും. എല്ലാ കണ്ണുകളും ശങ്കരനിൽ പതിച്ചു. ശങ്കരൻ അവസരത്തിനൊത്തുയൎന്നു. ജലാകർഷണമന്ത്രം ഉച്ചരിച്ചുകൊണ്ട് അദ്ദേഹം തൻെറ കമണ്ഡലു (കിണ്ടി) ഗുഹാമുഖത്ത് സ്ഥാപിച്ചു. വമ്പിച്ച ഒരണക്കെട്ടിനുപോലും കഴിയാത്ത കാര്യം ആ കൊച്ചു കമണ്ഡലുവിനു ചെയ്യാൻ കഴിഞ്ഞു. ആർത്തലച്ചുവന്ന വെള്ളം, മന്ത്രവാദിയെ കണ്ട യക്ഷിയെപ്പോലെ ആദ്യമൊന്നറച്ചുനിന്നു. പിന്നെ, പിന്തിരിഞ്ഞോട്ടമായി!

ധ്യാനത്തിൽനിന്നുണർന്ന ഗുരുനാഥൻ ഉണ്ടായ സംഭവമെല്ലാം അറിഞ്ഞു. വ്യാസഭഗവാൻെറ ഒരു പ്രവചനം പെട്ടെന്ന് സ്മരണയിൽ വന്നു. നർമ്മദയിലെ വെള്ളപ്പൊക്കം മന്ത്രശക്തികൊണ്ട് തടയാൻ കഴിയുന്ന ആൾക്ക് ബ്രഹ്മസൂത്രത്തിൻെറ ഭാഷ്യം രചിക്കാൻ കഴിയും എന്നതായിരുന്നു പ്രവചനം. ഭാരതത്തിൻെറ ആദ്ധ്യാത്മികതലസ്ഥാനമായ കാശിയിലേക്കു പോകാനും അവിടെ ചെന്ന് ബ്രഹ്മസൂത്രത്തിനും ഉപനിഷത്തുകൾക്കും ഭഗവദ്ഗീതയ്ക്കും ഭാഷ്യങ്ങൾ രചിക്കുവാനും ഗോവിന്ദ ഭഗവത് പാദർ തൻെറ പ്രിയ ശിഷ്യനെ ഉപദേശിച്ചു.

ഗുരുനാഥൻെറ ആജ്ഞ ശിരസ്സാ വഹിച്ചു മാത്രം

ശീലമുള്ള ശങ്കരൻ അങ്ങനെ കാശിയാത്രയ്ക്കുള്ള തയ്യാറെടുപ്പ് തുടങ്ങി. ഇതിനിടയ്ക്ക് ഗുരുവിന്റെ നിർദ്ദേശപ്രകാരം ശങ്കരൻ പല കൃതികളും രചിച്ചുകഴിഞ്ഞിരുന്നു, 'ആത്മ ബോധം' എന്ന പേരിലറിയപ്പെടുന്ന കൃതി ഇവയിലുൾപ്പെടുന്നു. പുതുതായി ആശ്രമത്തിൽ വരുന്ന അന്തേവാസികളെ ഉദ്ദേശിച്ചായിരുന്നുവത്രേ ഈ ഗ്രന്ഥരചന. ഗഹനങ്ങളായ വേദാന്തസത്യങ്ങൾ നിത്യജീവിതത്തിൽനിന്ന് എടുത്ത ഉപമകളിലൂടെ ശങ്കരൻ ഈ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു. കൂരിരുട്ടിനെ പ്രകാശംകൊണ്ടെന്നപോലെ, അവിദ്യയെ വിദ്യകൊണ്ട് തുടച്ചു നീക്കാൻ ഈ കൃതി ഉദ്ബോധിപ്പിക്കുന്നു. കലങ്ങിയ വെള്ളത്തെ തെളിയിക്കാൻ 'തേററാംപാരലിന്നു' കഴിയുന്നതുപോലെ അജ്ഞാന കാലുഷ്യത്തെ നീക്കാൻ ജ്ഞാനത്തിനു കഴിയുമെന്നു സമർത്ഥിക്കുന്നു. 'അഹം ബ്രഹ്മാസ്മി' എന്ന മന്ത്രം നിരന്തരം ഉരുവിട്ടുകൊണ്ട് അവിദ്യമൂലമുണ്ടാകുന്ന ചിത്തഭ്രമങ്ങളെ ചികിത്സിച്ചു ഭേദമാക്കാൻ ഈ ഗ്രന്ഥം ആഹ്വാനം ചെയ്യുന്നു. 'ആത്മബോധം' എന്ന ഈ കൃതി മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ പാനയായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

കറകളഞ്ഞ ഗുരുഭക്തിക്ക് ഒരു നിത്യനിദർശനമായിരുന്നു ശങ്കരൻ. തന്റെ കൃതികളിലെല്ലാം ഗുരുവിനോടുള്ള തന്റെ കടപ്പാട് അദ്ദേഹം ആവർത്തിച്ച് പ്രഖ്യാപിക്കുന്നുണ്ട്. 'വിവേകചൂഡാമണി'യുടെ ആരംഭത്തിലും 'പ്രബോധസുധാകര'ത്തിന്റെ അന്ത്യത്തിലും ഗോവിന്ദ ഭഗവത് പാദരെ സാദരം നമസ്കരിക്കുന്ന ഭാഗങ്ങളുമുണ്ട്. പ്രാർത്ഥനാപ്രധാനമായ 'ഭജഗോവിന്ദം' എന്ന കൃതിയിലും 'ഗോവിന്ദ'നെ ഭജിക്കാനാണല്ലോ ശ്രീശങ്കരൻ നമ്മോടാവശ്യപ്പെടുന്നത്. വിഷ്ണുഭഗവാന് ആയിരം പര്യായങ്ങളുണ്ട്. ഗോവിന്ദൻ എന്നു പര്യായംതന്നെ ആവർത്തിച്ചുപയോഗിക്കാൻ ശ്രീശങ്കരനെ പ്രേരിപ്പിച്ചതു് തന്റെ ഗുരുവി

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം.

നെക്കൂടി അതിലൂടെ സ്മരിക്കാമല്ലോ എന്ന ചിന്തയല്ലാതെ മറെറന്താണു്?

അക്കാലത്തു് ഗുരുശിഷ്യന്മാർ തമ്മിൽനിലനിന്ന സ്നേഹബഹുമാനങ്ങൾ അത്ഭുതാവഹംതന്നെ. തിരിയിൽനിന്നു കൊളുത്തിയ പന്തമെന്നപോലെ ഗോവിന്ദനിൽനിന്നു വിദ്യനേടിയ ശ്രീശങ്കരൻ ഒരു ആശ്ചര്യ ദൃശ്യമായി വിരാജിച്ചു.

GC 1963
കുട്ടികളുടെ വിഭാഗം

## നാലു്

ശ്രീശങ്കരൻ കാശിയിലേക്കു് യാത്ര പുറപ്പെട്ടിരിക്കുന്നു എന്ന വാർത്ത നാട്ടിൽ ഉടനീളമുള്ള പണ്ഡിതവൃത്തങ്ങളിൽ പരന്നു. അദ്ദേഹത്തിൻെറ സമാഗമം പ്രതീക്ഷിച്ചുകൊണ്ടു് പല പണ്ഡിതന്മാരും കാശിയിലേക്കു നീങ്ങി.

ഗോവിന്ദ ഭഗവത് പാദരിൽനിന്നു് അദ്വൈതവേദാന്തത്തിൻെറ 'തിയറി' മുഴുവൻ പഠിച്ചുകഴിഞ്ഞിരുന്നു എന്നതു ശരിതന്നെ. എന്നാൽ 'പ്രാക്ടിക്കൽ' ശ്രീശങ്കരൻ ചെയ്തു തീർത്തിട്ടില്ലായിരുന്നു. ജീവിതത്തിൻെറ എല്ലാ വശങ്ങളും അനുഭവിച്ചറിഞ്ഞിട്ടില്ല. ആധ്യാത്മികജ്ഞാനം മസ്തിഷ്ക്കത്തിൽ മാത്രം ചുമന്നു നടക്കുന്നവർ കുങ്കുമം ചുമക്കുന്ന ഗർദഭം പോലെയാണെന്നു് ഭക്തകവി പൂന്താനം പറഞ്ഞിട്ടുണ്ടല്ലോ. ജ്ഞാനം നിത്യജീവിതത്തിലേക്കു പകർത്തുമ്പോഴേ അതിനു പരിപൂർണ്ണത ലഭിക്കുന്നുള്ളു. ശ്രീശങ്കരനെപ്പോലുള്ള ഒരു സന്യാസിവര്യനുപോലും ഇതു മനസ്സിലാക്കാൻ സ്വല്പം സമയം വേണ്ടിവന്നു. കാശിയിലെ പൊതു നിരത്തിൽ വെച്ചുണ്ടായ ഒരു സംഭവമാണു് ശ്രീശങ്കരൻെറ കണ്ണു തുറപ്പിച്ചതും ആത്മപരിശോധനയ്ക്കു് അദ്ദേഹത്തെ നിർബ്ബന്ധിച്ചതും.

ഒരു ദിവസം ശ്രീശങ്കരൻ കാശിനഗരത്തിലെ ഒരു വീഥിയിലൂടെ നടന്നു നീങ്ങുകയാണ്. പെട്ടെന്ന് അദ്ദേഹത്തിൻെറ മുഖഭാവം മാറുന്നത് കൂടെയുള്ളവർ ശ്രദ്ധിച്ചു. ആ പുരികങ്ങൾ ചുളിയുന്നു. കണ്ണുകൾ ചെമക്കുന്നുണ്ടോ? മുന്നിലേക്കു നോക്കിയപ്പോൾ സംഭവത്തിൻെറ വിശദീകരണം അവക്ക് പെട്ടെന്ന് ലഭിച്ചു.

ഒരു ചണ്ഡാലൻ നാലു പട്ടികളെ കയറിട്ടു പിടിച്ചുകൊണ്ട് എതിരേ വരികയാണ്. ബ്രാഹ്മണർ പോകുന്ന വഴിയിൽ ചണ്ഡാലൻ! അതും മ്ലേച്ഛ മൃഗങ്ങളേയും നയിച്ചുകൊണ്ട്! ധിക്കാരത്തിനും വേണ്ടേ ഒരതിര്. താൻ ബ്രാഹ്മണനാണെന്നും ചണ്ഡാലൻ ഉടനെ മാറിപ്പോകണമെന്നും ശ്രീശങ്കരൻ കല്പിച്ചു. സന്ധ്യാവന്ദനത്തിന് ഗംഗാതീരത്തേക്കു പോകുന്ന തൻെറ പരിശുദ്ധിക്ക് ഭംഗം വരുന്നത് അദ്ദേഹത്തിന് അസഹനീയമായിത്തോന്നി.

അതൊരു പരീക്ഷണമായിരുന്നു, ദൈവികമായ പരീക്ഷണം. പാവം ശ്രീശങ്കരനുണ്ടോ അറിയുന്നു, ചണ്ഡാലവേഷം ധരിച്ചു വന്നത് സാക്ഷാൽ പരമശിവനായിരുന്നുവെന്ന്! കൂടെയുണ്ടായിരുന്ന നാലു പട്ടികളാകട്ടെ, നാലു വേദങ്ങളും!

വഴിമാറിപ്പോകാൻ ആവശ്യപ്പെട്ട ബ്രാഹ്മണൻെറ ക്രോധാവേശം ചണ്ഡാലനെ ഭയപ്പെടുത്തിയതായി കണ്ടില്ല. അക്ഷോഭ്യനായി അവൻ ചോദിച്ചു: 'ഒന്നും അറിയാത്ത പാമരനാണ് അടിയൻ. എങ്കിലും മഹാപണ്ഡിതനായ അങ്ങയോട് ഒന്നു ചോദിച്ചുകൊള്ളട്ടെ.അങ്ങ് സൂചിപ്പിച്ച തീണ്ടൽ ദേഹത്തിനാണോ ദേഹിക്കാണോ? മനുഷ്യദേഹം വെറും മണ്ണാണ്. മണ്ണിലൂടെ നടക്കുന്നവക്ക് മണ്ണെങ്ങനെ തീണ്ടൽവസ്തുവാകും? ദേഹിയാണെങ്കിൽ പരമാത്മാവിൻെറ ഒരംശമാണ്. അതിനെങ്ങനെ തീണ്ടൽ ഉണ്ടാകും? സൂര്യൻെറ രശ്മികൾ മണിമാളികയിലെന്നപോലെ

ചണ്ഡാലൻെറ ചെററപ്പുരയിലും പതിക്കാറുണ്ട്. സൂര്യന് ഇല്ലാത്ത അയിത്തം ഉണ്ടാകാൻ സൂര്യനെക്കാരം പ്രഭാവമുള്ളവരാണോ ബ്രാഹ്മണർ?

താണകുപ്പികൊണ്ടുള്ള ചണ്ഡാലൻെറ ഈ ചോദ്യശരങ്ങരംക്കു മുമ്പിൽ മഹാപണ്ഡിതനായ ശ്രീശങ്കരൻ ചൂളിപ്പോയി. അദ്ദേഹത്തിന് ആയുധം വെച്ച് കീഴടങ്ങേണ്ടിവന്നു. അതോടുകൂടി അദ്ദേഹത്തിനു ശരിയായ ബുദ്ധിയും ഉദിച്ചു. തൻെറ അവിദ്യ അകററി കണ്ണു തുറപ്പിച്ചുതന്ന ചണ്ഡാലൻെറ മുമ്പിൽ ശ്രീശങ്കരൻ സാഷ്ടാംഗപ്രണാമം ചെയ്തു. അതോടെ ചണ്ഡാലനെ യഥാർത്ഥമായ ദിവ്യരൂപത്തിൽ ദർശിക്കാനുള്ള ഭാഗ്യവും ശ്രീശങ്കരന് ലഭിച്ചു.

മഹാകവി ഉള്ളൂർ പ്രസിദ്ധമായ ഒരു പദ്യത്തിലൂടെ ഈ സംഭവം വിവരിക്കുന്നുണ്ട്. അതിൽ ശ്രീശങ്കരൻ അവസാനം പറയുന്ന വാക്കുകരം ഇതാണ്:

പൂജ്യപാദനായുള്ള
ഗോവിന്ദ ഗുരുവോടും
പ്രാജ്ഞ്യമാമീ വിദ്യ ഞാൻ
പാതിയേ പഠിച്ചുള്ളൂ
അങ്ങു താൻ തദുൽ പ്രന്ഥ
ശിക്ഷകൻ യാവജ്ജീവ
മങ്ങേയ്ക്കേൻ സഭാജന
മദ്വൈത പ്രവക്താവേ!

ആത്മീയ ഐക്യം പുനഃസ്ഥാപിക്കാനുള്ള മാർഗ്ഗത്തിലെ ആദ്യത്തെ ചുവടുവെയ്പ് ജാതിചിന്ത തുടച്ചു നീക്കലാണെന്ന് അങ്ങനെ, ശ്രീശങ്കരൻ മനസ്സിലാക്കി.

കാശിയിൽവെച്ചാണ് ഒരു ശിഷ്യവൃന്ദത്തെ സമാഹരിക്കുവാൻ ശ്രീശങ്കരനു കഴിഞ്ഞത്. ശ്രീശങ്കരൻെറ ശിഷ്യന്മാരിൽ പ്രഥമഗണനനീയൻ വിഷ്ണുശർമ്മൻ എന്ന യുവാവായിരുന്നു. സനന്ദനൻ എന്ന പേരിലും പത്മപാദൻ എന്ന പേരിലും ഈ ശിഷ്യൻ അറിയപ്പെടുന്നുണ്ട്.

വിഷ്ണുശൎമ്മൻ വെട്ടത്തുകാരൻ നമ്പൂതിരിയാണെന്നും അതല്ല, ചോളദേശക്കാരനായ തമിഴ് ബ്രാഹ്മണനാണെന്നും രണ്ടഭിപ്രായമുണ്ട്. ആ വിവാദത്തിൻെറ പൊരുൾ എന്തായാലും ഈ ശിഷ്യനാണ് ശ്രീശങ്കരൻെറ പ്രത്യേക വാത്സല്യത്തിന് പാത്രമായിരുന്നതു്. വിഷ്ണുശൎമ്മന് സന്യാസം സ്വീകരിച്ചശേഷം, ലഭിച്ച പേരായിരുന്നു സനന്ദനൻ എന്നതു്.

പത്മപാദൻ എന്ന പേർ ആ യുവാവിനു ലഭിച്ചതിനെക്കുറിച്ചു് പ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ട്. ഒരിക്കൽ ഗംഗാനദീതീരത്തുവച്ചു് അക്കരെ നില്ക്കുന്ന തൻെറ ശിഷ്യന്മാരോട് അടുത്തുവരാൻ അടയാളം കാണിച്ചുവത്രെ ശങ്കരാചാൎയ്യർ. ആചാൎയ്യരുടെ നിൎദ്ദേശം ശിഷ്യന്മാരെ വല്ലാതെ വിഷമത്തിലാക്കി. ജലപ്പരപ്പിലേക്ക് എടുത്തു ചാടുകയോ! വള്ളമില്ലാതെ എങ്ങനെ നദിയുടെ അക്കരെ പററും?

പക്ഷേ, സനന്ദനന് ഒരു സംശയവുമുണ്ടായില്ല. ഗുരു വിളിച്ചാൽ പോകേണ്ടതു് തൻെറ കടമ. ഗുരുവിൻെറ കഴിവിൽ പരിപൂൎണ്ണ വിശ്വാസമുണ്ടായിരുന്ന ആ ശിഷ്യൻ ഒരു പുൽക്കൊടിയെ വള്ളമായി സങ്കല്പിച്ചു് വെള്ളത്തിലേക്കിറങ്ങി. എന്നിട്ട് വെള്ളത്തിൽ കാൽവെച്ചു. സനന്ദനൻെറ ഓരോ കാൽവെയ്പിനടിയിലും ഓരോ താമരപ്പൂ ഉയൎന്നു പൊങ്ങി. അങ്ങനെ പത്മപാദനായി മറുകരയിലെത്തി ഗുരുവിൻെറ മുമ്പിൽ കുനിഞ്ഞുനിന്നു. ഇതു കണ്ട മററു ശിഷ്യന്മാർ എത്ര കണ്ട് ഇളിഭ്യരായി എന്നു പറയേണ്ടതില്ലല്ലോ.

സനന്ദനനോട് ശങ്കരാചാൎയ്യൎക്കുള്ള പ്രത്യേക വാത്സല്യം മററു ശിഷ്യന്മാരെ അല്പം അസൂയാലുക്കളാക്കിയിരുന്നുവത്രേ. സനന്ദനനു് തൻെറ പ്രത്യേക വാത്സല്യം ലഭിച്ചിട്ടുണ്ടെങ്കിൽ അവന് അതിനുള്ള അൎഹതയും ഉണ്ട് എന്നു

മററു ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്താൻ ഈ സംഭവത്തിലൂടെ ആചാര്യക്കു കഴിഞ്ഞു.

സനന്ദനന്റെ ആദ്യകാല ജീവിതം പിന്നീടു വരാനിരിക്കുന്ന ആദ്ധ്യാത്മിക ഔന്നത്യത്തിന്റെ പ്രതിജ്ഞകളോ സൂചനകളോ തീരെ നൽകാത്ത രീതിയിലായിരുന്നു. കേരളത്തിലെ വെട്ടത്തുനാട്ടിൽ തൃക്കണ്ടിയൂർ എന്ന ഗ്രാമത്തിൽ ഒരു ദരിദ്ര ബ്രാഹ്മണന്റെ മകനായിട്ടാണ് വിഷ്ണുശർമ്മൻ ജനിച്ചത്. അച്ഛനായ സോമശർമ്മൻ നരസിംഹരൂപത്തിലുള്ള വിഷ്ണുഭഗവാനെ കുലദൈവമായി ഭജിച്ച് ആരാധിച്ചു. വിഷ്ണുശർമ്മന്ന് ഉപനയനത്തിനുശേഷം വേദവേദാന്താദികളിൽ പരിശീലനം നൽകപ്പെട്ടു.

സമാവർത്തനം കഴിഞ്ഞ് ഇല്ലത്ത് താമസമാക്കിയപ്പോൾ ബ്രാഹ്മണ സഹജമല്ലാത്ത ചില താല്പര്യങ്ങൾ വിഷ്ണുശർമ്മനിൽ കടന്നുകൂടി. ബ്രാഹ്മണവൃത്തി തുടർന്നാൽ കുടുംബദാരിദ്ര്യത്തിന് പരിഹാരം കാണാനൊക്കുകയില്ലെന്ന് അയാൾക്കു തോന്നി. അങ്ങനെ അയാൾ വൈശ്യവൃത്തിയായ വ്യാപാരത്തിലേക്ക് ആകൃഷ്ടനായി കയ്യിലുള്ള പണം മൂലധനമാക്കി ഉല്പന്നങ്ങൾ വാങ്ങുവാനും വിററു ലാഭമുണ്ടാക്കുവാനും തുടങ്ങി. ഉല്പന്നങ്ങൾ ഭാണ്ഡത്തിലാക്കി ചുമന്ന് ഇല്ലങ്ങൾതോറും സഞ്ചരിച്ച് വില്പന നടത്തുകയായിരുന്നു ആദ്യത്തെ പരിപാടി.

ക്രമേണ ഇല്ലത്തെ ദാരിദ്ര്യം തീർന്നുതുടങ്ങി. പക്ഷേ, കിട്ടിയതുകൊണ്ട് തൃപ്തിപ്പെടുന്നതിനു പകരം വ്യാപാരം വികസിപ്പിക്കാനാണ് അയാൾ ശ്രമിച്ചത്. പടിപടിയായി ഉയർന്ന് അയാൾ ഒരു വ്യാപാരസംഘത്തിന്റെ തലവനായി. വണ്ടിയും കാളയും കോവർകഴുതയും മററുമുള്ള ആ സംഘത്തിന്റെ പ്രവർത്തനരംഗം കേരളാതിർത്തി വിട്ട് പരദേശങ്ങളിലേക്ക് നീങ്ങി.

ഒരു ദിവസം ആൾക്കാരും സാധനങ്ങളുമായി കച്ചവടസംഘം ഒരു കാട്ടുവഴിയിലൂടെ നീങ്ങുകയായിരുന്നു. നേരം

അസ്തമനത്തോടടുത്തു. ഒരു നദീതീരം കണ്ടപ്പോഠം അവിടെ താവളമടിക്കാൻ തീരുമാനിച്ചു. യാത്രാക്ഷീണംകൊണ്ടു സംഘത്തിലുണ്ടായിരുന്നവരെല്ലാം ഭക്ഷണം കഴിഞ്ഞയുടനെ ഉറക്കമായി. സംഘത്തലവനായ വിഷ്ണുശമ്മന മാത്രം ഉറക്കം വരുന്നില്ല.

ഈ ഘട്ടത്തിലാണു് ഒരു കവർച്ചസംഘം രംഗത്തെത്തുന്നതു്. ആയുധധാരികളായി കടന്നുവന്ന ആ തസ്കര സംഘത്തിൻെറ മുന്നിൽ വിഷ്ണുശമ്മൻ നിസ്സഹായനായി. അയാഠം ഇരുട്ടിൽ അടുത്തുള്ള പാറപ്പുറത്തേക്ക മാറിയിരുന്നു. തൻെറ എല്ലാമെല്ലാം നഷ്ടപ്പെട്ട കടുത്ത ദുഃഖം അയാളെ ഒരു തത്വചിന്തകനാക്കി മാററി. ഇതൊക്കെയാരുടെ മുതലു്? തൻെറ കയ്യിൽ താത്ക്കാലികമായി വന്നുവെന്നുമാത്രമല്ലേ ഉള്ള! കള്ളന്മാക്കതന്നെ ഇതെത്രകാലം സ്വന്തമാക്കിവെക്കാൻ കഴിയും? കള്ളന്മാർ വന്നു തട്ടിയെടുത്തില്ലെങ്കിലും മരണസമയത്തു് ഈ മുതലെല്ലാം കൂടെ കൊണ്ടുപോകാൻ തനിക്ക കഴിയുമോ? താനെന്നുപറഞ്ഞാൽതന്നെ ആരാണു്? ഈ വെറും ശരീരമാണോ?

മനസ്സിൽ തുരുതുരെ പൊട്ടിമുളച്ച ഈ ചോദ്യങ്ങഠക്കുത്തരം കണ്ടുപിടിക്കാൻ ശ്രമിച്ച വിഷ്ണുശമ്മൻ ആകെ കുഴങ്ങി. ഏതായാലും പോയതു പോയി. ഒരുപക്ഷേ, ഇതായിരിക്കാം ദൈവേച്ഛ. 'ചോരനപഹരിക്കാത്ത ശാശ്വത ശാന്തിധനം' ആകണം ഇനി തൻെറ ലക്ഷ്യം എന്നു് അയാഠം തീരുമാനിച്ചു. ഒരു ഗുരുവിനെയും അന്വേഷിച്ചു കൊണ്ടുള്ള നീണ്ട യാത്ര അതോടെ ആരംഭിച്ചു. ആ അന്വേഷണത്തിൻെറ പരിസമാപ്തിയായിരുന്നു കാശിയിൽ ഗംഗാതീരത്തുവെച്ചു് ശങ്കരാചാര്യരുമായി കണ്ടുമുട്ടിയതും ആ ജഗദ്ഗുരുവിൻെറ ശിഷ്യത്വം സ്വീകരിച്ചതും.

ശങ്കരാചാര്യരുടെ ശിഷ്യന്മാരിൽ മുഖ്യനായ ഈ സനന്ദനനെപ്പററിയുള്ള മറെറാരു ഐതിഹ്യം മഹാകവി

ഉള്ളൂരിൻെറ ഭക്തിദീപിക എന്ന ഖണ്ഡകാവ്യത്തിൽ വിവരിച്ചിട്ടുണ്ട്.

ആലത്തൂർ ഗ്രാമക്കാരനായ സനന്ദനൻ ആദ്യകാലത്തു് സ്വന്തം കുലദൈവമായ നരസിംഹമൂർത്തിയെ പ്രത്യക്ഷീകരിക്കാൻ കഠിനമായ തപസ്സ് അനുഷ്ഠിക്കുകയുണ്ടായിട്ടുണ്ടെന്നു പറയപ്പെടുന്നു. മാധവാചാര്യരുടെ ശങ്കരവിജയം എന്ന കാവ്യത്തിൽ ഇതിനെപ്പററി വ്യക്തമായ പരാമർശം കാണുന്നുണ്ട്.

സനന്ദനൻ ഒരിക്കലും കാമക്രോധലോഭാദി വികാരങ്ങൾക്ക് വിധേയനായിരുന്നില്ല. യമനിയമാദികളെല്ലാം ശീലിച്ച് പരിപൂർണ്ണമായ മനോനിയന്ത്രണം നേടിയവനായിരുന്നു. മനസ്സ് എന്ന മഹാശത്രുവിൻെറമേൽ വിജയം നേടിയ ഭാഗ്യശാലി.

എന്നാൽ ഒന്നുണ്ട്: വിദ്യാഗർവം വിട്ടുപോയിട്ടില്ല. തന്നെപ്പോലൊരു തികഞ്ഞ പണ്ഡിതൻ ഭൂമുഖത്തു വേറെയില്ല എന്നൊരു അഹങ്കാരം. നരസിംഹമൂർത്തിയെ പ്രത്യക്ഷപ്പെടുത്താനുള്ള മഹാസംരംഭത്തിൻെറ പിന്നിലെ പ്രേരണാ ശക്തിയും ഈ അഹങ്കാരംതന്നെയായിരുന്നു. നരസിംഹപ്രീതി സമ്പാദിച്ച് വാദിവാരണധ്വംസം (എതിരിടാൻ വരുന്ന പണ്ഡിതന്മാരാകുന്ന ആനകളെ തകർക്കാനുള്ള വരം) എന്ന വരം നേടാനായിരുന്നു സനന്ദനൻെറ സംരംഭം.

എത്ര തപസ്സനുഷ്ഠിച്ചിട്ടും, എത്രമേൽ മനസ്സിനെ ഏകാഗ്രമാക്കിനിർത്തിയിട്ടും നരസിംഹമൂർത്തി പ്രത്യക്ഷപ്പെടുന്നില്ല. മൂക്കിൻെറ ഇരുവശത്തേക്കും നീണ്ടുനില്ക്കുന്ന മീശ; എണ്ണീററു കുടയുമ്പോൾ വിടർന്നുവരുന്ന വെളുത്ത സടാഭാരം; മുമ്പിൽ വരുന്ന ഏതു ജീവിയുടെയും ചൈതന്യം അപ്പാടേ ഊററിക്കുടിക്കുന്ന ആ നോട്ടം; കാടകമാകെ കിടിലം കൊള്ളിക്കുന്ന ആ ഗംഭീരഗർജ്ജനം—സനന്ദനൻ പലതരത്തിലും ധ്യാനിച്ചുനോക്കി. മനസ്സിൽ നിഴലിക്കുന്നതു് പ്രഹ്ലാദ

ൻെറ രൂപംമാത്രം. നരസിംഹമൂർത്തി അകന്നകന്നുപോകുന്നതുപോലെ.

അവരുടെ തറവാട്ടുവക ചാളകളിലൊന്നിൽ പാർത്തിരുന്ന നായാടിച്ചാത്തൻ ഏറെനാളായി കൊച്ചുതമ്പുരാൻെറ ഈ മാററം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ചാത്തൻ നിരക്ഷരകുക്ഷിയായാലെന്താ—അവനു് കാര്യവിവരമുണ്ടു്. ബുദ്ധിയുണ്ടു്. കൊച്ചുതമ്പുരാൻെറ സുഖക്കേടു് അവനു പിടികിട്ടി.

'തമ്പുരാൻ വിഷമിക്കണ്ട. നരസിംഹത്തെ ഞാൻ പിടിച്ചുകൊണ്ടുവരും. എനിക്കു നായാട്ടിൽ തേടിപ്പിടിക്കാനാവാത്ത ഒരു ജീവിയുമില്ല....'തമ്പുരാനെ ഇങ്ങനെ ആശ്വസിപ്പിച്ചെങ്കിലും, ചാത്തൻ നായാട്ടിനൊന്നും പോയില്ല.

കണ്ണു രണ്ടുമടഞ്ഞു കവീന്ദ്രനു
കണ്ണനിൽതന്നെ ചെന്നുറപ്പൂ മനം'

എന്നു പറഞ്ഞക്രമത്തിൽ ചാത്തൻെറ അശിക്ഷിതമായമനസ്സു് നരസിംഹമൂർത്തിയിൽത്തന്നെ ചെന്നു ലയിച്ചു. ഏകാഗ്രമായ ധ്യാനം. ചെറിയ മനസ്സു്,അതു നിറയെ നരസിംഹമൂർത്തിയും.

അവൻെറ അന്തരാത്മാവിൽത്തന്നെ സ്ഥിതിചെയ്യുന്ന നരസിംഹമൂർത്തിക്കു് ഈ ധ്യാനനിഷ്ഠയാലും അന്വേഷണത്വരയാലും ഇരിക്കപ്പൊറുതിയില്ലാതായി, സഹികെട്ടു.

അതാ, നരസിംഹമൂർത്തി ചാത്തൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു.

പക്ഷേ, ഇതു് എന്തൊരത്ഭുതം! കഷ്ടിച്ചു് രൂപസാമ്യമുണ്ടെന്നു പറയാം;പക്ഷേ, ഭാവം? അതേ, പശുവിലും പശുവായ, മാനിലും മാനായ, ശാന്തഭാവം. ഒരു മഹർഷിയുടെ മുഖച്ഛായയാണോ അവിടെ തെളിയുന്നതു്!

ചാത്തനു് അതൊന്നും നോട്ടമില്ല. താൻ ധ്യാനിച്ച

നരസിംഹമൂർത്തി ഇതാ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവന്റെ കണ്ണുകളിൽ ആനന്ദബാഷ്പം നിറഞ്ഞു തുളുമ്പി.

മുമ്പിൽ വന്നുകിട്ടിയതല്ലേ, ഇനി പിടിവിട്ടുകൂടാ, കൊച്ചുതമ്പുരാന്റെ കാര്യമാണ്, താൻ വാക്കുപറഞ്ഞതാണ്—ചാത്തന്റെ ബുദ്ധി ഉണർന്നു പ്രവർത്തിച്ചു.

അവൻ നരസിംഹമൂർത്തിയെ കെട്ടിപ്പിടിച്ചു. അങ്ങനെതന്നെ, ആടിനെ കയറിട്ടു പിടിക്കുംപോലെ പിടിച്ചു കെട്ടി സനന്ദനന്റെ മുമ്പിൽ കൊണ്ടുചെന്നു:

'ആറു ശിങ്കം ചാരത്തിതാ
നില്ക്കുന്നു തൃക്കൺ പാർക്കാം
വാശ്ശുത്തും കൊതിച്ചതെൻ
തമ്പുരാന്നിതൊന്നല്ലി?'

സനന്ദനൻ മഹാബുദ്ധിശാലിയാണല്ലോ. ചാത്തന്റെ മൊഴി കേട്ടു കൺതുറന്ന സനന്ദനൻ കാണേണ്ടതു കണ്ടു; കേൾക്കേണ്ടതു കേട്ടു; പഠിക്കേണ്ടതു പഠിച്ചു.

ഭഗവത്ഭക്തിയുടെ മാനദണ്ഡം പാണ്ഡിത്യമല്ല; പാണ്ഡിത്യം കൊണ്ട് അഹങ്കരിക്കുന്നതിൽപരം ഒരു ദോഷത്തമില്ല. അഹന്തയെ, അഹങ്കാരത്തെ അലിയിച്ചലിയിച്ച് ഇല്ലാതാക്കാൻ കഴിയണം; ഞാനെന്ന ഭാവം ഇല്ലാതാവണം—അതാണ്, ശരിയായ പഠിപ്പ്.

ആത്മബോധം തെളിഞ്ഞ സനന്ദനൻ നരസിംഹമൂർത്തിയെ കൈകൂപ്പിത്തൊഴുതു പ്രാർത്ഥിച്ചു. നരസിംഹത്തിന്റെ അനുഗ്രഹത്താലാണത്രേ പിൽക്കാലത്തു് അദ്ദേഹത്തിനു് ശങ്കരാചാര്യരുടെ മുഖ്യശിഷ്യൻ എന്ന പദവി ലഭിച്ചതു്.

ശങ്കരാചാര്യരുടെ പ്രശസ്തമായ ഭജഗോവിന്ദം എന്ന സ്തോത്രകാവ്യത്തെപ്പററി മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ കൃതിയുടെ രചനയ്ക്കു കളമൊരുക്കിയ സംഭവവും പ്രശസ്തമാണ്. ഒരിക്കൽ ശങ്കരാചാര്യർ കാശിനഗരത്തിലെ തെരു

വിലൂടെ നടന്നു പോകുമ്പോഠം ഒരു ഗൃഹത്തിനുള്ളിൽനിന്നു' വന്ന ശബ്ദങ്ങഠം അദ്ദേഹത്തിൻെറ സവിശേഷശ്രദ്ധയാകർഷിച്ചു. മുറിക്കകത്തിരുന്നു് ഒരു ബ്രാഹ്മണയുവാവു് പാണിനീയസൂത്രങ്ങഠം ഉരുവിട്ടു പഠിക്കുകയായിരുന്നു. സംസ്കൃതഭാഷയിൽ വ്യുല്പത്തി നേടാൻവേണ്ടി ആ യുവാവു് ഇങ്ങനെ വിയത്തു കളിക്കുന്നതു കണ്ടപ്പോഠം ശങ്കരാചാര്യക്കു് ചിരിയാണു വന്നതു്. വിദ്യാഭ്യാസത്തെ കേവലമൊരു ബുദ്ധിവ്യാപാരമാക്കി അധഃപതിപ്പിക്കുന്ന ഈ പ്രക്രിയ അദ്ദേഹത്തിൽ സഹതാപം ജനിപ്പിച്ചു. ലോകസേവനവും ഈശ്വരഭജനവുമാണു് യഥാത്ഥവിദ്യ നേടിയെടുക്കുവാനുള്ള മാഗ്ഗമെന്നു് ആ യുവാവിനെ ഉദ്ബോധിപ്പിക്കാൻ ശങ്കരാചാര്യർ മറന്നില്ല. 'ഡുകൃഞ്ഞ്കരണേ, ഡുകൃഞ്കരണേ എന്നിങ്ങനെ സംസ്കൃതവ്യാകരണം ഉരുവിടുന്നതു് മരണകാലത്തോ മറേറതെങ്കിലും ആപൽക്കാലത്തോ നിങ്ങഠംക്കു് ഉപകരിക്കുകയില്ല.

> ഭജഗോവിന്ദം ഭജഗോവിന്ദം
> ഗോവിന്ദം ഭജമൂഢമതേ
> സമ്പ്രാപ്തേ സന്നിഹിതേ കാലേ
> നഹി നഹിരക്ഷതിഡുകൃഞ്കരണേ.

എന്ന പ്രസിദ്ധ ശ്ലോകം ഉഠംപ്പെടെ പന്ത്രണ്ടു ശ്ലോകങ്ങഠം ഉണ്ടാക്കി ചൊല്ലിയാണത്രേ ശങ്കരാചാര്യർ ആ യുവാവിനു് വിവേകമുദിപ്പിച്ചതു്. ഈ പന്ത്രണ്ടു ശ്ലോകങ്ങഠം 'ദ്വാദശമഞ്ജരി' എന്ന പേരിൽ അറിയപ്പെടുന്നു. കൂടെയുണ്ടായിരുന്ന പതിന്നാലു ശിഷ്യന്മാർ ഓരോരുത്തരും ഓരോ ശ്ലോകംവീതം അതിനോടു ചേക്കാൻ പാകത്തിൽ ഉണ്ടാക്കി. അങ്ങനെ അതു് ചതുർദശമഞ്ജരിയായി. അവസാനം ശ്രീശങ്കരൻ നാലു ശ്ലോകങ്ങഠംകൂടി കൂട്ടിച്ചേത്തു് 'ഭജഗോവിന്ദം' എന്ന പേരിൽ മുപ്പത്തൊന്നു ശ്ലോകങ്ങഠം സമാഹരിച്ചു് ആ കൃതി ഭക്തലോകത്തിനു പ്രദാനം ചെയ്തു.

ശങ്കരാചാര്യരുടെ ഇതരകൃതികളിൽ യുക്തിചിന്ത ഓളം വെട്ടുന്നുണ്ടെങ്കിൽ ഈ കീർത്തനത്തിൽ ഭക്തിപാരവശ്യത്തിനാണു് മുൻതൂക്കം.

ചണ്ഡാലവേഷത്തിൽ വന്ന പരമശിവൻെറ നിർദ്ദേശമനുസരിച്ചു് ശങ്കരാചാര്യർ ഹിമാലയത്തിലെ ബദര്യാശ്രമം സന്ദർശിച്ചു. അവിടെവച്ചു് സാക്ഷാൽ വ്യാസഭഗവാൻെറ അനുഗ്രഹങ്ങൾ വാങ്ങി. ഗോവിന്ദ ഭഗവത് പാദരുടെയും ഗുരുവായ ഗൗഡപാദരുടെയും ആശീർവാദങ്ങൾ വാങ്ങാനും ശങ്കരാചാര്യർ ഈ യാത്ര ഉപയോഗപ്പെടുത്തി. അതിനുശേഷമാണു് കാശിയിലേക്കു തിരിച്ചുവന്നു് ഭാഷ്യങ്ങൾ രചിക്കാനാരംഭിച്ചതു്. കാശിയിലെ പ്രസിദ്ധമായ മണികർണ്ണികാഘട്ടത്തിലെ മുക്തിമണ്ഡപത്തിലിരുന്നാണത്രേ ശ്രീശങ്കരൻ ഭാഷ്യങ്ങൾ രചിച്ചതു്. ആദ്യമെഴുതിയ ഭാഷ്യം വിഷ്ണുസഹസ്രനാമത്തിൻേറതായിരുന്നു. അതിനുശേഷം ഉപനിഷത്തുക്കൾക്കും ഭഗവദ്ഗീതയ്ക്കും ഭാഷ്യങ്ങൾ രചിച്ചു.

ബ്രഹ്മസൂത്രത്തിൻെറ ഭാഷ്യം രചിക്കുന്ന സമയത്തു് വ്യാസഭഗവാൻ ഒരു വൃദ്ധൻെറ രൂപത്തിൽ ശ്രീ ശങ്കരനെ സന്ദർശിച്ചതായി ഒരു കഥയുണ്ടു്. അദ്വൈത സിദ്ധാന്തത്തെ സാധൂകരിക്കാൻ ആ വൃദ്ധൻ ശ്രീശങ്കരനെ വെല്ലുവിളിച്ചുവത്രെ. അവർ തമ്മിലുള്ള തർക്കം നാലു ദിവസത്തോളം ഘോരഘോരം തുടർന്നു. ഇതിനിടയ്ക്കു് തൻെറ ഗുരുനാഥനുമായി വാദത്തിലേർപ്പെട്ട വൃദ്ധൻ ബ്രഹ്മസൂത്രത്തിൻെറ കർത്താവായ വ്യാസഭഗവാൻതന്നെയാണെന്നു് സനന്ദനന്നു് മനസ്സിലായി. വിഷ്ണുഭഗവാൻെറ അവതാരമായ വ്യാസനും പരമശിവൻെറ അവതാരമായ ശ്രീശങ്കരനും തമ്മിലുള്ള വാഗ്യുദ്ധം സനന്ദനൻ ഇടപെട്ടാണത്രേ ഒടുവിൽ കലാശിച്ചതു്. വിട്ടുപോകുമ്പോൾ വ്യാസൻ ശ്രീശങ്കരനെ അനുഗ്രഹിച്ചു എന്നു മാത്രമല്ല, ജീവിതകാലം പതിനാറിൽനിന്നു് മുപ്പത്തിരണ്ടാക്കി ഉയർത്തിക്കൊടുക്കുകയും ചെയ്തു. ഭാരത

മൊട്ടുക്കും സഞ്ചരിച്ച് അദ്വൈതസിദ്ധാന്തം പ്രചരിപ്പിക്കണമെന്നും, വൈഷ്ണവരെന്നും ശൈവരെന്നും വേർതിരിഞ്ഞുള്ള സനാതനധർമ്മത്തിലെ ആഭ്യന്തരയുദ്ധത്തിന്ന് അങ്ങനെ വിരാമം ഇടണമെന്നും നിർദ്ദേശിച്ചുകൊണ്ടാണ് വ്യാസഭഗവാൻ തിരിച്ചുപോയതു്.

## അഞ്ച്

ഈ ഘട്ടത്തിലാണ് കുമാരിലഭട്ടൻ എന്നൊരു പണ്ഡിതകേസരിയെക്കുറിച്ച് ശങ്കരാചാര്യർ കേട്ടതു്. അക്കാലത്തു് കുമാരിലഭട്ടൻ ശ്രീസുബ്രഹ്മണ്യസ്വാമിയുടെ അവതാരമാണെന്നുപോലും പലരും വിശ്വസിച്ചിരുന്നു. പണ്ഡിതവൃത്തങ്ങളിൽ കുമാരിലൻ സൃഷ്ടിച്ച കോളിളക്കം ചില്ലറയൊന്നുമായിരുന്നില്ല.

യുവാവായിരിക്കുമ്പോൾതന്നെ അദ്ദേഹം ബുദ്ധമതപണ്ഡിതന്മാരുമായി ഏററുമുട്ടി. ബുദ്ധമതതത്വങ്ങളെ വെല്ലുവിളിക്കുവാൻ ഏററവും പററിയ മാർഗ്ഗം ആ തത്വങ്ങൾ ആ മതാധികാരികളിൽനിന്നുതന്നെ ഗ്രഹിക്കുകയാണെന്ന് കുമാരിലൻ നിശ്ചയിച്ചു. അങ്ങനെ ഒരു ബുദ്ധമതവിദ്യാലയത്തിൽ വിദ്യാർത്ഥിയായിച്ചേർന്നു.

പക്ഷേ, ഒരു ദിവസം പൂച്ച പുറത്തു ചാടി. ഒരു ബുദ്ധമത പണ്ഡിതൻ, പാഠമെടുക്കുന്നതിനിടയിൽ, ഹിന്ദുമതത്തെ അടച്ചാക്ഷേപിക്കാൻതുടങ്ങി. കുമാരിലൻെറ കണ്ണുകൾ താനെ നനഞ്ഞു തുടങ്ങി. ഇതു കണ്ട സഹപാഠികൾ കുമാരിലൻ ഹൈന്ദവമതാനുയായി ആയിരിക്കണമെന്ന് ഊഹിച്ചു. അല്ലെങ്കിൽ ഹിന്ദുമതത്തെ വിമർശിക്കുമ്പോൾ ഇത്ര സങ്കടം തോന്നേണ്ട കാര്യമില്ലല്ലോ. തങ്ങളുടെ പാളയത്തിൽ രഹസ്യമായി കടന്ന് തത്വങ്ങൾ ചോർത്തിയെടു

ക്കാൻ നോക്കുന്ന ഈ ശത്രുചാരനെ വകവരുത്താൻതന്നെ അവർ പരിപാടിയിട്ടു.

ഒരു കുന്നിൻമുകളിലേക്കു് അവർ കുമാരിലനെ കൂട്ടിക്കൊണ്ടുപോയി. അവിടെ തുറിച്ചുനിൽക്കുന്ന ഒരു പാറക്കെട്ടിൽനിന്നു് കുമാരിലനെ പെട്ടെന്നു തള്ളി താഴെയിട്ടു. അവസാന നിമിഷത്തിൽ അപകടം മണത്തറിഞ്ഞ കുമാരിലൻ, 'ഞാൻ വിശ്വസിക്കുന്ന വേദാന്തതത്വങ്ങൾ ശരിയാണെങ്കിൽ എനിക്കൊരു ആപത്തും വരില്ല' എന്നു പ്രഖ്യാപിച്ചുകൊണ്ടാണത്രെ താഴോട്ടു പതിച്ചതു്. വിശ്വാസം കുമാരിലനെ രക്ഷിച്ചു. പക്ഷേ, 'ശരിയാണെങ്കിൽ' എന്നാണല്ലോ കുമാരിലൻ പറഞ്ഞതു്. 'ശരിയായതുകൊണ്ടു്' എന്നുറപ്പിച്ചുപറയാനുള്ള വിശ്വാസ ദാർഢ്യം പ്രകടിപ്പിച്ചില്ല. ആ സംശയത്തിനുള്ള ശിക്ഷയെന്നോണം കുമാരിലനു് ഒരു കണ്ണു് നഷ്ടപ്പെട്ടു എന്നാണു് ഐതിഹ്യം.

വദ്ധിച്ച വീര്യത്തോടെ കുമാരിലൻ തൻെറ ബുദ്ധമതവിരുദ്ധ പ്രചരണം തുടർന്നു.അതോടൊപ്പം അദ്ദേഹം ഹൈന്ദവമതത്തിലെ യാഥാസ്ഥിതികരെയും വെല്ലുവിളിച്ചു. മീമാംസകനായ കുമാരിലൻ ഈശ്വരനെന്ന സങ്കല്പത്തെപ്പോലും ചോദ്യം ചെയ്തു.

തന്നിൽനിന്നും വ്യത്യസ്തമായ അഭിപ്രായങ്ങൾ പുലത്തിയിരുന്നവനെങ്കിലും മഹാപണ്ഡിതനായ കുമാരിലഭട്ടനെ, കൈലാസപവ്വതംകൊണ്ടു് അമ്മാനമാടിയ രാവണനെ ശ്രീരാമനെന്നപോലെ ശങ്കരൻ മനസാ ബഹുമാനിച്ചു. തൻെറ ബ്രഹ്മസൂത്രഭാഷ്യത്തിനു കുമാരിലനെക്കൊണ്ടു് സമഗ്രമായ പദ്യവ്യാഖ്യാനമെഴുതിക്കണമെന്നു് ആഗ്രഹമായി. അതനുസരിച്ചു് കുമാരിലനെ തേടി പുറപ്പെട്ട ആചാര്യക്കു് ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ചയാണു് കാണാൻ കഴിഞ്ഞതു്. ആ മഹാപണ്ഡിതൻ ഉമിത്തീയിൽനിന്നു നീറി ദഹിക്കു

കയായിരുന്നു! ശങ്കരാചാര്യർ സമീപത്തെത്തുമ്പോഴേക്കും ദേഹം പാതി വെന്തുകഴിഞ്ഞിരുന്നു.

താൻ ചെയ്ത രണ്ടു് അപരാധങ്ങൾക്കുള്ള പ്രായശ്ചിത്തമായി തൻെറ ആത്മാഹുതിയെ കുമാരിലൻ ന്യായീകരിച്ചു. ബൗദ്ധവേഷംകെട്ടി ഗുരുനാഥന്മാരുടെ മുമ്പിൽ വഞ്ചന കാട്ടിയതും മീമാംസകനെന്ന നിലയിൽ ഈശ്വരനെ തള്ളിപ്പറഞ്ഞതും ആയിരുന്നു ആ രണ്ടു് മഹാപരാധങ്ങൾ.

ശങ്കരാചാര്യരെ തൻെറ അന്ത്യനിമിഷങ്ങളിലെങ്കിലും കാണാൻ കഴിഞ്ഞതു് ഓർക്കാപ്പുറത്തു വന്നുചേർന്ന ഒരു മഹാഭാഗ്യമായിട്ടാണു് കുമാരിലഭട്ടൻ കണക്കാക്കിയതു്. മീമാംസാസിദ്ധാന്തത്തിൻെറ അപര്യാപ്തത തെളിയിച്ചു് ഹൈന്ദവ നവോത്ഥാനത്തിനു നേതൃത്വം കൊടുക്കാൻ കുമാരിലൻ ശ്രീശങ്കരനോടു് അഭ്യർത്ഥിച്ചു. പ്രശസ്തമീമാംസകനും മഹാപണ്ഡിതനുമായ മണ്ഡനമിശ്രനെ മാഹിഷ്മതിയിൽ ചെന്നു കണ്ടു് അദ്ദേഹവുമായി വാദപ്രതിവാദത്തിലേർപ്പെടണമെന്നും കുമാരിലൻ നിർദ്ദേശിച്ചു.

കുമാരിലൻെറ അന്ത്യനിമിഷങ്ങളിലെ അഭിലാഷം നിറവേററാൻതന്നെ ശ്രീശങ്കരൻ നിശ്ചയിച്ചു. മീമാംസാവിദഗ്ദ്ധനായ മണ്ഡനമിശ്രനെ കണ്ടുപിടിക്കലായി, അടുത്ത ലക്ഷ്യം. നേരെ മാഹിഷ്മതിയിലേക്കു് യാത്ര തിരിച്ചു.

മാഹിഷ്മതിയിൽ മണ്ഡനമിശ്രൻെറ നിവാസസ്ഥാനത്തെത്തിയ ശ്രീശങ്കരൻ പുറത്തു കാത്തുനില്ക്കാതെ നേരെ അകത്തേക്കു് കയറിച്ചെന്നു. 'സന്യാസിമാക്കു് തടവില്ലൊരിടത്തും' എന്നാണല്ലോ ശാസ്ത്രം. പക്ഷേ, ഭക്തിയോടും ശ്രദ്ധയോടുംകൂടി ശ്രാദ്ധമൂട്ടിക്കൊണ്ടിരുന്ന മണ്ഡനമിശ്രനു് ശ്രീശങ്കരൻ കടന്നുചെന്നതു് അത്ര പിടിച്ചില്ല. എങ്കിലും മുഖ്യാതിഥിയായി അവിടെ സന്നിഹിതനായിരുന്ന വ്യാസൻ ഇടപെട്ടു് മണ്ഡനമിശ്രൻെറ കോപാഗ്നി ശമിപ്പിച്ചു. താൻ വന്നതു് ശ്രാദ്ധമുണ്ണാനല്ലെന്നും ധൈഷ

ണികസംവാദത്തിനാണെന്നും ശ്രീശങ്കരൻ വ്യക്തമാക്കി. മണ്ഡനമിശ്രനാകട്ടെ ആ വെല്ലുവിളി സസന്തോഷം സ്വീകരിക്കുകയും ചെയ്തു.

വാദപ്രതിവാദം ഒരു പന്തയത്തിൻെറ രൂപത്തിലായിരുന്നു. വാദത്തിൽ ശ്രീശങ്കരൻ ജയിച്ചാൽ മണ്ഡനമിശ്രൻ സന്യാസം സ്വീകരിച്ച് ശങ്കരശിഷ്യനായിത്തീരണം; മറിച്ച് ശ്രീശങ്കരൻ പരാജയപ്പെട്ടാൽ അദ്ദേഹം കാഷായവസ്ത്രമുപേക്ഷിച്ച് മീമാംസാകാരനായി മാറണം. ഇതായിരുന്നു വ്യവസ്ഥ.

ഇത്ര ഉഗ്രൻ തർക്കമൊകുമ്പോൾ മദ്ധ്യസ്ഥതയ്ക്കുതക്ക ഒരാൾ വേണമല്ലോ. മണ്ഡനമിശ്രൻെറ പത്നിയും വിദുഷിയുമായ ഉഭയഭാരതിയെ മദ്ധ്യസ്ഥയായി രണ്ടു പേരും സ്വീകരിച്ചു.

ദിവസങ്ങളോളം നീണ്ടുനിന്നേക്കാവുന്ന ആ തർക്കം കേട്ടുകൊണ്ടിരിക്കാനും അന്ത്യം ഭർത്താവിനെതിരാണെങ്കിൽ വിധി പറയാനും പ്രായോഗിക വിഷമമുണ്ടാകുമെന്നു കണ്ടു ഉഭയഭാരതി ഒരു സൂത്രം പ്രയോഗിച്ചു. രണ്ടു പേരുടെയും കഴുത്തിൽ ഓരോ മാലയിട്ടു. ആരുടെ കഴുത്തിലെ മാലയാണോ ആദ്യം വാടുന്നതു് ആ വ്യക്തി പരാജിതനായി സ്വയം പ്രഖ്യാപിക്കപ്പെടുമെന്നും അറിയിച്ചു.

വാദപ്രതിവാദം തിരുതകൃതിയായി നടന്നു. മീമാംസാവാദത്തെ ന്യായീകരിച്ചുകൊണ്ടു് മണ്ഡനമിശ്രൻ വാശിയോടെ വാദിച്ചു. അദ്വൈതവേദാന്തത്തിൻെറ ശാസ്ത്രീയസാധുതയെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ശ്രീശങ്കരനും ഒട്ടും കുറയാത്ത വീറോടെ വാദിച്ചു. ഓരോ ദിവസവും ഭക്ഷണസമയമാകുമ്പോൾ ഉഭയഭാരതി വന്നു് ഭർത്താവിനോടു് 'എഴുന്നേററു് ആഹാരം കഴിച്ചാലും' എന്നു പറയും; അതിഥിയായ ശ്രീശങ്കരനോടാകട്ടെ 'എഴുന്നേററു് ഭിക്ഷ സ്വീകരിച്ചാലും' എന്നും പറയും.

ദിവസങ്ങരം ഇഴഞ്ഞു നീങ്ങി. മണ്ഡനമിശ്രന്റെ കഴത്തിലെ മാലയ്ക്കു് വാട്ടം തട്ടുന്നുണ്ടോ? പലക്കും സംശയം. സംശയം യാഥാത്ഥ്യമായി മാറിത്തുടങ്ങി. മണ്ഡനമിശ്രൻ തോൽവി സമ്മതിക്കാൻ നിബ്ബന്ധിതനായി.

'ഓരോരോ മമയുക്തികാംക്ഷമെതിരായ്
വാദിച്ച നൈജംമതം
സാരോൽക്കർഷ ഗുണോൽക്കമെന്ന സുദൃഢം
സ്ഥാപിച്ച സാധോ! ഭവാൻ
ധീരോദാത്ത! മമാതി പാടവ മഹാ
പാണ്ഡിത്യ വന്മാമരം
വേരൊടെ പിഴതിട്ട പണ്ഡിത! നമോ'
വാകം നമോവാകമേ!

എന്നു പറഞ്ഞുകൊണ്ടു് ആ മഹാപണ്ഡിതൻ അടിയറവു പറഞ്ഞു. തന്റെ പത്നിയിൽനിന്നു കാഷായ വസ്ത്രവും ശ്രീശങ്കരന്റെ ശിഷ്യത്വവും ഉടൻതന്നെ സ്വീകരിക്കുകയും ചെയ്തു.

അപ്പോഴാണു് അപ്രതീക്ഷിതമായ മറെറാരു സംഭവവികാസം! സരസ്വതീദേവിയുടെ അവതാരമായിരുന്ന ഉഭയഭാരതി തൻേറതായി പുതിയ ഒരു വെല്ലുവിളി നടത്തി. ഭത്താവിനെ തോല്പിച്ച കഴിഞ്ഞെങ്കിലും തന്നെയും കൂടി പരാജയപ്പെടുത്തിയാലെ ശങ്കരവിജയം പൂത്തിയാവൂ എന്നവർ പ്രഖ്യാപിച്ചു.

അങ്ങനെ ഐതിഹാസികമായ ഏററുമുട്ടലിന്റെ രണ്ടാംഘട്ടം ആരംഭിച്ചു. ഒന്നും രണ്ടും ദിവസമല്ല, പതിനേഴ ദിവസം ആ പോരാട്ടം തുടന്നു. തന്റെ എല്ലാ ആയുധങ്ങളും നിഷ്പ്രഭങ്ങളായെന്നു കണ്ടപ്പോരം പതിനെട്ടാമത്തെ അടവു പ്രയോഗിച്ചു ഉഭയഭാരതി! കാമശാസ്ത്രത്തെ അധികരിച്ചുകൊണ്ടുള്ളചോദ്യങ്ങരം ചോദിക്കാനാരംഭിച്ചു. സന്യാസിയും നിത്യബ്രഹ്മചാരിയുമായ ശ്രീശങ്കരൻ കാമ

ശാസ്ത്രത്തിന്റെ താത്വികവും പ്രായോഗികവുമായ വിശദാംശങ്ങളെപ്പററിയുള്ള ചോദ്യങ്ങൾക്ക് എങ്ങനെ മറുപടി പറയും!

സ്വല്പമൊന്നു വിഷമത്തിലായ ശ്രീശങ്കരൻ ആ വിഷയം ചർച്ചചെയ്യാൻ ഒരു മാസത്തെ സമയം അനുവദിക്കണമെന്നു് അഭ്യർത്ഥിച്ചു. ന്യായമായ അഭ്യർത്ഥനയാണല്ലോ, ഉഭയഭാരതി സമ്മതം മൂളി. നോക്കണേ, അക്കാലത്തു നില നിന്നിരുന്ന പ്രതിപക്ഷ ബഹുമാനം!

നർമ്മദാ നദീതീരത്തു് ഒരു വൃക്ഷപ്പൊത്തിൽ ശ്രീശങ്കരൻ തന്റെ ശരീരം നിക്ഷേപിച്ചു്. അതു കാത്തു സൂക്ഷിക്കുവാൻ ശിഷ്യന്മാരെ നിർത്തി. ശവദാഹത്തിനായി അമരുകൻ എന്ന ഒരു രാജാവിന്റെ ജഡം ആ സമയത്തു നദീതീരത്തു കൊണ്ടുവന്നിരുന്നു. ശ്രീശങ്കരന്റെ ആത്മാവു് ആ രാജാവിന്റെ ജഡത്തിൽ പ്രവേശിച്ചു. ദഹിപ്പിക്കാൻ കെട്ടിക്കൊണ്ടുവന്ന രാജാവിന്റെ ശവം കൺതുറന്നെഴുന്നേററപ്പോൾ ചുററും കൂടിയവർക്കുണ്ടായ അത്ഭുതം പറയേണ്ടതില്ലല്ലോ. അന്തരിച്ചുപോയ രാജാവു് കൊട്ടാരത്തിലേക്കു് തിരിച്ചുവന്നപ്പോൾ അന്തഃപുര സ്ത്രീകൾക്കുണ്ടായ ആനന്ദം പറയേണ്ട. ഒരു സന്യാസിവര്യൻ തന്റെ അമാനുഷസിദ്ധികളാൽ അമരുകനിൽ പരകായപ്രവേശം ചെയ്തിരിക്കുകയാണെന്ന സത്യമുണ്ടോ അവരറിയുന്നു?

സുഖലോലുപത നിറഞ്ഞ ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. കാമശാസ്ത്രത്തെക്കുറിച്ചു് ശ്രീശങ്കരൻ നോട്ടുകൾ കുറിക്കുന്നുണ്ടായിരുന്നു. അങ്ങനെ പരകായപ്രവേശം നടത്തിയ കാലത്തെ അനുഭവങ്ങൾ ശ്ലോകരൂപത്തിൽ കുറിച്ച നോട്ടുകളാണു് പിന്നീടു് 'അമരുകശതകം' എന്ന പേരിൽ പ്രസിദ്ധമായിത്തീർന്ന ശൃംഗാരകാവ്യം.

അമരുക രാജാവിന്റെ തിരിച്ചുവരവിനു ശേഷം അദ്ദേഹത്തിൽ ദർശിച്ച അമിതമായ ചൈതന്യാവേശം

അടുത്ത രാജാവാകേണ്ടവനിൽ സംശയം ജനിപ്പിച്ചു. വയസ്സുകാലത്തു് ഇങ്ങനെയുണ്ടോ ഒരു കാമാവേശം? സൂക്ഷിക്കണമല്ലോ. അദ്ദേഹം പരകായപ്രവേശത്തിന്റെ രഹസ്യം മണത്തറിഞ്ഞു. സമീപപ്രദേശത്തെങ്ങാനും വല്ല സന്യാസിമാരുടെയും ശരീരം ഒളിപ്പിച്ചു വച്ചിട്ടുണ്ടോ എന്നു പരിശോധിക്കാൻ അദ്ദേഹം ആളുകളെ നിയോഗിച്ചു. കണ്ടുകിട്ടിയാൽ ആ ശരീരം ഉടൻ ദഹിപ്പിച്ചുകളയണമെന്ന കല്പനയും കൊടുത്തു.

തന്റെ പുതിയ ജീവിതത്തിന്റെ മാദകസുഖങ്ങളിൽ മതിമറന്ന ശ്രീശങ്കരൻ പാഠങ്ങളെല്ലാം പഠിച്ചശേഷവും തിരിച്ചു് സ്വന്തം ശരീരത്തിലേക്കു പോകുന്നതിൽ താല്പര്യം കാണിച്ചില്ല. അത്രയ്ക്കുണ്ടു് മായാബന്ധങ്ങളുടെ ശക്തി! ശിഷ്യന്മാർ പരിഭ്രാന്തരായി. പുതിയ അമരുകരാജാവിന്റെ ശ്രദ്ധയാകർഷിക്കാൻ വേണ്ടി അവർ വേദാന്ത സൂക്തങ്ങൾ ഉറക്കെ ആലപിച്ചു തുടങ്ങി. വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞപോലെയായി സംഭവം. അവരുടെ ശബ്ദകോലാഹലങ്ങൾ അടുത്ത രാജാവിന്റെ കിങ്കരന്മാരുടെ ശ്രദ്ധ പിടിച്ചുപററി. അവർ സ്ഥലത്തുവന്നു തിരഞ്ഞപ്പോൾ ഒരു സന്യാസിയുടെ ശരീരം കണ്ടു. ഉടൻതന്നെ ദഹിപ്പിക്കാനുള്ള ഏർപ്പാടുകളും തുടങ്ങി.

നീണ്ട കഥ ചുരുക്കിപ്പറയട്ടെ, തക്ക സമയത്തു ശ്രീശങ്കരനു ബുദ്ധി ഉദിച്ചു. അദ്ദേഹത്തിന്റെ ആത്മാവ് തിരിച്ചെത്തിയപ്പോൾ തന്റെ ദേഹം ചിതയിൽ വെച്ചു് തീ കൊളുത്തിയതായാണു് കണ്ടതു്. ഭക്തവത്സലനായ മഹാവിഷ്ണു തന്നെ ഈ ആപദ്ഘട്ടത്തിൽ സഹായത്തിനെത്തി, ഭയങ്കരമായ ഒരു മഴ പെയ്യിച്ചു. തീ കെട്ടുപോയി; കിങ്കരന്മാർ സ്ഥലം വിടുകയും ചെയ്തു. അങ്ങനെ ശ്രീശങ്കരന്റെ ആത്മാവിനു് സ്വന്തം ദേഹത്തിലേക്കുതന്നെ തിരിച്ചു വരാൻ കഴിഞ്ഞു.

കാമശാസ്ത്രത്തിൽ നൈപുണ്യം നേടി തിരിച്ചുവന്ന

ആചാര്യക്കു് പിന്നെ ഉഭയ ഭാരതിയെ പരാജിതയാക്കു വാൻ അധിക സമയം വേണ്ടിവന്നില്ല. സരസ്വതിയുടെ അവതാരമായ ആ മഹിളാരത്നംതന്നെ 'സർവ്വജ്ഞന' പദവി ശ്രീശങ്കരനു് കല്പിച്ചു നൽകി.

ശങ്കരാചാര്യർ സർവ്വജ്ഞപദവി നേടിയപ്പോഠം പലരും സന്തോഷിച്ചു കാണും. ആചാര്യന്റെ ശിഷ്യന്മാർക്കു് അതൊരു അപൂർവ്വ ബഹുമതിയായി അനുഭവപ്പെട്ടു കാണും.

പക്ഷേ, ഏററവും സന്തോഷിച്ചതു് ശിഷ്യനല്ലാത്ത, ഗുണകാംക്ഷിപോലുമല്ലാത്ത ഒരു സ്വാർത്ഥമോഹിയായിരുന്നു! കാശിക്കടുത്തു താമസിച്ചിരുന്ന ഈ മനുഷ്യൻ ഒരു കാപാലികനായിരുന്നു. പേരു് ഭൈരവൻ. മനുഷ്യരുടെ തല വെട്ടി ഭഗവത്പ്രീതി നേടാൻ ശ്രമിക്കുന്നവരാണല്ലോ കാപാലികന്മാർ. ഭൈരവൻ കുറെക്കാലമായി ഒരു സർവ്വജ്ഞനെ കാണാൻവേണ്ടി ആററുനോററു കഴിയുകയായിരുന്നു. ഒരു സർവ്വജ്ഞന്റെ തല വെട്ടി ഹോമിച്ചാൽ ഉടലോടെ സ്വർഗ്ഗത്തിൽ പോകാം എന്നു് ആരോ അയാളെ പറഞ്ഞു ധരിപ്പിച്ചിരുന്നു.

സർവ്വജ്ഞനെന്ന പ്രശസ്തിയുമായി കാശിയിൽ തിരിച്ചെത്തിയ ശങ്കരാചാര്യരെ ഒരു ദിവസം കാപാലികൻ ചെന്നു കണ്ടു. ആരാണെന്നും വന്ന കാര്യം എന്താണെന്നും ആചാര്യർ അന്വേഷിച്ചപ്പോഠം തന്റെ അഭിലാഷം ക്ഷമാപണപൂർവ്വം അവൻ വെളിപ്പെടുത്തി.

ശിരസ്സു് വെട്ടി ഹോമിക്കാൻ അനുവദിക്കണമെന്ന അസാമാന്യമായ അഭ്യർത്ഥന കേട്ടിട്ടും യതിവര്യന്റെ മുഖത്തു് ഒരു ഭാവഭേദവും കണ്ടില്ല. 'അതിലെന്തിരിക്കുന്നു? മനുഷ്യശരീരം ഒരു മണ്ണുരുള മാത്രമല്ലേ? എന്റെ ശിരസ്സു് ചോദിക്കുവാൻ നിനക്കെന്തിനാണു് സങ്കോചം? ശിഷ്യരാരും അടുത്തില്ലാത്ത തക്കംനോക്കി നീ നിന്റെ അഭീഷ്ടം നിറവേററിക്കൊള്ളൂ.' ത്യാഗമൂർത്തിയായ ശങ്കരാചാര്യരുടെ ഈ വാക്കുകഠം കപാലികന്റെ മനസ്സിൽ കുളിരു

പകന്നു. സംഗതി ഇത്ര എളുപ്പമാകുമെന്നു് അവൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല.

അന്നു വൈകിട്ടു് ശങ്കരാചാര്യർ കാളീക്ഷേത്രത്തിൽ എത്തുമെന്നറിഞ്ഞ കാപാലികൻ ആയുധവുമായി കാത്തിരുന്നു. പക്ഷേ, അയാളുടെ രഹസ്യപദ്ധതി മറെറാരാശ കൂടി അറിഞ്ഞുകഴിഞ്ഞിരുന്നു. മററാരുമല്ല, സ്വാമികളുടെ പ്രഥമ ശിഷ്യനായ സനന്ദനൻ. സനന്ദനൻ നരസിംഹോപാസകനായിരുന്നുവെന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. കഴുത്തു വെട്ടാനോങ്ങിയ കാപാലികൻെറ കൈ പെട്ടെന്നു് തടയപ്പെട്ടു. തിരിഞ്ഞു നോക്കിയപ്പോശ കണ്ടതു് നരസിംഹരൂപിയായ സനന്ദനനെ ആയിരുന്നു.

'ചെമ്പരത്തിപ്പൂതോററ കൺകളും, കവിളൊട്ടി
ചെമ്പിച്ച മീശപ്പുല്ലു വളർന്ന വദനവും
പാമ്പുകശക്കൊപ്പം ഞാന്ന ചെഞ്ചിടപ്പിരികളും
ചാമ്പലെമ്പാടും വാരിപ്പൂശിയ വരശമെയ്യും
അസ്ഥിയുന്തിയ മാറത്തസ്ഥിമാലയും, മുട്ട-
വസ്ത്രമായ് കാൽമുട്ടോളമെത്തിയ പുലിത്തോലും
പാഴ്‌വലംകയ്യിലൊരു തീപ്പാറും ത്രിശൂലവും'

എല്ലാം തികഞ്ഞ സാക്ഷാൽ നരസിംഹരൂപം! നരസിംഹമൂർത്തി ഹിരണ്യകശിപുവിനെ എന്നപോലെ ഈ നരസിംഹാവതാരം ഭൈരവൻെറ കഥ കഴിച്ചു.

'മലയാളത്തിൻെറ തല' എന്ന പ്രസിദ്ധമായ പദ്യത്തിൽ മഹാകവി വള്ളത്തോശ ഈ സംഭവം തികഞ്ഞ നാടകീയതയോടെ വിവരിക്കുന്നുണ്ടു്. ആ പദ്യം തുടങ്ങുന്നതുതന്നെ ആചാര്യസ്വാമികശ കാപാലികനോടു് പറയുന്ന മറുപടിയോടെയാണു്.

'എന്നുടെ തലവേണമങ്ങേയ്ക്കു മുക്തിക്കെങ്കിൽ
അന്യനഭവാതങ്കവൃത്രനെ കൊശവാനെങ്കിൽ
എന്നോടായതു ചൊൽവാനിത്രയും സങ്കോചമോ
ധന്യനാം ദധീചിതൻ നാട്ടുകാരല്ലെന്നോ നാം?

എത്രനിസ്സാരം ഭവാൻ ചോദിച്ചതീമൂൽപിണ്ഡം
അസ്ഥിര ശരീരത്തിൽത്താഴികക്കുടം ശ്രീമൻ
ത്വത്തപസ്സിനു് പൂർത്തിവരുത്തുമെങ്കിലെനി—
ക്കുത്യല്പ വിലയ്ക്കല്ലോ കിട്ടുന്നു മഹാപുണ്യം'.

## ആറ്

അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും യുദ്ധം പ്രഖ്യാപിച്ചുകൊണ്ടു് ശ്രീശങ്കരൻ കാശിയിൽനിന്നു് തെക്കോട്ടു യാത്ര ചെയ്തു. മററു ശിഷ്യന്മാരോടൊപ്പം സുരേശ്വരാചാര്യർ എന്ന പുതിയ പേരു സ്വീകരിച്ച മണ്ഡനമിശ്രനും ഉണ്ടായിരുന്നു. ഉഭയഭാരതിയും ശങ്കരശിഷ്യത്വം സ്വീകരിച്ചു് കൂടെ പുറപ്പെട്ടിരുന്നു.

ആചാര്യസ്വാമികളും ശിഷ്യന്മാരും മുന്നിലും സർവാഭരണ വിഭൂഷിതയായി മഞ്ജീരശിഞ്ജിതം പൊഴിച്ചുകൊണ്ടു് ഭാരതീദേവിയും യാത്ര ചെയ്തു. ഇപ്പോൾ കർണ്ണാടക സംസ്ഥാനത്തിലുള്ള മനോഹരമായ ഒരു ഭൂവിഭാഗത്തിൽ ആ സന്യാസിസംഘം എത്തിച്ചേർന്നു. തുംഗാനദിയും ഭദ്രാനദിയുംസമ്മേളിക്കുന്ന ആ പ്രദേശംആചാര്യരിൽ ഗംഗയും യമുനയും സംഗമിക്കുന്ന പ്രയാഗയുടെ സ്മരണകളുയർത്തി, പ്രകൃത്യംബ കനിഞ്ഞനുഗ്രഹിച്ച ആ ഭൂവിഭാഗത്തിന്റെ മുഗ്ദ്ധസൗന്ദര്യം ആസ്വദിച്ചുകൊണ്ടു് കുറച്ചു ദൂരം കൂടി നടന്നപ്പോൾ നയനമോഹനവും പ്രശാന്തിയുടെ കേളീരംഗവുമായ മററൊരു സ്ഥലം കണ്ടെത്തി.

എവിടെ നോക്കിയാലും തളിർത്തുനിൽക്കുന്ന പൂവല്ലികൾ! മർമ്മരമുതിർക്കുന്ന മലയരുവികൾ! കളകൂജനം ചെയ്യുന്ന കിളികൾ! ഒരു തപോവനത്തിനു പററിയ അന്തരീക്ഷം! ചുററും നോക്കിയപ്പോൾ ഒരു വിചിത്രമായ കാഴ്ചയും ശ്രീശങ്കരൻ കണ്ടു. ഗർഭിണിയായ ഒരു തവളയുടെ

മുകളിൽ പത്തി വിടർത്തിപ്പിടിച്ചുകൊണ്ടു് സംരക്ഷണം നൽകുന്ന ഒരു സർപ്പം! പ്രകൃത്യാ വൈരികളായ പാമ്പും തവളയും പോലും മൈത്രീബന്ധത്തിൽ വർത്തിക്കുന്ന ആ സ്ഥലം കണ്ടപ്പോൾ ഭാരതീദേവിക്കും തോന്നിയിരിക്കണം അതാണു് തനിക്കു താമസിക്കാൻ പററിയ സ്ഥലമെന്നു്. അതനുസരിച്ചു് അവിടെ ഒരു ശാരദാവിഗ്രഹം പ്രതിഷ്ഠിച്ചു് ആചാര്യർ പൂജ തുടങ്ങുകയും ചെയ്തു. ശൃംഗേരി എന്നാണു് ഈ സ്ഥലത്തിനു പേർ. ഋശ്യശൃംഗമഹർഷി തപസ്സുചെയ്ത 'ഋശ്യശൃംഗഗിരി'യാണു് പിന്നീടു് 'ശൃംഗഗിരിയും' അവസാനം 'ശൃംഗേരി'യും ആയിത്തീർന്നതു്.

ശൃംഗേരിയിൽ താമസമാക്കിയ ഉഭയഭാരതി സാക്ഷാൽ സരസ്വതീദേവിയുടെ അവതാരമായിരുന്നു. അതു മനസ്സിലാക്കിയ ശ്രീശങ്കരൻ തൻെറ ജന്മനാടായ കേരളത്തിലേക്കു് സരസ്വതീദേവിയെ കൊണ്ടുവന്നു് ചോററാനിക്കര ദേവീക്ഷേത്രത്തിൽ കുടിയിരുത്തണമെന്നു് ആഗ്രഹിച്ചു. ഉടനെ ശൃംഗേരിയിൽ ചെന്നു് അവിടത്തെ സരസ്വതീവിഗ്രഹത്തിനു മുമ്പിൽ ചെന്നു പ്രാർത്ഥിച്ചു. ശ്രീശങ്കരനു് മുമ്പിൽ സരസ്വതീദേവി പ്രത്യക്ഷപ്പെട്ടു് എന്തു വരമാണു് നൽകേണ്ടതെന്നു ചോദിച്ചു. ശങ്കരൻ പറഞ്ഞു: 'എൻെറ ജന്മനാട്ടിലേക്കു് ദേവി വന്നു് കേരളീയരെ അനുഗ്രഹിക്കണം.'

ദേവി ആദ്യം അതിനു വിസമ്മതിച്ചുവെങ്കിലും 'മറെറാന്നും തനിക്കാവശ്യമില്ല' എന്നു് ശ്രീശങ്കരൻ അറിയിച്ചപ്പോൾ തൻെറ പ്രിയഭക്തനെ നിരാശപ്പെടുത്തരുതെന്നു കരുതി ദേവി അതിനു സമ്മതം മൂളി. പക്ഷേ, കക്ശമായ ഒരു നിബന്ധനയുണ്ടായിരിക്കും:

'ഞാൻ അങ്ങയുടെകൂടെ എവിടെ വേണമെങ്കിലും വരാം. അങ്ങു് പിന്തിരിഞ്ഞു നോക്കരുതെന്നു മാത്രം. തിരിഞ്ഞുനോക്കുന്ന സ്ഥലത്തു് ഞാൻ കുടിയിരിക്കും.'

ഇതായിരുന്നു നിബന്ധന.

ശ്രീശങ്കരൻ മുമ്പോട്ടു നടന്നു. മൂകാംബിവരെ എത്തിയപ്പോൾ ദേവി ശങ്കരനെ ഒന്നു പരീക്ഷിക്കാൻ തീരുമാനിച്ചു. ദേവിയുടെ കാലിൽ ചിലങ്ക ഉണ്ടായിരുന്നു. ആ ശബ്ദം കേട്ടുകൊണ്ടായിരുന്നു ശങ്കരൻ നടന്നിരുന്നതു്. ദേവി പതുക്കെ കാലിലെ ചിലങ്ക പൊക്കിവച്ചു. പ്രകൃത്യംബ കനിഞ്ഞനുഗ്രഹിച്ച കേരളക്കരയിലേക്കു് എത്താറായപ്പോഴാണു് ശങ്കരൻ അതു ശ്രദ്ധിച്ചതു്. ദേവിയുടെ ചിലമ്പൊലി കേൾക്കാനില്ല! കാര്യമെന്തെന്നറിയാൻ പെട്ടെന്നു് സ്വാമികൾ തിരിഞ്ഞുനോക്കി. അതോടെ നിബന്ധന അനുസരിച്ചു് ദേവി അവിടെ കുടിയിരുന്നു. അതാണു് അതിപ്രശസ്തമായ ശ്രീമൂകാംബികാക്ഷേത്രം. ശ്രീശങ്കരൻ താൻ ചെയ്ത തെററിനു മാപ്പു പറയുകയും തെററു പൊറുത്തു് തൻെറ കൂടെ വരണമെന്നു് മനസ്സലിഞ്ഞു് അപേക്ഷിക്കുകയും ചെയ്തു. അപ്പോൾ ദേവി ഇപ്രകാരം അരുളിച്ചെയ്തു:

'ഞാൻ കേരളീയക്കു് അഭിമുഖമായി കുടിയിരിക്കുന്നതുകൊണ്ടു് എൻെറ അനുഗ്രഹം എപ്പോഴും കേരളീയക്കായിരിക്കും. കൂടാതെ എന്നും രാവിലെ പ്രഭാതപൂജയ്ക്കു് എൻെറ സാന്നിദ്ധ്യം താങ്കൾ ആഗ്രഹിച്ചതനുസരിച്ചു് ചോററാനിക്കരദേവിയിൽ ഉണ്ടാകും. അതുകൊണ്ടു് സമാധാനത്തോടെ കേരളത്തിലേക്കു പോകൂ.'

ആചാര്യർ ആ ആജ്ഞ അനുസരിച്ചു് അടുത്ത പ്രഭാതത്തിൽ ചോററാനിക്കര എത്തി ദേവിയെ ദർശിച്ചു.

അതിൻപ്രകാരം ചോററാനിക്കര ഉഷഃപൂജയ്ക്കു് നട തുറക്കുമ്പോൾ മൂകാംബിയിൽ ക്ഷേത്രനട അടയ്ക്കുമെന്നാണു് വിശ്വാസം.

ശങ്കരാചാര്യർ ശൃംഗേരിയിൽ താമസിക്കുന്ന കാലത്താണു് തോടകാചാര്യർ എന്ന ശിഷ്യൻ കൂടെച്ചേർന്നതു്. ആനന്ദഗിരി എന്നായിരുന്നു ഈ ശിഷ്യൻെറ യഥാർത്ഥ നാമം. 'തോടക'മെന്നുള്ള ഛന്ദസ്സിൽ വേദാന്തവിഷയക

മായ സ്തോത്രങ്ങൾ നിർമ്മിച്ചു ചൊല്ലിയതുകൊണ്ടാണത്രെ തോടകൻ എന്ന പേർ ഇദ്ദേഹത്തിനു ലഭിച്ചതു്.

ശങ്കരാചാര്യർ ശൃംഗേരിയിൽ ഒരു മഠം സ്ഥാപിച്ചു് അതിലെ ആദ്യത്തെ മഠാധിപതിയായി സുരേശ്വരാചാര്യനെ നിയമിച്ചു. പിന്നീടു് ബദരീനാഥിൽ ജ്യോതിർ മഠം സ്ഥാപിച്ചപ്പോൾ സനന്ദനനെയാണു് അവിടെ മഠാധിപതിയാക്കിയതു്. ഉത്തരേന്ത്യക്കാരനായ സുരേശ്വരാചാര്യനെ തെക്കെ ഇന്ത്യയിലെ ശൃംഗേരിമഠത്തിന്റെയും തെക്കെ ഇന്ത്യക്കാരനായ സനന്ദനനെ അങ്ങു വടക്കുള്ള ബദരീമഠത്തിന്റെയും മഠാധിപതികളാക്കിയ ശ്രീശങ്കരൻ ദേശീയോദ്ഗ്രഥനത്തിനു് എത്ര മഹത്തായ മാതൃകയാണു് സമ്മാനിച്ചിട്ടുള്ളതു്!

## ഏഴു്

'ജനനീ ജന്മഭൂമിശ്ച
സ്വർഗ്ഗാദപി ഗരീയസീ'

അമ്മയും ജനിച്ച നാടും സ്വർഗ്ഗത്തേക്കാൾ പ്രധാനമത്രെ എന്നാണല്ലോ ആപ്തവാക്യം. മാതൃഭൂമിയുടെ സേവനത്തിനായി ജീവിതമർപ്പിച്ച ശ്രീശങ്കരൻ സ്വന്തം മാതാവിനോടുള്ള തന്റെ കടപ്പാടു് വിസ്മരിച്ചില്ല. സന്യാസം സ്വീകരിക്കാനായി ഇറങ്ങിത്തിരിച്ചപ്പോൾ അമ്മയ്ക്കു് ശങ്കരൻ വാക്കുകൊടുത്തിട്ടുണ്ടായിരുന്നു, അന്ത്യശുശ്രൂഷയ്ക്കും ശേഷക്രിയയ്ക്കും താനെത്തിച്ചേരുമെന്നു്.

ആചാര്യസ്വാമികൾ ശിഷ്യരുമൊത്തു് ശൃംഗേരിയിൽ താമസിക്കുമ്പോഴാണു് ഒരു ദിവസം തന്റെ അമ്മ അത്യാസന്നനിലയിലാണെന്നു് ദിവ്യദൃഷ്ടികൊണ്ടറിഞ്ഞതു്. ഉടൻതന്നെ ഏകാകിയായി ജന്മനാട്ടിലേക്കു പുറ

പ്പെട്ടു. യഥാസമയം പുത്രൻ എത്തി എന്നറിഞ്ഞപ്പോൾ ആ അമ്മയ്ക്കുണ്ടായ സന്തോഷം അനിർവചനീയമായിരുന്നു. മാതൃപാദത്തിൽ സാഷ്ടാംഗപ്രണാമം ചെയ്ത് ആ സർവ്വജ്ഞൻ ചൊല്ലിയ ശ്ലോകം പ്രസിദ്ധമാണ്. ഒരമ്മ തന്റെ കുഞ്ഞിനുവേണ്ടി സഹിക്കുന്ന കഷ്ടപ്പാടുകളും അനുഷ്ഠിക്കുന്ന വ്രതങ്ങളും ചെയ്യുന്ന ത്യാഗങ്ങളും ഒരു ശ്ലോകത്തിൽ ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ട്.

ആസ്താം താവദിയം പ്രസൂതിസമയേ
ദുർവാര ശൂല വ്യഥാ
നൈരുച്യം തനുശോഷണം മലമയീ
ശയ്യാ ച സാംവത്സരീ
ഏകസ്യാപിത ഗർഭ ഭാരഭരണ
ക്ലേശസ്യയസ്യാഃ ക്ഷമോ
ദാതും നിഷ്കൃതി മുന്നതോ പി തനയഃ
തസ്യൈ ജനന്യൈ നമഃ

ഈ കൃതിക്ക് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ നല്കിയ വിവർത്തനം:

നില്ക്കട്ടേ പേററുനോവിൻ കഥ, രുചി കുറയും
കാലമേറും ചടപ്പും
പൊയ്ക്കോട്ടേ കുട്ടിക്കുണ്ടാ മലമതിലൊരു കൊ-
ല്ലം കിടക്കും കിടപ്പും
നോക്കുമ്പോൾ ഗർഭമാകും വലിയ ചുമടെടുക്കു
ന്നതിൻ കൂലിപോലും
തീർക്കാവല്ലെത്ര യോഗ്യൻ മകനു, മതു
നിലയ്ക്കുള്ളൊരമ്മേ! തൊഴുന്നേൻ.

തന്റെ അന്ത്യനിമിഷങ്ങളടുത്തു എന്നു മനസ്സിലാക്കിയ ആ അമ്മ തന്റെ ആത്മാവിനു് സൽഗതി ലഭിക്കുവാനുള്ള മാർഗ്ഗങ്ങളാരായാൻ പുത്രനോടപേക്ഷിച്ചു: അമ്മയ്ക്ക് ആദ്യം മോക്ഷമാർഗ്ഗം ഉപദേശിച്ചു കൊടുത്തശേഷം

ശ്രീശങ്കരൻ ഭക്തിപൂർവ്വം ശിവകീർത്തനങ്ങൾ ചൊല്ലിത്തുടങ്ങി. അപ്പോൾ ശിവദൂതന്മാർ പ്രത്യക്ഷപ്പെട്ടു.

ശിവദൂതന്മാരെ കണ്ടു ഭയന്ന അമ്മയെ സമാശ്വസിപ്പിക്കാൻ കുലദൈവമായ വിഷ്ണുവിനെക്കുറിച്ചുള്ള കീർത്തനങ്ങളായി പിന്നീട്. അപ്പോൾ വിഷ്ണുദൂതന്മാർ ആഗമിക്കുകയും മഹാമനസ്വിനിയായ ആ മാതാവിൻെറ ആത്മാവിനെ വൈകുണ്ഠത്തിലേക്ക് കൊണ്ടുപോവുകയും ചെയ്തു.

തൻെറ ഒന്നാമത്തെ പ്രതിജ്ഞ നിറവേററിയ ശങ്കരാചാര്യർ രണ്ടാമത്തെ പ്രതിജ്ഞയിലേക്കു കടന്നു. മരിച്ചുകഴിഞ്ഞ അമ്മയുടെ ശേഷക്രിയ ചെയ്യണം. അയൽപക്കത്തു് ധാരാളം നമ്പൂതിരിഗൃഹങ്ങളുണ്ടു്. സാധാരണ നിലയ്ക്കു് ശേഷക്രിയ ഒരു പ്രശ്നമല്ല. പക്ഷേ, കാലടിനാട്ടിൻെറ ഏററവും പ്രഗത്ഭസന്താനമായ ശ്രീശങ്കരനു് പ്രതീക്ഷിക്കാത്ത എതിർപ്പാണു് എല്ലാ വശത്തുനിന്നുമുണ്ടായതു്. അവിടത്തെ യാഥാസ്ഥിതികരായ നമ്പൂതിരിമാർ സന്യാസിക്കു് ശേഷക്രിയ ചെയ്യാൻ അവകാശമില്ല എന്ന വാദത്തിൽ ഉറച്ചുനിന്നു. അതു മാത്രമോ? ശ്രീശങ്കരനെ കപടസന്യാസിയായി ചിത്രീകരിച്ചു് അപവാദ പ്രചരണവും ആരംഭിച്ചു. ചങ്ങമ്പുഴയുടെ ഭാഷയിൽ.

> 'ചെളിയിലെക്കീടമേ, ലജ്ജയില്ലേ, ചിത്ര-
> ശലഭത്തെനോക്കിപ്പുഴി പറയാൻ?'

എന്നു് ഏതു നിഷ്പക്ഷമതിയെക്കൊണ്ടും ചോദിപ്പിച്ചുപോകുന്ന ഒരു സ്ഥിതിവിശേഷം.

നമ്പൂതിരിമാരുടെ സുസംഘടിതമായ നിസ്സഹകരണം ശങ്കരാചാര്യരെ തെല്ലും വിഷമിപ്പിച്ചില്ല. അവരുടെ സഹായം കൂടാതെ എങ്ങനെ ശവം ചിതയിലേക്കെടുത്തുകൊണ്ടുപോകും എന്നതായിരുന്നല്ലോ പ്രശ്നം. ആചാര്യസ്വാമികൾക്കു് ഇതു് ഒരു പ്രശ്നമേ ആയില്ല. സ്വന്തം വീട്ടുവളപ്പിൽ ചിത തയ്യാറാക്കിയശേഷം അമ്മയുടെ ജഡം

കത്തികൊണ്ടു് തുണ്ടങ്ങളായി മുറിച്ചു. ആ തുണ്ടങ്ങഠം ഏററിക്കൊണ്ടുപോയി ചിതയിൽ വച്ചു. തീ കൊളുത്തി. സംസ്കാരവും നടന്നു. അങ്ങനെ നാട്ടിലെ ബ്രാഹ്മണസമൂഹത്തിനു് ഒരു പുതിയ വെളിച്ചം ശ്രീശങ്കരൻ പകൎന്നുകൊടുത്തു. പുരോഹിതന്മാരില്ലാതെയും കൎമ്മം നടത്താമെന്നു് ആചാര്യസ്വാമികഠം തെളിയിച്ചു.

അമ്മയുടെ സംസ്കാരത്തിനു് ശ്രീശങ്കരൻ കാണിച്ച മാതൃക പില്ക്കാലത്തു് നമ്പൂതിരിമാരുടെ ശവദാഹച്ചടങ്ങിനെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ഇന്നും നമ്പൂതിരിമാർ ശവം ദഹിപ്പിക്കാറുള്ളതു് സ്വന്തം വീട്ടുവളപ്പിലാണു്. ജഡം വെട്ടിമുറിക്കുന്നതിൻെറ സൂചനയായി നമ്പൂതിരിമാർ കത്തികൊണ്ടു് ജഡത്തിൻെറ മുകളിൽ വരയിടുന്നതുപോലെ കാണിക്കാറുണ്ടു്.

ഏതായാലും പുരോഹിതവൃന്ദം സമൂഹത്തിൻെറമേൽ ഏല്പിച്ച നീരാളിപ്പിടുത്തം വെട്ടിയറുക്കാൻ ശങ്കരാചാര്യൎക്കു് കഴിഞ്ഞു. അനാചാരങ്ങളാകുന്ന ഇത്തിക്കണ്ണികളെ വെട്ടിമാററിയാലേ ഹൈന്ദവമതമാകുന്ന അശ്വത്ഥം വീണ്ടും തഴച്ചുവളരൂ എന്നു് ആചാര്യസ്വാമികഠം കാണിച്ചു കൊടുത്തു.

## എട്ടു്

മാതാവിൻെറ ശവസംസ്കാരത്തിനുശേഷം ശൃംഗേരിയിലേക്കു് മടങ്ങിയ ആചാര്യസ്വാമികഠം അവിടെ കുറച്ചുകാലം കൂടി കഴിച്ചുകൂട്ടി. ഏറെത്താമസിയാതെ ദേശസഞ്ചാരം പുനരാരംഭിച്ചു.

ശ്രീശങ്കരൻ തൻെറ മുപ്പത്തിരണ്ടു വൎഷത്തെ ജീവിതകാലത്തിനിടയിൽ രണ്ടുതവണ അഖിലഭാരത പര്യടനം നടത്തുകയുണ്ടായി. താൻ സന്ദർശിച്ച സ്ഥലങ്ങളെ പ്രബു

ദ്ധവും സംശുദ്ധവും ആക്കുക എന്നതായിരുന്നു ശ്രീശങ്കരന്റെ ലക്ഷ്യം.

ഹൈന്ദവമതത്തിലെ ആരാധനാ വൈരുദ്ധ്യങ്ങൾക്ക് ശാസ്ത്രീയ വിശദീകരണം നൽകി നാനാത്വത്തിൽ ഏകത്വം ദർശിക്കാൻ അദ്ദേഹം പണ്ഡിതന്മാരേയും സാധാരണ ജനങ്ങളേയും തയ്യാറാക്കി. മതാചാരങ്ങളുടെ കാലോചിതമായ നവീകരണവും തന്റെ പര്യടനത്തിലൂടെ ആ മഹാനുഭാവൻ നേടിയെടുത്തു.

ഉദാഹരണത്തിന് ശ്രീശങ്കരന്റെ കാഞ്ചീപുരം സന്ദർശനം ആചാരപരിഷ്കാരങ്ങളുടെ മുന്നോടിയായി പരിണമിച്ച സംഭവമെടുക്കാം. ആചാര്യരുടെ ഉദ്ബോധനവൈദഗ്ദ്ധ്യത്തിന്റെ ഫലമായി കാഞ്ചീപുരം ക്ഷേത്രത്തിലെ കോഴിവെട്ടും മദ്യനിവേദ്യവും നിർത്തലാക്കി. കാഞ്ചിയിൽ ഒരു മഠം സ്ഥാപിക്കുകയും ആ മഠസ്ഥാപനത്തിനു വേണ്ട സാമ്പത്തികസഹായങ്ങൾ നൽകാൻ ചോളപാണ്ഡ്യരാജാക്കന്മാരെ അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തു.

തെക്കേ ഇന്ത്യയിലെ പര്യടനത്തിനിടയിൽ പ്രസിദ്ധമായ ഗോകർണ്ണവും മൂകാംബിയും ആചാര്യർ സന്ദർശിച്ചു. മൂകാംബിയിലേക്കുള്ള യാത്രക്കിടയിൽ ഒരു അത്ഭുത സംഭവം ആവർത്തിക്കപ്പെട്ടു.

ശോകാകുലരായ ഒരു യുവദമ്പതികളെ കണ്ടപ്പോൾ സ്വാമികൾ ദുഃഖകാരണം അന്വേഷിച്ചു. തങ്ങളുടെ ഏക സന്താനം മരിച്ചുകിടക്കുകയാണെന്നും തങ്ങൾക്ക് ദുഃഖനിവൃത്തി ഉണ്ടാക്കിത്തരണമെന്നും ആ ദമ്പതികൾ ഉണർത്തിച്ചു.

മാതൃസ്നേഹത്തിന്റെ ആഴം നല്ലപോലെ അറിയാമായിരുന്ന സ്വാമികൾ കരുണാശീതളമായ തന്റെ കൈകൊണ്ട് കുഞ്ഞിനെ തൊട്ടുഴിഞ്ഞു. അടുത്ത നിമിഷം കുഞ്ഞിന് ശ്വാസം തിരിച്ചുകിട്ടി. മരിച്ചുപോയ കുഞ്ഞി

നെ വീണ്ടുകിട്ടിയ ആ മാതാപിതാക്കൾക്കുണ്ടായ ആഹ്ലാദം വിവരിക്കേണ്ടതില്ലല്ലോ!

ശ്രീബലി എന്ന സ്ഥലത്തെത്തിയപ്പോൾ മറെറാരു സംഭവം നടന്നു. പണ്ഡിതശ്രേഷ്ഠനായ ഒരു ബ്രാഹ്മണൻ ശ്രീശങ്കരനെ സമീപിച്ചു. പ്രഭാകരൻ എന്നു പേരുള്ള ആ ബ്രാഹ്മണോത്തമൻെറ ഏകപുത്രൻ യാദൃച്ഛികമായി ഊമയായ്പ്പോയിരുന്നു. സംഭവം ഇങ്ങനെയാണ്:

കുഞ്ഞുനാളിൽ അവനെ നദീതീരത്തിരുന്ന ഒരു യോഗിവശം ഏല്പിച്ച് അമ്മ കുളിക്കാനിറങ്ങി. തിരിച്ചു വന്നപ്പോൾ കുഞ്ഞിനെക്കാണാനില്ല. ധ്യാനനിമഗ്നനായിത്തീർന്ന യോഗിക്ക് കുഞ്ഞിൻെറ നീക്കങ്ങൾ ശ്രദ്ധിക്കാനൊത്തില്ല. ആ കൊച്ചു കുട്ടി നദിയിൽ വീണതായി അറിഞ്ഞ് യോഗി തൻെറ തപശ്ശക്തികൊണ്ട് ജലപ്പരപ്പിൽനിന്ന് തിരിച്ചെടുത്തു. പക്ഷേ, അതിനിടയിൽ അമൂല്യമായ ഒന്ന് അവനു നഷ്ടപ്പെട്ടിരുന്നു—അവൻെറ സംസാരശേഷി.

അങ്ങനെ ഊമയായി വളൎന്ന തൻെറ മകനെയുംകൊണ്ടാണ് ബ്രാഹ്മണപണ്ഡിതൻ ശങ്കരാചാര്യരെ സമീപിച്ചത്. സ്വാമികളാകട്ടെ ആ യുവാവിൻെറ നെററിയിൽ ഭസ്മം തൊട്ടു. തല ഉയൎത്തിനോക്കിയിട്ട് അവനോട് 'ഹേ ബാലാ! നീയാര്?' എന്നു ചോദിച്ചു. ചുററുമുള്ളവരെയെല്ലാം അമ്പരപ്പിച്ചുകൊണ്ട് അവൻ സ്വരമാധുര്യത്തോടുകൂടി ഒരു സംസ്കൃത ശ്ലോകം മറുപടിയായി ചൊല്ലി! വേദാന്തതത്ത്വങ്ങൾ ഉള്ളംകൈയിലെ നെല്ലിക്കപോലെ കൈകാര്യം ചെയ്യാനുള്ള കഴിവ് അവനുണ്ടെന്നു വിളിച്ചോതുന്നതായിരുന്നു ആ ശ്ലോകം. അതിനാൽ ഹസ്താമലകൻ എന്ന് അവനു പേർ ലഭിച്ചു.

തന്നെ ശിഷ്യനായി സ്വീകരിക്കണമെന്ന് ആ യുവാവ് അഭ്യൎത്ഥിച്ചപ്പോൾ ശങ്കരാചാര്യർ സന്തുഷ്ടനായി. വൎഷങ്ങൾക്കുശേഷം ദ്വാരകയിലെ മഠാധിപതിയായി ശങ്കരാചാര്യർ അവരോധിച്ചത് ഈ ഹസ്താമലകനെയായിരുന്നു.

തൻെറ ഭാരതപര്യടനത്തിനിടയിൽ ഹൈന്ദവമതത്തിൻെറ വൈവിദ്ധ്യഭാവങ്ങൾ ശരിക്കും മനസ്സിലാക്കാൻ ശ്രീശങ്കരനു കഴിഞ്ഞു. കൂപമണ്ഡൂകങ്ങൾപോലെ തങ്ങളാരാധിക്കുന്ന ദേവൻമാത്രമാണു് യഥാൎത്ഥ ദേവൻ എന്നു വിശ്വസിച്ചു് അതിൻെറ പേരിൽ തമ്മിൽതല്ലുന്ന കാഴ്ചയാണു് എവിടെയും കണ്ടതു്. ഈ വിവിധ വിഭാഗക്കാൎക്കും ഒന്നുപോലെ സ്വീകാര്യമാകുമാറു് ശ്രീശങ്കരൻ തൻെറ അദ്വൈത സമീപനം കാഴ്ചവച്ചു.

ഭാരതത്തിൻെറ വടക്കുകിഴക്കെ അററത്തുള്ള ആസാം വരെ ശങ്കരാചാര്യരുടെ സന്ദർശനപരിപാടിയിൽ ഉൾപ്പെട്ടു. ആസാമിൽവെച്ചാണത്രെ ശാക്തേയന്മാരിൽ പ്രമുഖനും മഹാവിദ്വാനുമായ അഭിനവ ഗുപ്തനുമായി ശ്രീശങ്കരൻ ഏററുമുട്ടിയതു്. തൎക്കത്തിൽ തോററ അഭിനവ ഗുപ്തൻ മനസ്സിൽ പക പുലത്തിക്കൊണ്ടു് പ്രതിയോഗിയുടെ നേരെ ക്ഷുദ്രപ്രയോഗങ്ങൾ ചെയ്തു. ഇതിൻെറ ഫലമായി ആചാര്യസ്വാമികൾക്കു് കഠിനമായ ശിരോവ്യാധി പിടിപെട്ടു. ഭാഗ്യവശാൽ ശിഷ്യന്മാരുടെ അന്വേഷണഫലമായി രോഗകാരണം മനസ്സിലായി. സനന്ദനൻെറ നേതൃത്വത്തിൽ പ്രതിവിധിപ്രയോഗം നടത്തുകയും ചെയ്തു. അങ്ങനെ ആചാര്യർ രോഗവിമുക്തനായി.

ഒരു മഹാദൗത്യത്തിൻെറ പൂത്തീകരണമായിരുന്നു ഈ ജൈത്രയാത്രയിലൂടെ ശങ്കരൻ സാധിച്ചതു്. പ്രാചീനധൎമ്മം പുനഃസ്ഥാപിക്കുക, അതിൻെറ ആത്മാവിനു തെളിച്ചം നൽകുക, കാലം വരുത്തിവച്ച കളങ്കങ്ങൾ നിൎമ്മാജ്ജനം ചെയ്യുക എന്നീ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനു് ബദരി മുതൽ കേദാരംവരെയും രാമേശ്വരത്തും കന്യാകുമാരിയിലുമെല്ലാം ശ്രീശങ്കരൻ തൻെറ പാദമുദ്രകൾ പതിപ്പിച്ചിട്ടുണ്ടു്.

മുമ്പു സൂചിപ്പിച്ചതുപോലെ മതസഹിഷ്ണുത വളത്തുക,

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം



ജാതിഭിന്നതകൾ തുടച്ചുനീക്കുക, ഐക്യത്തിൻെറ തത്ത്വം അദ്വൈതത്തിൻെറ നവീനവ്യാഖ്യാനംകൊണ്ടു് സ്ഥാപിക്കുക ഇതെല്ലാം സഫലമായി. ആറു പ്രമുഖ ഹൈന്ദവ വിശ്വാസങ്ങളെ ശുദ്ധീകരിച്ചുറപ്പിക്കാൻ ശ്രമിച്ചതുകൊണ്ടു് ഷൺമതസ്ഥാപകാചാര്യ എന്നുകൂടി വിളിക്കാറുണ്ടു്. ശൈവം, വൈഷ്ണവം, ശാക്തം, സൗരം, ഗാണപത്യം, കൗമാരം എന്നീ വിശ്വാസങ്ങൾതന്നെയാണു് ആറെണ്ണം. സഹിഷ്ണുത വളർത്താൻ പഞ്ചായതന ആരാധനാരീതി നടപ്പിലാക്കി. ഇതനുസരിച്ചു് ആദിത്യൻ, അംബിക, വിഷ്ണു, ഗണനാഥൻ, മഹേശ്വരൻ, എന്നീ അഞ്ചു ദേവതകളെ ഒന്നിച്ചു് ആരാധിക്കുന്നു. പ്രാമുഖ്യം ഭക്തൻെറ ഇഷ്ടദേവതയ്ക്കു നൽകാം. മാർക്കണ്ഡേയസംഹിതയനുസരിച്ചുള്ള പഞ്ചായതന ആരാധന നടത്താൻ തൻെറ ശിഷ്യന്മാരോടും അനുയായികളോടും ശങ്കരൻ ആവശ്യപ്പെട്ടു.

9C1963

മൈസൂർ സംസ്ഥാനത്തിലെ ഹരിഹറിൽ ശങ്കരൻ സന്ദർശിച്ചപ്പോളുണ്ടായ സംഭവം മാത്രം എടുത്തുകാട്ടട്ടെ. സുശക്തമായ ഒരു വൈഷ്ണവ കേന്ദ്രമായിരുന്നു അതു്. ക്ഷേത്രദർശനത്തിനു ശ്രീശങ്കരൻ ചെന്നപ്പോൾ ദേഹത്തു വിഭൂതി, രുദ്രാക്ഷം തുടങ്ങിയ ശൈവമുദ്രകൾ കണ്ടു് ക്ഷേത്രഭാരവാഹികൾ അദ്ദേഹത്തെ തടഞ്ഞു. വിഷ്ണുവിനും ശിവനും തമ്മിൽ വ്യത്യാസമൊന്നും ഇല്ലെന്നും ക്ഷേത്രത്തിലെ വിഗ്രഹം ആത്യന്തികമായ യാഥാർത്ഥ്യത്തെയാണു പ്രതിനിധാനം ചെയ്യുന്നതെന്നും അദ്ദേഹം വിവരിച്ചുകൊടുത്തു. ഇങ്ങനെ അധികൃതരെ കാര്യം പറഞ്ഞു ബോധ്യപ്പെടുത്തിയാണു് അദ്ദേഹം ക്ഷേത്രത്തിനകത്തേക്കു കാലു കുത്തിയതു്. പെട്ടെന്നതാ വിഗ്രഹം പകുതി വിഷ്ണുവും പകുതി ശിവനുമാകുന്നു. ഹരിഹരനായി രൂപാന്തരപ്പെട്ടതുകണ്ടു് ആ വൈഷ്ണവ ഭക്തന്മാർ അത്ഭുതപ്പെട്ടുപോയി. ആരാധനക്രമങ്ങളെ ഏകീകരിക്കാനുള്ള ശ്രമങ്ങൾ ഫലപ്രദമായി എന്നു പറയേണ്ടതില്ലല്ലോ. ഭാരതഖണ്ഡത്തെ ഭൂമിശാസ്ത്രപ

കുട്ടികളുടെ വിഭാഗം
Stock Verified 2019

രമായി ഏകീകരിക്കാനും വിശ്വാസപ്രമാണങ്ങളുടെ വൈരുദ്ധ്യത്തെ വ്യാഖ്യാനിക്കാനും ശ്രീശങ്കരൻെറ ഭാരതപര്യടനം അഥവാ ജൈത്രയാത്ര വളരെയധികം പ്രയോജനപ്പെട്ടു.

## ഒൻപത്

പൗരാണികകാലം തൊട്ടുതന്നെ കാശ്മീരദേശം ഭാരതാംബയുടെ ഉത്തമാംഗമായിട്ടാണ് ഗണിച്ചു പോരുന്നതു്. ഭൂപടത്തിൽ ഇന്ത്യയുടെ ഏററവും മുകാംഭാഗത്താണ് ആ ദേശത്തിൻെറ കിടപ്പ് എന്നതു മാത്രമല്ല ഇതിനു കാരണം. ശ്രീശങ്കരൻെറ ശിരസ്സിനെ 'മലയാളത്തിൻെറ തല'യായി വള്ളത്തോൾ സങ്കല്പിച്ചു കവിതരചിച്ചതു് മുമ്പു സൂചിപ്പിട്ടുണ്ടല്ലോ. ആ അത്ഥത്തിലും കാശ്മീരദേശം ഇന്ത്യയുടെ ശിരസ്സാണ്. എത്രയെത്ര പണ്ഡിതന്മാരുടെയും കവികളുടെയും ദാർശനികന്മാരുടെയും വളർത്തുതൊട്ടിലാണ് ആ ഭൂപ്രദേശം!

കാവ്യമീമാംസാകാരനായ ആനന്ദവദ്ധനൻ, ക്ഷേമേന്ദ്രൻ, രുദ്രടൻ, മമ്മടൻ, മഹിമഭട്ടൻ എന്നിവരെല്ലാം ആ പ്രശസ്തദേശത്തിൻെറ പ്രഗത്ഭ സന്താനങ്ങളത്രേ. ഇന്ത്യ ദർശിച്ചിട്ടുള്ള ഏററവും വലിയ സത്യാന്വേഷിയായ ശ്രീശങ്കരൻ കാശ്മീരത്തിൻെറ ആത്മീയ പ്രഭാവത്താൽ ആകൃഷ്ടനായി എങ്കിൽ അത്ഭുതപ്പെടാനില്ലല്ലോ.

പ്രകൃതിസൗന്ദര്യംകൊണ്ടു് അനുഗൃഹീതമായ ഈ സ്ഥലം മനുഷ്യൻെറ ആന്തരികസൗന്ദര്യത്തിൻെറയും കേളീരംഗമായിരുന്നു. എ. ഡി. 631—ൽ കാശ്മീരം സന്ദശിച്ച ഹ്വയാൻ സാങ്ങും അക്ബർചക്രവർത്തിയുടെ ഉപദേഷ്ടാവായ അബ്ബുൾഫാസലും അവിടത്തെ ജനങ്ങളുടെ

ബുദ്ധിപരമായ ഔന്നത്യത്തേയും സ്വഭാവൗൽകൃഷ്ട്യത്തേയും പാടി പുകഴ്ത്തിയിട്ടുണ്ട്.

വിജ്ഞാനദേവതയായ ശാരദാംബികയുടെ ഒരു ക്ഷേത്രം പണ്ടുപണ്ടേ അവിടെ സ്ഥാപിക്കപ്പെട്ടിരുന്നു. ഈ ക്ഷേത്രവും നേരത്തേതന്നെ ശ്രീശങ്കരൻെറ ശ്രദ്ധ പിടിച്ചു പററിയിരുന്നു.

നാലു കവാടങ്ങളുള്ള ഒരു മണ്ഡപത്തിൻെറ ആകൃതിയിലായിരുന്നത്രേ ആ ക്ഷേത്രം. ക്ഷേത്രത്തിനകത്തു് ദേവിക്കഭിമുഖമായി ഒരു പീഠം പ്രതിഷ്ഠിച്ചിരുന്നു. സർവ്വജ്ഞപീഠം എന്ന പേരിലാണു് അതറിയപ്പെടുന്നതു്. സർവ്വജ്ഞനായ ഒരാൾക്കു മാത്രമേ ആ പീഠത്തിൽ ഇരിപ്പുറപ്പിക്കാൻ കഴിയൂ. വടക്കൻ പ്രദേശത്തുനിന്നുവന്ന പണ്ഡിതന്മാർ വടക്കേ കവാടത്തിലൂടെയും പടിഞ്ഞാറുനിന്നുവന്നവർ പടിഞ്ഞാറേ കവാടത്തിലൂടെയും കിഴക്കുനിന്നുള്ളവർ കിഴക്കേ പ്രവേശനദ്വാരത്തിലൂടെയും തെക്കുനിന്നുള്ളവർ തെക്കൻ കവാടത്തിലൂടെയും പ്രവേശിച്ചു് സർവ്വജ്ഞപീഠത്തിൽ ഇരിക്കാൻ ശ്രമിക്കണമെന്നായിരുന്നു നിഷ്ക്കർഷ.

മററു കവാടങ്ങളിലൂടെയെല്ലാം പണ്ഡിതശ്രേഷ്ഠന്മാർ വന്നു് ഇരിപ്പുറപ്പിക്കാൻ ശ്രമിച്ചു് പരാജയപ്പെട്ടിട്ടുണ്ടായിരുന്നു അതിനകം. ഭാരതത്തിൻെറ തെക്കൻ പ്രദേശത്തുനിന്നുമാത്രം ആരും ആ സാഹസത്തിനു് അതുവരെ ഒരുങ്ങിയിരുന്നില്ല. കവാടത്തിനുള്ളിലൂടെ കടന്നു കഴിഞ്ഞാൽ പ്രഗത്ഭപണ്ഡിതന്മാരുമായുള്ള വാദപ്രതിവാദത്തിലൂടെ തൻെറ സർവ്വജ്ഞത്വം തെളിയിച്ച ശേഷമേ പീഠത്തിൽ കയറാൻ ഒരുങ്ങാവൂ.

കാശ്മീരദേശത്തെ ഈ ക്ഷേത്രത്തെക്കുറിച്ചു് കേട്ട ശ്രീശങ്കരൻ ആ സർവ്വജ്ഞപീഠം തനിക്കു് അവഗണിക്കാനാവാത്ത ഒരു വെല്ലുവിളിയായി ദർശിച്ചതു് സ്വാഭാവികം മാത്രമാണല്ലോ. അങ്ങനെ ശിഷ്യന്മാരുമൊത്തു്

ശ്രീശങ്കരൻ കാശ്മീരത്തിലെത്തി. ശാരദാംബികാ ക്ഷേത്രത്തിൽ ദക്ഷിണകവാടത്തിലൂടെ പ്രവേശിച്ചു.

ഉഭയഭാരതിയിൽനിന്നു് സർവ്വജ്ഞപട്ടം നേടിയ ശ്രീശങ്കരൻെറ പ്രശസ്തിയാൽ ആകൃഷ്ടരായി പണ്ഡിതന്മാർ പലരും അവിടെ നിരന്നുകഴിഞ്ഞിരുന്നു. ചൂടേറിയ വാദപ്രതിവാദങ്ങൾ പലതും തുടർന്നു നടന്നു. സാംഖ്യ ദ്വന്ദ്വവാദികളും ബുദ്ധജൈനസിദ്ധാന്തികളും യഥാസ്ഥിതിക ഹൈന്ദവ പണ്ഡിതന്മാരും ഊഴമിട്ടു് ശ്രീശങ്കരനെ നേരിട്ടു.

തനിക്കുള്ള അഗാധപാണ്ഡിത്യത്തോടൊപ്പം അദ്വൈതസിദ്ധാന്തത്തിൻെറ പരമ ഔന്നത്യവും അവരെക്കൊണ്ടെല്ലാം ആചാര്യസ്വാമികൾ അംഗീകരിപ്പിച്ചു.

ഇത്രത്തോളമായപ്പോൾ ക്ഷേത്രത്തിൻെറ ശ്രീകോവിൽ താനേ തുറക്കുകയും സാക്ഷാൽ സരസ്വതീദേവിതന്നെ ആചാര്യനെ ഒരു പരീക്ഷണത്തിനു് വിധേയനാക്കുകയും ചെയ്തു. അതിലും അദ്ദേഹം വിജയശ്രീലാളിതനായി. സർവ്വജ്ഞപീഠത്തിലിരിക്കാൻ ശ്രീശങ്കരൻ സർവ്വഥാ അർഹനാണെന്നു് ദേവി പ്രഖ്യാപിച്ചു. അതോടെ ശങ്കരാചാര്യർ സർവ്വജ്ഞപീഠത്തിലേക്കു് ആനയിക്കപ്പെട്ടു.

അഭൂതപൂർവ്വമായ ഈ വിജയത്തിൻെറ നിമിഷത്തിലും സ്വതസ്സിദ്ധമായ വിനയം ആചാര്യനെ കൈവിട്ടില്ല. തൻെറ വിജയത്തെ വ്യക്തിപരമായ ഒരു വിജയമായി ദർശിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. അദ്വൈതസിദ്ധാന്തത്തിൻെറ നൈസർഗ്ഗികമഹത്വമായി അതിനെ വ്യാഖ്യാനിക്കാനാണു് അദ്ദേഹം ശ്രമിച്ചതു്.

പരമ്പരാഗതമായിത്തന്നെ ആത്മീയപ്രഭാവം നിലനിന്നുപോന്ന കാശ്മീരദേശം ശ്രീശങ്കരൻെറ സന്ദർശനത്താൽ കൂടുതൽ പരിപാവനമായിത്തീൎന്നു. ശങ്കരാചാര്യമല എന്ന പേരിൽ ഇന്നറിയപ്പെടുന്ന ഒരു കുന്നിൻമുകളിൽ ഒരു ശങ്കരക്ഷേത്രം സ്ഥാപിക്കപ്പെട്ടു. ശ്രീനഗറിൻെറ

പ്രാന്തപ്രദേശത്തു്, ഏതാണ്ടു് ആയിരമടി പൊക്കത്തിലാണു് ക്ഷേത്രത്തിൻെറ നില്പു്.

'സൗന്ദര്യലഹരി' എന്ന പ്രസിദ്ധമായ കൃതി ശ്രീശങ്കരൻ രചിച്ചതു് കാശ്മീരത്തിൽവച്ചാണത്രേ. 'ശിവശ്ശക്ത്യായുക്തോ' എന്നാരംഭിക്കുന്ന ആ സ്തോത്രകൃതിയുടെ ശില്പഭംഗിയും ഗാനമധുരിമയും നൂറു ശ്ലോകങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. ദേവിയെ പരമോന്നത സൗന്ദര്യത്തിൻെറ മൂർത്തീകാരമായി വിവരിക്കുന്ന ഈ കൃതിക്കു് ഒട്ടേറെ മലയാളവിവർത്തനങ്ങരം ഉണ്ടായിട്ടുണ്ടു്. മഹാകവി കുമാരനാശാൻെറ വിവർത്തനമാണു് അവയിൽ ഏററവും ശ്രദ്ധേയമായിട്ടുള്ളതു്. ഭക്തന്മാർ ദൈവത്തെ പല രൂപത്തിലും പല പേരുകളിലും ആരാധിക്കുന്നു. ഏതു നദിയിൽ പതിക്കുന്ന വെള്ളവും അവസാനം സമുദ്രത്തിൽ എത്തിച്ചേരുന്നതുപോലെ ഏതു ദൈവനാമത്തിൽ ചെയ്യുന്ന പ്രാർത്ഥനയും അവസാനം ഒരിടത്തെത്തിച്ചേരുന്നു. ദൈവം അരൂപിയാണെങ്കിലും, ഭക്തന്മാരുടെ സൗകര്യത്തിനും സങ്കല്പത്തിനുമൊത്തു് പല രൂപത്തിലും ധ്യാനിക്കപ്പെടുന്നുവെന്നേയുള്ളു.

ഈശ്വരസങ്കല്പത്തിൻെറ പ്രാഥമികഘട്ടമാണു് വിഗ്രഹാരാധന. അടുത്തതു് ജപവും സ്തോത്രാലാപനവുമാണു്. അതിലുമുയർന്നതത്രേ മനസ്സുകൊണ്ടുള്ള ആരാധന. 'അഹം ബ്രഹ്മാസ്മി' എന്ന ചിന്ത വന്നു കഴിഞ്ഞാൽ ഭഗവദ് സാക്ഷാത്കാരം ആയിക്കഴിഞ്ഞു.

ജീവിതത്തിലെ ഓരോ കർമ്മത്തെയും ഒരു ഭഗവദർച്ചനയായി ദർശിക്കാനും ലോകത്തെ മുഴുവൻ സ്വന്തം ആത്മാവിൽ ഉരംക്കൊള്ളുവാനും സാധിക്കുന്ന അവസ്ഥയാണു് ആത്മീയ പുരോഗതിയുടെ പരമകാഷ്ഠ. അതിലേക്കു് ഘട്ടം ഘട്ടമായി ഭക്തന്മാരെ നയിക്കുന്ന ഒരു ഉത്തമസ്തോത്രകൃതിയത്രേ 'സൗന്ദര്യലഹരി'. അവസാനശ്ലോകത്തിനു് ആശാൻ കൊടുത്ത വിവർത്തനമിതാണു്:

**ദീപത്തിൻ ജ്വാലതന്നാൽ ദിനകരനു സമാ–**
**രാധനം ദേവി, യിന്ദു**
**ഗ്രാമത്തിൻ ശീകരത്താൽ ഹിമകരനു വിധി–**
**ക്കുന്നു പൂജാവിധാനം.**
**ആപംതൻേറതെട്ടത്തംബുധിയതിന്നരുളം**
**തർപ്പണംതന്നെ നിന്നെ–**
**ബ്ഭാവിച്ചീ നിൻെറ വാക്കാൽ ജനനി! ലിപിമയീ!**
**തീർത്താരീ സ്തോത്രജാലം.**

ആലോചനാമധുരമാകണം സ്തോത്രങ്ങളെന്ന നിഷ്കർഷ ശ്രീ ശങ്കരാചാര്യർ തൻെറ കൃതികളിലെല്ലാം പാലിച്ചിരുന്നു വെന്നതിന് ഈ ശ്ലോകംതന്നെ ഒരു തെളിവാണ്. സൂര്യ നാണ് ഭൂലോകത്തുള്ള എല്ലാ ഊർജ്ജരൂപങ്ങളുടേയും ഉല്പ ത്തിസ്ഥാനം.ആ സൂര്യനെ ആരാധിക്കാൻ സൂര്യനിൽനിന്നു പകന്നു കിട്ടിയ ഇത്തിരി വെളിച്ചം കാട്ടുന്ന ദീപമെടുത്തു പ്രഭാതത്തിലും സന്ധ്യയ്ക്കും നാം അർച്ചന നടത്തുന്ന പതി വുണ്ട്. ചന്ദ്രനെ പൂജിക്കാൻ ചന്ദ്രകാന്തക്കല്ല് ഉപയോഗി ക്കുന്നപോലെയും സമുദ്രത്തെ പൂജിക്കാൻ ഒരു കൈക്കുടന്ന ജലം കടലിൽനിന്ന് കോരിയെടുത്ത് അർച്ചിക്കുന്നപോ ലെയും, വാണീദേവിയുടെ അനുഗ്രഹത്താൽ സിദ്ധിച്ച ഏതാനും വാക്കുകളെടുത്ത് ആരാധിക്കാൻ ശ്രമിക്കുകയാ ണ് സരസ്വതിയെക്കുറിച്ചുള്ള തൻെറ സ്തോത്രവും എന്നതാ ണല്ലോ ഇതിൻെറ സാരം.

## പത്ത്

ബദരീനാഥം! സുപരിചിതമായ സ്ഥലനാമം! സുപ്രസി ദ്ധമായ തീർത്ഥാടനകേന്ദ്രം! പക്ഷേ, ബദരി എന്നു കേ‌ാക്കു മ്പോഠം അറിയാമെന്ന ഭാവത്തിൽ തലയാട്ടുന്ന എത്രപേർ ആ സ്ഥലത്തെത്തിച്ചേരാനുള്ള പ്രയാസങ്ങളുടെ പൂർണ്ണരൂ

പം ഗ്രഹിച്ചിട്ടുണ്ടു്? മനുഷ്യൻ ചന്ദ്രനിൽ കാലു കുത്തിയ ഈ ഇരുപതാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽപോലും, റോഡുകളും ബസ്സുകളും ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തിയിട്ടുള്ള ഈ കാലഘട്ടത്തിൽപോലും ബദരീനാഥ് അതിസാഹസികന്മാക്കൊഴിച്ചു് മററുള്ളവക്കു് അപ്രാപ്യ മായിത്തന്നെ നിലകൊള്ളുന്നു.

ഹരിദ്വാരമാണല്ലോ ഹിമാലയപ്രാന്തത്തിലെ പുണ്യ ക്ഷേത്രങ്ങളിലേക്കുള്ള കവാടം. ഗംഗാനദി ഹിമാലയസാ ൻക്കൾ വിട്ടു് ഉത്തരേന്ത്യൻ സമതലത്തിലെത്തുന്നതു് ഹരി ദ്വാരത്തിൽവച്ചാണു്. ഹരിദ്വാരത്തിൽനിന്നു് ഋഷികേ ശത്തിലെത്താൻ മലനിരകൾക്കിടയിലൂടെയുള്ള ബസ്സ് സവ്വീസിൽ യാത്ര ചെയ്താൽ മതി. അവിടെനിന്നു് ഒര മ്പതു മൈൽ വീണ്ടും ബസ്സിൽ പോയാൽ ദേവപ്രയാഗ യിലെത്താം. അവിടംമുതൽ ആറോ എട്ടോ അടിമാത്രം വീതിയുള്ള നടപ്പാത ചവുട്ടി വേണം യാത്ര.

ഉച്ചഭക്ഷണത്തിനും മററും ചില താവളങ്ങൾ കണ്ടുകി ട്ടാനിടയുണ്ടു്. ബത്തിസേര എന്ന സ്ഥലത്തു് ശുദ്ധജലം നൽകുന്ന ഒരു കുഴൽ ഏർപ്പെടുത്തിയിട്ടുണ്ടു്. ക്ഷീണിതരായ തീത്ഥാടകക്കു് അതെന്തൊരനുഗ്രഹമാണെന്നോ! പിന്നെ യും മുന്നോട്ടു പോയാൽ അനേകം ചെറുമലകൾക്കിടയിലൂ ടെ അളകനന്ദ പ്രവഹിക്കുന്നതു കാണാം. മന്ദാകിനിയും അളകനന്ദയും ചേരുന്ന സ്ഥലമാണു് രുദ്രപ്രയാഗ. ഈ സംഗമസ്ഥാനം പരിപാവനമായി ബദരിയാത്രക്കാർ കരു തുന്നു.

രുദ്രപ്രയാഗയിൽനിന്നു് ഒരു റോഡു് കേദാർനാഥത്തി ലേക്കും മറെറാരു റോഡു് നേരെ ബദരീനാഥിലേക്കും പോകുന്നു. ബദരീനാഥിലേക്കുള്ള വഴിയിലൂടെ വളരെ ദൂരം താണ്ടിയാൽ കണ്ണപ്രയാഗിലെത്തും. ദേവദാരു മര ങ്ങൾ ഇടതൂന്നു നില്ക്കുന്ന മലഞ്ചെരുവുകളും സ്ലേററുപാറകൾ കൊണ്ടു മൂടിയ പാറക്കെട്ടുകളും പിന്നീടങ്ങോട്ടുള്ള വഴി

യിൽ കാണാം. മുന്നൂറടി താഴെ പാറക്കെട്ടുകൾക്കിടയിലൂടെയുള്ള നദിയുടെ കുതിച്ചൊഴുക്ക് ഒരേ സമയത്ത് ഭീകരവും മോഹനവുമായ ഒരു കാഴ്ചയാണ്. ശരിക്കും കണ്ണഞ്ചിക്കുന്ന കാഴ്ചതന്നെ.

പിന്നെയും പതിനഞ്ചു മൈൽ സഞ്ചരിക്കണം ബദരിയിലെത്താൻ. ബദരിയിലേക്കുള്ള യാത്രയിലെ അവസാനത്തെ താവളം ഹനുമാൻചട്ടിയാണ്. അവിടന്നങ്ങോട്ടുള്ള അവസാനത്തെ അഞ്ചു മൈൽ യാത്ര ചെയ്യാൻ അരോഗദൃഢഗാത്രർക്ക് ചുരുങ്ങിയതു മൂന്നു മണിക്കൂർ വേണം.

ഇത്രയൊക്കെ ക്ലേശങ്ങൾ സഹിച്ചാണ് ഇന്നുള്ള ആളുകൾ ബദരിയിലെത്തുന്നത്. അപ്പോൾ ശ്രീശങ്കരൻെറ കാലത്തെ കഥ പറയാനുണ്ടോ! ശ്രീശങ്കരനാകട്ടേ ബദരിയിൽ രണ്ടു തവണ സന്ദർശനം നടത്തി. രണ്ടാമത്തെ തവണ അവിടെ ജ്യോതിർമഠം എന്ന പേരിലറിയപ്പെടുന്ന മഠവും സ്ഥാപിച്ചു.

ശങ്കരാചാര്യരുടെ ആദ്യത്തെ ബദരീസന്ദർശനം കാശിയിൽ താമസിച്ചിരുന്ന കാലത്താണ നടന്നത്. ചണ്ഡാലവേഷത്തിൽ വന്ന പരമശിവൻെറ നിർദ്ദേശപ്രകാരം വ്യാസഭഗവാൻെറ അനുഗ്രഹാശിസ്സുകൾ നേടാനാണ് അന്നു ബദരിയിലെത്തിയത് എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. തൻെറ ഗുരുവായ ഗോവിന്ദഭഗവത്പാദരേയും അന്ന് അദ്ദേഹം സന്ദർശിക്കുകയുണ്ടായി,

തൻെറ രണ്ടാമത്തെ സന്ദർശനകാലത്ത് ശ്രീശങ്കരന് ഒരിക്കൽ മഹാവിഷ്ണു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടുവത്രേ! അളകനന്ദയുടെ തീരത്തായി ഒരു പുണ്യവിഗ്രഹം കിടപ്പുണ്ടെന്നും ഒരു ക്ഷേത്രമുണ്ടാക്കി അതു പ്രതിഷ്ഠിക്കണമെന്നും മഹാവിഷ്ണു ശ്രീശങ്കരന് നിർദ്ദേശം നൽകി. അതനുസരിച്ച് ശങ്കരാചാര്യർ പ്രതിഷ്ഠ നടത്തിയതാണത്രേ ബദരീശക്ഷേത്രം. കേരളീയാചാരങ്ങൾക്കനുസരിച്ചാണ് ആ ക്ഷേത്ര

ത്തിലിന്നും പൂജ നടക്കുന്നതു്. ഒരു കേരളീയബ്രാഹ്മണനായിരിക്കണം അവിടത്തെ പൂജാരി എന്നു് ഇന്നും നിഷ്കർഷിക്കപ്പെടുന്നു.

ക്ഷേത്രത്തിനു് പതിനെട്ടു മൈൽ തെക്കാണു് ആചാര്യർ സ്വയം സ്ഥാപിച്ച ജ്യോതിർമഠം. ഒരു ഉയൎന്ന കുന്നിന്റെ നെറുകയിലാണു് ജ്യോതിർമഠം. അവിടെ ഒരു മഹാവൃക്ഷത്തിന്റെ ചുവട്ടിൽ ഒരു ഗുഹ ഇന്നും കാണാം. ആ ഗുഹയിൽ ശ്രീശങ്കരൻ കുറെക്കാലം തപസ്സു ചെയ്തതായി പറയപ്പെടുന്നു.

ഹേമന്തകാലത്തു് ബദരീനാഥ് അതിശൈത്യം മൂലം ആവാസയോഗ്യമല്ലാതായിത്തീരുന്നു. അക്കാലത്തു് അവിടെ എത്തിച്ചേരുന്ന കാര്യം സ്മരിക്കാനേ സാധ്യമല്ല. അപ്പോൾ ജ്യോതിർമഠം,എത്തിച്ചേരാവുന്ന ഏററവും അകന്ന ഹിമാലയൻ പുണ്യസ്ഥലമായിത്തീരുന്നു.

ആചാര്യമഠങ്ങളിൽ ഏററവും പ്രധാനം ബദരിയും ശൃംഗേരിയുമത്രേ. ശൃംഗേരിമഠത്തിന്റെ ചുമതലയേല്പിച്ചതു് സുരേശ്വരാചാര്യരെയാണെങ്കിൽ ജ്യോതിർമഠത്തിന്റെ അധിപതിയായി ആചാര്യർ നിയമിച്ചതു് സാക്ഷാൽ സനന്ദനനെയായിരുന്നുവെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇന്ത്യയുടെ പശ്ചിമതീരത്തുള്ള ദ്വാരകയിലെ മഠാധിപതിയായി ഹസ്താമലകനും പൂൎവ്വപ്രദേശത്തുള്ള പുരിയിലെ അധിപതിയായി തോടകാചാര്യനും നിയമിക്കപ്പെട്ടു. ആദ്ധ്യാത്മികമായ ഏതു കടന്നാക്രമണങ്ങളേയും തടയുവാൻ കെല്പുള്ള കോട്ടകളായി ഈ മഠങ്ങൾ അന്നുമുതൽ ഇന്നുവരെ നില നിന്നുപോരുന്നു.

## പതിനൊന്ന്

ആചാര്യസ്വാമികളുടെ അന്ത്യത്തെക്കുറിച്ച് പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായക്കാരത്രേ! മുപ്പത്തിരണ്ടു വയസ്സുവരെ മാത്രമേ ആചാര്യർ ജീവിച്ചിരുന്നുള്ളൂ എന്നതിനെക്കുറിച്ച് ആർക്കും പക്ഷാന്തരമില്ല. എവിടെവച്ചായിരുന്നു മഹാസമാധി എന്നതിനെക്കുറിച്ച് വ്യത്യസ്ത വാദഗതികൾ നിലവിലുണ്ട്.

കേദാർനാഥിൽവച്ച് ജഗദ്ഗുരു തന്റെ ഭൗതികശരീരം ഉപേക്ഷിച്ചു എന്ന് ഒരുകൂട്ടർ വാദിക്കുന്നു. 'മാധവീയശങ്കരവിജയ'ത്തിന്റെ കർത്താവു പറയുന്നത് ശങ്കരാചാര്യർ തന്റെ ആയുഷ്ക്കാല സമാപനവേളയിൽ കേദാരക്ഷേത്രം സന്ദർശിക്കുകയും അതിനുശേഷം കൈലാസത്തിലേക്കു നടന്നു മറയുകയും ചെയ്തു എന്നാണ്.

ചിദ്വിലാസന്റെ ശങ്കരവിജയം അനുസരിച്ച് ബദരികാശ്രമത്തിലെ ദത്താത്രേയ ഗുഹയിൽവച്ചായിരുന്നു ശ്രീശങ്കരന്റെ സമാധി. അതേ സമയം ശൃംഗേരി ഗുരു പരമ്പരയെ വിവരിക്കുന്ന 'ഗുരുവംശകാവ്യം' പറയുന്നത് അന്ത്യകാലമടുത്തപ്പോൾ ആചാര്യർ നേപ്പാളിലെ ദത്താത്രേയാശ്രമത്തിലേക്കു പോയെന്നും അവിടെ തന്റെ ദണ്ഡും കമണ്ഡലുവും ഉപേക്ഷിച്ചെന്നുമാണ്. ആ സ്ഥലത്ത് ഇപ്പോൾ കാണുന്ന ഒരു മഹാവൃക്ഷവും ജലാശയവും ആചാര്യന്റെ ദണ്ഡും കമണ്ഡലുവും രൂപാന്തരപ്പെട്ടുണ്ടായതാണ് എന്നു വിശ്വസിക്കപ്പെടുന്നു.

ആനന്ദഗിരിയുടെ അഭിപ്രായത്തിൽ ശ്രീശങ്കരൻ തന്റെ അന്ത്യദിനങ്ങൾ കഴിച്ചുകൂട്ടിയത് തമിഴ്നാട്ടിലെ കാഞ്ചീപുരത്താണ്. ശിവരഹസ്യം, പതഞ്ജലിചരിതം, ശങ്കരാഭ്യുദയം തുടങ്ങിയ കൃതികളും ഈ അഭിപ്രായത്തിനു് അടിവരയിടുന്നു. കാഞ്ചിയിലെ കാമാക്ഷിക്ഷേത്രത്തി

ൻെറ ശ്രീകോവിലിനടുത്തു് ശ്രീശങ്കരൻെറ ഒരു പൂൎണ്ണകായ ശിലാപ്രതിമ ഇന്നും കാണാം. ക്ഷേത്രത്തിലെ ഉത്സവ മൂൎത്തിയും വെങ്കലത്തിലുള്ള ശങ്കരപ്രതിമയാണു്. എല്ലാ കൊല്ലവും വ്യാസപൂജനാളിൽ സൎവ്വതീർത്ഥക്കരയിലുള്ള മുക്തിമണ്ഡപത്തിലേക്കു് വിഗ്രഹം എഴുന്നള്ളിച്ചുകൊണ്ടു പോകുന്നു. കാഞ്ചീപുരത്തെ വിവിധ വിഭാഗക്കാരുടെതായ മററു ക്ഷേത്രങ്ങളിലും ശ്രീശങ്കരൻെറ വിവിധ ഭാവങ്ങളിലുള്ള ശിലാപ്രതിമകഠം കാണാവുന്നതാണു്. കാലപ്രവാഹത്തിനു് മായ്ച്ചുകളയാൻ വയ്യാത്തത്ര സുദൃഢമത്രേ കാഞ്ചിയിലെ ശ്രീശങ്കരൻെറ പാദമുദ്രകഠം.

ഗോവിന്ദനാഥൻെറ 'കേരളീയ ശങ്കരവിജയം' ഉദ്ഘോഷിക്കുന്നതു് ശങ്കരാചാര്യരുടെ അന്ത്യം തൃശ്ശിവപേരൂരിൽ വൃഷാചലക്ഷേത്രത്തിനു് അകത്തുവച്ചായിരുന്നു എന്നാണു്. ആചാര്യസ്വാമികഠം സൂര്യമണ്ഡലത്തിലേക്കു് ഉയൎന്നു പൊങ്ങുകയാണു് ഉണ്ടായതു് എന്നു് ആ കൃതി പ്രഖ്യാപിക്കുന്നു. തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിലെ വിഷ്ണുക്ഷേത്രത്തിൻെറ മുമ്പിൽവച്ചാണു് ആചാര്യൻ സുപ്രസിദ്ധമായ വിഷ്ണുപാദാദി കേശസ്തവം രചിക്കാൻ തുടങ്ങിയതെന്നും ഒരു കഥയുണ്ടു്. അതിൽ നാല്പത്തിമൂന്നാമത്തെ ശ്ലോകത്തിലെ 'പദ്മ' എന്ന പദംവരെ ഉച്ചരിച്ചപ്പോഠം അദ്ദേഹം മോക്ഷപ്രാപ്തി നേടിയെന്നും ബാക്കി ഭാഗം പൂരിപ്പിച്ചതു് പ്രഥമശിഷ്യനായ സനന്ദനനാണെന്നും പറയപ്പെടുന്നു. വടക്കുന്നാഥക്ഷേത്രത്തിനു് ദക്ഷിണ കൈലാസം എന്നുകൂടി പേരുള്ളതു് പ്രസ്താവ്യമാണു്.

മാധവീയ ശങ്കരവിജയത്തിൻെറ കൎത്താവു് ദക്ഷിണ കൈലാസത്തെ സാക്ഷാൽ കൈലാസമായി തെററിദ്ധരിക്കുകയാണുണ്ടായതെന്നു് മഹാകവി ഉള്ളൂർ സൂചിപ്പിക്കുന്നു. ഏതായാലും വടക്കുന്നാഥക്ഷേത്രത്തിൻെറമതിലകത്തു് മഹാസമാധി നടന്നതായി പറയപ്പെടുന്ന സ്ഥലം ഇന്നും വേർതിരിച്ചു കാണാം. വിഷ്ണുവിൻെറ ശംഖുചക്രബിംബങ്ങഠം അവിടെ പ്രതിഷ്ഠിച്ചിട്ടുണ്ടു്.

തൃശ്ശിവപേരൂരിലെ നാലു സന്യാസിമഠങ്ങൾ ശങ്കരാചാര്യരുടെ ശിഷ്യന്മാരുടെ സ്മാരകമായി ഇന്നും നിലനില്ക്കുന്നു. അവയിൽ തെക്കേ മഠം സനന്ദനൻെറയും ഇടയിൽ മഠം ഹസ്താമലകൻെറയും നടുവിൽ മഠം സുരേശ്വരാചാര്യൻെറയും വടക്കേ മഠം തോടകാചാര്യൻെറയും സ്മാരകമായയാണത്രെ നിമ്മിക്കപ്പെട്ടതു്. അവയിൽ വടക്കേ മഠം പിന്നീടു് ബ്രഹ്മസ്വം മഠമായി മാറി. ഇടയിൽ മഠമാകട്ടെ തെക്കേ മഠത്തിൽ ലയിക്കുകയും ചെയ്തു. ഇതു കാരണം തെക്കെ മഠവും നടുവിൽ മഠവും മാത്രമേ സ്വാമിയാർമഠങ്ങളായി ഇന്നു നിലനില്ക്കുന്നുള്ളൂ. രണ്ടിനുമുണ്ടു് അളവററ സ്വത്തുക്കൾ. കാലടിയിലെ ജന്മഗേഹമായ കൈപ്പള്ളി എന്ന ഇല്ലത്തെ സ്വത്തുക്കൾ തെക്കെ മഠത്തിലേക്കാണു് ഒതുങ്ങിയതു്. ഇല്ലപ്പറമ്പാകട്ടെ വില കൂടാതെ ശൃംഗേരി മഠത്തിലേക്കു് വിട്ടുകൊടുക്കുകയും ചെയ്തു. ഏതായാലും മുൻതലമുറ തൃശ്ശൂരിലെ വടക്കുന്നാഥക്ഷേത്രത്തിൽവച്ചു നടത്തിയ ഭജനത്തിൻെറ സന്തതിയായി ജനിച്ച ജഗദ്ഗുരു അതേ സ്ഥലത്തുവെച്ചുതന്നെ സമാധിയായി എന്നു വിശ്വസിക്കാനാണു് നാമെല്ലാം ഇഷ്ടപ്പെടുക.

പ്രശസ്തപണ്ഡിതനായ പ്രൊഫ. ടി. എം. ഡി. മഹാദേവൻ മേലുദ്ധരിച്ച വിവിധ വാദഗതികളെ സൂചിപ്പിച്ചുകൊണ്ടു് ഇങ്ങനെ എഴുതിയിരിക്കുന്നു: 'എന്തായാലും, അനന്തതയുടെ ഭാഷയിൽ പറഞ്ഞാൽപോലും ശങ്കരനു് അന്ത്യമെന്ന ഒന്നില്ല. അദ്ദേഹമിന്നും ജീവിച്ചിരിക്കുന്നു. മനുഷ്യരുടെ സ്മൃതിപഥത്തിൽ ഇന്നും സന്നിധാനം ചെയ്തരുളുന്നു. ആത്യന്തികമായി പറഞ്ഞാൽ സർവ്വവ്യാപിയും നിത്യസന്നിഹിതവുമായ അദ്വൈതാത്മാവാണു് അദ്ദേഹം.'

ശ്രുതിസ്മൃതിപുരാണാനാ-
മാലയം കരുണാലയം
നമാമിഭഗവദ്പാദ-
ശങ്കരം ലോകശങ്കരം.

അനുബന്ധങ്ങൾ

## 1. ശങ്കരദർശനം

ജീവിതത്തിനു് രണ്ടു വശങ്ങളുണ്ടു്: ഒന്നു് ഭൗതികം രണ്ടു് അഭൗതികം, അഥവാ ആത്മീയം. ഭൗതികവശങ്ങൾ അതായതു് പ്രാണരക്ഷണം പൈദാഹനിവൃത്തി സന്തത്യുല്പാദനം തുടങ്ങിയവ സർവ്വപ്രധാനമായി കരുതുന്നതു് മൃഗങ്ങളുടെകൂടി സ്വഭാവമാണു്. ആത്മീയം അഥവാ സാങ്കല്പികമായ മണ്ഡലത്തിൽ വ്യാപരിക്കുക എന്നതു് ഈശ്വരസ്വഭാവമാണു്. ഇതു രണ്ടിനും തമ്മിൽ ഒരുതരം പാലമായാണു് മനുഷ്യജീവിതം വിഭാവനം ചെയ്യപ്പെടുന്നതു്. ഒന്നു വിട്ടു മറെറാന്നിലേക്കു് കടക്കുക എന്നതല്ല, രണ്ടിനും തുല്യപ്രാധാന്യം നൽകുക എന്നതായിരിക്കണം ലക്ഷ്യം. രണ്ടും രണ്ടല്ല; ഒന്നിൻെറ ഇരുവശങ്ങളാണു് എന്ന സനാതനസത്യം പുതിയ കാഴ്ചപ്പാടിൽ അവതരിപ്പിച്ചു എന്നതാണു് ശ്രീ ശങ്കരഭഗവത്പാദരുടെ യഥാർത്ഥ മഹത്വം.

ആദ്ധ്യാത്മികമായ ഔന്നത്യത്തിലെത്താൻ കർമ്മരംഗത്തുനിന്നു് തിരോധാനം ചെയ്യുകയല്ല വേണ്ടതു്. കർമ്മരംഗത്തെ ഈശ്വരപൂജയായി, യജ്ഞമായി പവിത്രവല്ക്കരിക്കുകയാണു് യുഗധർമ്മമെന്നു് ശ്രീശങ്കരൻ തൻെറ ജീവിതംകൊണ്ടും കൃതികളെക്കൊണ്ടും സ്ഥാപിച്ചു. ലോകം മിഥ്യയാണു് എന്നു പറഞ്ഞതിൻെറ പശ്ചാത്തലവും വിശദീകരണവും കണക്കിലെടുത്താൽ ഇക്കാര്യം സ്പഷ്ടമാക്കാതെ വയ്യ. എല്ലാം വലി

ച്ചെറിഞ്ഞു് വൈകുണ്ഠയാത്രയ്ക്കായി കാഷായവും കമണ്ഡലുവും സ്വീകരിച്ചുകൊള്ളാൻ ശ്രീശങ്കരൻ ആഹ്വാനം ചെയ്തുവെന്നതാണു് മിഥ്യ. അത്തരം ആഹ്വാനം ഉൾക്കൊള്ളുന്നവർ ശ്രീശങ്കരചരിതം വായിച്ചിട്ടില്ല. അദ്ദേഹത്തിൻെറ അദ്വൈതസിദ്ധാന്തം മനസ്സിലാക്കിയിട്ടില്ല. ആദ്ധ്യാത്മികജീവിതമെന്നാൽ കർമ്മരംഗങ്ങളിൽനിന്നു് ഒളിച്ചോടി ധ്യാനത്തിൻെറ പുകമറയിൽ കഴിവുകേടുകൾ ഒതുക്കുകയാണെന്നു് ധരിച്ചതാണു പിശകു്. ജീവിതം കേവലം നിഷേധമോ നിരസനമോ അല്ല; അതൊരു വികാസമാണു്; പൂർണ്ണതയിലേക്കുള്ള കൈനീട്ടലാണു്.

ഒന്നാമതു് ശ്രീശങ്കരഭഗവത്പാദരുടെ ജീവിതം കർമ്മനിരതവും ചലനാത്മകവും ആയിരുന്നുവെന്നു് നാം കണ്ടുവല്ലോ. ഒരു പത്തു പുരുഷായുസ്സിൻെറ നേട്ടങ്ങളെ ഒരു പുരുഷായുസ്സിൻെറ കാൽഭാഗമെന്നു പറയാവുന്ന മുപ്പത്തിരണ്ടു വർഷങ്ങൾക്കുള്ളിൽ ഒതുക്കുകയാണു് ശങ്കരൻ സാധിച്ചതു്.

മഹാത്മാഗാന്ധി ഒരിടത്തു പറഞ്ഞു—രാജാറാം മോഹൻറോയ്, ബാലഗംഗാധരതിലക്, ഗോഖലെ എന്നിവർ മുതൽ താനടക്കമുള്ള പാശ്ചാത്യവിദ്യാസമ്പന്നരായി പുറത്തിറങ്ങിയ പ്രവർത്തകരുടെ മൊത്തം നേട്ടങ്ങളെ അസ്തപ്രഭമാക്കുന്ന ഒന്നാണു് ശ്രീശങ്കരൻെറ ഹ്രസ്വജീവിതത്തിൻെറ നേട്ടമെന്നു്. കർമ്മസന്യാസിയായതുകൊണ്ടു് ഒന്നിലധികം തവണ കാൽനടയായി ഭാരതപര്യടനം നടത്തി; വാദപ്രതിവാദങ്ങളിലൂടെ അദ്വൈതതത്വങ്ങൾ പ്രചരിപ്പിച്ചു. വിവിധഭാഗങ്ങളിൽ അനുസന്ധാന പ്രവർത്തനത്തിനു് മഠങ്ങൾ സ്ഥാപിച്ചു; അവയുടെ നിലനില്പിനുവേണ്ട

സംവിധാനമേർപ്പെടുത്തി. കർമ്മനിരതമായി ഇത്തരം വേദാന്തപ്രചരണത്തിനിടയ്ക്കുതന്നെ വേദാന്തപരവും സ്തോത്രപരവുമായി നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ചു. ബ്രഹ്മസൂത്രം, ദശോപനിഷത്തുകൾ, ഭഗവൽഗീത എന്നിവയ്ക്കു് ഭാഷ്യം രചിച്ചു. ഭാഷ്യങ്ങൾക്കു വാർത്തികങ്ങൾ തയ്യാറാക്കാൻ ശിഷ്യന്മാരെ പരിശീലിപ്പിക്കുകയും ചെയ്തു. ഇതിലേറെ വിദഗ്ദ്ധമായ സംഘടനാപ്രവർത്തനം ആർക്കു്, എങ്ങനെ സാധിക്കും?

കർമ്മത്തിന്റെ പ്രാധാന്യം, കർമ്മം സഫലമാകാൻ ദീക്ഷിക്കേണ്ട ഉപാധികളുടെ സ്വഭാവം എന്നിവയായിരുന്നു ഭാഷ്യങ്ങളിൽ മുൻതൂക്കം. യഥാതഥമായി കണ്ണടച്ചു് വാക്കുകൾക്കു് അർത്ഥം പറഞ്ഞുപോകലല്ല ശങ്കരഭാഷ്യത്തിന്റെ സ്വഭാവം. ഭഗവദ്ഗീതയ്ക്കു് എഴുതിയ ഭാഷ്യത്തിലാണെങ്കിൽ അർജ്ജുനവിഷാദയോഗമെന്ന ഒന്നാം അദ്ധ്യായവും രണ്ടാം അദ്ധ്യായത്തിലെ ആദ്യത്തെ പത്തു ശ്ലോകങ്ങളും വിട്ടുകളഞ്ഞു. അടുത്ത ശ്ലോകംമുതലാണു് ശ്രീശങ്കരൻ ഭാഷ്യരചനയിൽ സ്പർശിച്ചുകാണുന്നതു്". സമീപനത്തിൽ നൂതനത്വമുണ്ടായിരുന്നുവെന്നു് ഇതുകൊണ്ടു തന്നെ വ്യക്തം.

ബൃഹദാരണ്യകത്തിനു് ശങ്കരൻ തയ്യാറാക്കിയ ഭാഷ്യത്തിൽ യാജ്ഞവല്ക്യനും മൈത്രേയിയും തമ്മിലുള്ള വാദപ്രതിവാദം വിസ്തരിച്ചു വികസിപ്പിക്കണമെന്നും അദ്ദേഹത്തിനു തോന്നി. പൂർവ്വമീമാംസാകാരനായ കുമാരിലഭട്ടന്റെ ബന്ധുവും ശിഷ്യനും ശ്രാദ്ധതന്ത്രാദികളിൽ നിഷ്കർഷ്കാട്ടി തന്നെ ആദ്യം പുച്ഛിച്ച ദേഹവുമായ മണ്ഡനമിശ്രനാണല്ലോ, പി

ന്നീട്ട് ഭഗവദ്പാദ ശിഷ്യനായി വാത്തികം രചിക്കു ന്നതു്. സമീപനം എത്ര നൂതനമായിരുന്നുവെന്നും നിവ്വഹണം എത്ര സമത്ഥമായിരുന്നുവെന്നും അഭിമാ നത്തോടെ കേരളീയക്കെല്ലാം സ്മരിക്കാം.

ജ്ഞാനത്തിലേക്കു നയിക്കാൻ കമ്മം അത്യാവ ശ്യമാണെന്നു് ശങ്കരൻ വിശ്വസിച്ചുവെങ്കിലും അതു് ജീവിതത്തിൻെറ ലക്ഷ്യമാകുന്നില്ലെന്നും ആദ്ധ്യാ ത്മിക ദശ്നത്തിനുള്ള ഉപകരണം മാത്രമാകുന്നുവെ ന്നും അദ്ദേഹം ഉപന്യസിച്ചു. ജ്ഞാനത്തോടു ചേൎന്ന കമ്മത്തിനു മാത്രമേ ജീവിതത്തെ ലക്ഷ്യത്തിലെത്തി ക്കാൻ കഴിയൂ എന്നും അദ്ദേഹത്തിനഭിപ്രായമുണ്ടാ യിരുന്നു.

അന്നാൎദ്ഭവതി ഭൂതാനി
പർജന്മാദന്നസംഭവഃ
യജ്ഞാർദ്ഭവതിപർജന്യോ
യജ്ഞഃ കർമ്മസമുർദ്ഭവഃ

എന്നു ഗീതയിൽ പറഞ്ഞിട്ടുണ്ടു്. ഭക്ഷണത്തിൽനി ന്നാണു് പ്രവത്തനത്തിനുള്ള ഊജ്ജം മനുഷ്യനു കിട്ടു ന്നതു്. ഭക്ഷണധാന്യാദികൾ വിളയാൻ മഴ ആവശ്യമാ കുന്നു. മഴയുണ്ടാകാൻ യജ്ഞം വേണം. പ്രവത്തനപര മാണു് യജ്ഞം.

കമ്മത്തിനു രണ്ടു വശങ്ങളുണ്ടു്—വ്യക്തിഗതമെ ന്നും സാമൂഹ്യമെന്നും. വ്യക്തിത്വത്തെ പരമാവധി വികസിപ്പിച്ചു് ആത്മബോധമുണ്ടാക്കുക പ്രധാനമാ ണു്. ആത്മബോധമുണ്ടാകുമ്പോഠം മനുഷ്യനും മനുഷ്യ നും തമ്മിൽ ഉള്ള വൈജാത്യം ശരീരമാത്രാധിഷ്ഠിത മാണു് എന്നു ബോധ്യപ്പെടുന്നു. ശങ്കരാചാര്യരും ചണ്ഡാളനും തമ്മിലുള്ള കൂടിക്കാഴ്ചയിലൂടെ ഇക്കാര്യം

സ്പഷ്ടമാക്കി. ഉച്ചനീചഭിന്നാത്മകവീക്ഷണമവസാനിപ്പിക്കാനുള്ള ആഹ്വാനമായിരുന്നില്ലേ അതു്? മററുള്ളവരിലെ ആത്മാവിനെ കണ്ടെത്തുമ്പോഠം, മാനുഷിക ബന്ധത്തിൽ ഒരുതരം സ്വരസാമ്യം വന്നുചേരുകയാണു്. അപസ്വരമോ താളപ്പിഴയോ, സംഘർഷമോ സ്വാർത്ഥതാല്പര്യമോ ഇല്ലാതാവുന്നു. ഈ സ്വരസാമ്യം അഥവാ നാനാത്വത്തിലെ ഏകത്വദർശനം ഹൃദയാവർജ്ജകമായി ശങ്കരൻ വിവരിച്ചിട്ടുണ്ടു്.

മനുഷ്യരാശിയെ ഒരു വിരാട്പുരുഷനായി സങ്കല്പിക്കുന്നപക്ഷം അതിൻെറ മുഖം എന്താണു്, ബാഹുക്കഠം എന്താണു്, ഊരുക്കളും കാലടികളും ഏതാണു് എന്ന ചോദ്യം വളരെ പ്രസക്തമാണു്. ഇതിനു് ഉത്തരമായിട്ടാണു് ബ്രാഹ്മണനാണു് മുഖം, കൈകളാണു് ക്ഷത്രിയർ, വൈശ്യർ ഊരുക്കളും ശൂദ്രർ കാലുകളും എന്നു് പുരുഷസൂക്തത്തിൽ പറയുന്നതു്. ഏറെക്കാലം കഴിഞ്ഞപ്പോഠം, ബ്രാഹ്മണർ ഒരു പ്രത്യേകജാതിയാവുകയും ബ്രഹ്മാവിൻെറ മുഖത്തുനിന്നു ജനിച്ചുവെന്നു് അഭിമാനം കൊള്ളുകയും ചെയ്യുവാനിടയായതാണു്. ഒരേ കുടുംബത്തിലുള്ളവർ ഭിന്നവൃത്തികഠ തുടൎന്നുവെന്നതിനു് ബാലിസുഗ്രീവന്മാരുടെയും രാവണ വിഭീഷണന്മാരുടെയും കഥകഠം സാക്ഷ്യം വഹിക്കുന്നു. വൎണ്ണപദം വൃന്തു്, അഥവാ സ്വീകരിക്കുക എന്നൎത്ഥമുള്ള ധാതുവിൽനിന്നുണ്ടായതാണു്. വൎണ്ണവ്യത്യാസം തൊഴിൽ സ്വീകരണത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു്. ഈ തത്ത്വങ്ങഠം വിശദീകരിച്ചുകൊണ്ടു് വിഭിന്ന വിഭാഗങ്ങളെ ഏകീകരിക്കാനും സാമഞ്ജസ്യം സ്ഥാപിക്കാനും ശ്രീശങ്കരൻ ചെയ്ത ശ്രമങ്ങഠം വിലപ്പെട്ടതാണു്.

ഈ പശ്ചാത്തലത്തിലാണ് അദ്വൈത ദർശനത്തെ നാം മനസ്സിലാക്കേണ്ടതു്. നാലു ഘടകങ്ങളാം അദ്വൈതദർശനമുൾക്കൊള്ളുന്നു. പ്രകൃതിയിൽ കാണുന്ന വിവിധ പ്രതിഭാസങ്ങളെല്ലാം ബ്രഹ്മത്തിന്റെ ഭാവഭേദങ്ങളാണെന്ന നിഗമനമാണ് പ്രധാനം. അതിന്റെ യാഥാർത്ഥ്യം മനനം ചെയ്യുന്നത്ര ആനന്ദപ്രദമായ വസ്തുത മറെറാന്നുമില്ല. സത്, ചിത് ആനന്ദം എന്നിവയാണ് പ്രപഞ്ചത്തിന്റെ അനിർവചനീയതയുടെ മുഖമുദ്ര.

ബ്രഹ്മവുമായി സാത്മ്യം പ്രാപിക്കുകയാണ് ജീവിത സാക്ഷാത്ക്കാരമായ മോക്ഷം. ഇതിന്റെ പ്രാരംഭമായി ജീവാത്മ—പരമാത്മ ബന്ധത്തെക്കുറിച്ചു ജ്ഞാനമുണ്ടാകണം. ഭേദഭാവനകൾ നീങ്ങണം. മോക്ഷത്തിനർത്ഥം മനുഷ്യത്വത്തിന്റെ ആന്തരികമായ ഐക്യത്തെയും സാഹോദര്യത്തെയും അറിയുക എന്നതാണ്.

ഇതിനു് വൈരാഗ്യവും സ്വാർത്ഥനിരസനവും അജ്ഞാന നിഷ്കാസനത്തിനു പുറമേ ആവശ്യമാണ്. ശമദമാദികളിലൂടെ മാത്രമേ ജ്ഞാനസിദ്ധി പൂർണ്ണമാകൂ. കർമ്മമാർഗ്ഗമായാലും ഭക്തിമാർഗ്ഗമായാലും നാം എത്തിപ്പെടേണ്ടതു് അദ്വൈതാനുഭൂതിയുടെ ജ്ഞാനപ്രകാശത്തിലാണ്. ജീവാത്മാവു പരമാത്മാവിന്റെ ഭാഗമാണെന്നു ബോദ്ധ്യമാക്കാൻ മഹാകാശത്തെയും ഘടാകാശത്തെയും ദൃഷ്ടാന്തമായി എടുത്തിരുന്നു. ദൈവത്തെ കടലിനോടും ആത്മാവിനെ തിരകളോടും ഉപമിക്കുന്ന പതിവുമുണ്ടു്. ഭക്തിയുടെ ആദ്യഘട്ടത്തിൽ ദ്വൈതഭാവം കല്പിക്കുമെങ്കിലും രണ്ടായി കാണുന്നതു് ഒന്നാണെന്നു ബോദ്ധ്യമുണ്ടായാൽ അദ്വൈതദർശനമായി.

ഭക്തിമാർഗ്ഗമാണ് അദ്വൈത ദർശനത്തിനു സാധാരണക്കാർക്ക് ആദ്യം സ്വീകരിക്കാവുന്നതു്. അറിവു കുറഞ്ഞവർക്ക് ഈശ്വരജ്ഞാനം ലഭിക്കാൻ പരിമിതിയെ കാട്ടുന്ന രൂപങ്ങളും നാമങ്ങളും സ്വീകരിക്കുന്നതിൽ തെററില്ല.

പ്രഥമാ പ്രതിമാപൂജാ
ജപസ്തോത്രാണി മദ്ധ്യമാ
ഉത്തമാ മാനസീപൂജാ
സോഹം പൂജോത്തമോത്തമാ

ഭക്തിമാർഗ്ഗത്തിലെ പ്രാഥമിക പടിയാണ് വിഗ്രഹാരാധന. അടുത്തതു് ജപവും പ്രാർത്ഥനയും. അതിന്റെ ഉപരിഘട്ടമാണ് മനസ്സുകൊണ്ടുള്ള ആരാധന. സർവ്വോന്നതഘട്ടത്തിൽ ഞാനാണ് അവൻ എന്ന അദ്വൈതാനുഭൂതി കൈവരും, തീർച്ച. മനുഷ്യനും ആത്മാവും തമ്മിലുള്ള ബന്ധമാണ് പ്രപഞ്ചത്തിനും പരമാത്മാവിനും തമ്മിലുള്ളതു്.

മായാവാദം നിഷേധാത്മകതയല്ല. ആപേക്ഷികമായ വീക്ഷണകോണത്തിലാണ് മായാവാദം പ്രസക്തമാകുന്നതു്. യാതൊന്നാണോ (യാ) അല്ലാത്തതു് (മാ) അതു് മായയാകുന്നു. മുഴുവൻ സത്യത്തെ നഗ്നനേത്രങ്ങൾക്കു കാണാൻ കഴിയുന്നില്ല. അനന്തവികിരണപംക്തികളിൽ VIBGYOR എന്നതിലെ വയലററിനും ചുവപ്പിനും (Red) ഇടയ്ക്കുള്ള വർണ്ണങ്ങൾ മാത്രമാണ് നമുക്കു ദൃശ്യമാകുന്നതു്. വയലററിനെക്കാൾ സൂക്ഷ്മവും ചുവപ്പിനെക്കാൾ സ്ഥൂലവും ആയ തരംഗങ്ങൾ നഗ്നനേത്രങ്ങൾക്കു സംവേദകക്ഷമമല്ല. ചെറിയ അംശം മാത്രമാണ് ദൃഷ്ടിയിൽ പെടുന്നതു്. അന്ധന്മാർ ആനയെപ്പററി സ്വരൂപജ്ഞാനം നേടിയ തരത്തിൽ അപൂർണ്ണമാകാം നമുക്ക് പ്രപഞ്ചത്തെപ്പററി

യും ദൈവത്തെപ്പററിയുമുള്ള ജ്ഞാനം പൂൎണ്ണമായ സത്യം സാക്ഷാൽക്കരിക്കാനുള്ള ശ്രമങ്ങളുടെ ഒരു പരമ്പരയാകണം നമ്മുടെ ജീവിതം.

കണ്ടവരില്ലാപാരിൽ,
കണ്ടുവെന്നുരപ്പവർ
കണ്ടവരല്ല, കാണാൻ
നാം സ്വയം യത്നിക്കേണം

എന്ന നിരന്തരാന്വേഷണത്തിൻെറ സന്ദേശമാണു് മായാവാദംകൊണ്ടു ശ്രീശങ്കരൻ ഉദ്ദേശിച്ചതു്.

വേദം എന്ന ശബ്ദത്തിനു് അറിവു് എന്നർത്ഥമാണു്. മന്ത്രം എന്ന ശബ്ദമോ മനനം ചെയ്യുക എന്നർത്ഥമുള്ള ധാതുവിൽനിന്നും ഉണ്ടായതാണു്. ഛന്ദസ്സ് എന്നാൽ സൎവ്വത്ര വ്യാപിച്ച ബുദ്ധിയുടെ വികാസം എന്നർത്ഥമാകുന്നു. സൃഷ്ടികളുടെ വൈവിധ്യങ്ങളെ പരിശോധിച്ചു സൂക്ഷ്മതത്വങ്ങളെക്കുറിച്ചു് മനനം ചെയ്യാനുള്ള ആഹ്വാനമാണു് ഉപനിഷത്തുക്കളിൽക്കൂടി നമുക്കു കിട്ടുന്നതു്. കഥാരൂപത്തിലുള്ള ചിത്രീകരണമാണു് പുരാണങ്ങളിൽ നാം ദർശിക്കുന്നതു്. ശ്രുതികളെയും സ്മൃതികളെയും പുരാണങ്ങളെയും കുറിച്ചു് പുതിയ ഉൾക്കാഴ്ച കൊടുക്കാൻ ശ്രീശങ്കരഭഗവദ്പാദരുടെ ജൈത്രയാത്രയ്ക്കും ഭാഷ്യവിവരണാദികൾക്കും സൎവ്വജ്ഞപീഠാരോഹണത്തിനും സാധിച്ചു. അവയെക്കുറിച്ചു് ജിജ്ഞാസയുണർത്താനും സമഗ്രപഠനത്തിനു് ഉത്തേജനം നൽകാനും മാത്രമേ ഈ ലഘുഗ്രന്ഥം കൊണ്ടു് നമുക്കു സാദ്ധ്യമാകൂ. നൂററിപ്പന്ത്രണ്ടു കൃതികളോളം വരുന്ന ശങ്കരസാഹിത്യത്തെക്കുറിച്ചുള്ള പഠനമനനങ്ങൾക്കായി വിരൽചൂണ്ടുക മാത്രമാണു് ഈ ലഘുഗ്രന്ഥംകൊണ്ടുദ്ദേശിച്ചതു്. ശങ്കരദർശനത്തിലേക്കുള്ള ഒരു ചൂണ്ടുപലക മാത്രമാണിതു്.

## 2. ശങ്കരകൃതികളിലൂടെ

ശങ്കരാചാര്യരുടെ കൃതികളുമായി ഒരു മുഖപരിചയമെങ്കിലും കേരളീയരായ നാമെല്ലാം നേടിയിരിക്കേണ്ടതാണ്. മാത്രമല്ല അതില്ലാതെ അദ്ദേഹത്തിൻെറ മഹത്വം അതിൻെറ പൂർണ്ണതയിൽ അറിയാനും പററില്ല. ഭഗവദ്പാദരുടെ കൃതികളാണെങ്കിൽ ഭാഷ്യങ്ങൾ, മൂലകൃതികൾ, സ്തോത്രങ്ങൾ എന്നിങ്ങനെ മൂന്നായി പകുക്കാം. എല്ലാം ആഴവും പരപ്പും മുററിയ രത്നാകരങ്ങൾതന്നെ. പാണ്ഡിത്യത്തിൻെറ അഗാധതയോ, സാഹിത്യഭംഗിയോ അനുഭവസാരസ്യമോ പ്രായോഗിക മനശ്ശാസ്ത്രത്തിൻെറ അഭിനവത്വമോ ഏതാണ് മുന്തിനില്ക്കുന്നതെന്നു നിശ്ചയിക്കാൻ പ്രയാസം. അതിനിവിടെ ശ്രമിക്കുന്നുമില്ല.

പതഞ്ജലിയുടെ ബ്രഹ്മസൂത്രം, ഉപനിഷത്തുക്കൾ, ഭഗവദ്ഗീത എന്നിവയാണല്ലോ പ്രസ്ഥാനത്രയി എന്ന പേരിലറിയപ്പെടുന്നതു്. അവയ്ക്കു ഭാഷ്യം രചിച്ചവരെയാണ് ആചാര്യപദംകൊണ്ടു് വ്യവഹരിക്കുന്നതു്. ഭാഷ്യമെന്നാൽ മഹാഗ്രന്ഥങ്ങളുടെ ആന്തരാർത്ഥം സ്വന്ത പദാവലികളിൽ സംഗ്രഹമായി കുറിക്കുക എന്നതത്രേ. ഭഗവദ്പാദരുടെ ആദ്യത്തെ രചന വിഷ്ണുസഹസ്രനാമഭാഷ്യമാണെന്നാണു പണ്ഡിത മതം. ആചാര്യരുടെ പതഞ്ജലി ഭാഷ്യത്തിനു്

പ്രഥമശിഷ്യനായ പത്മപാദർതന്നെ ഒരു മികച്ച വ്യാഖ്യാനമെഴുതിയിട്ടുണ്ട്.

അതേപ്പററി ഒരു ഐതിഹ്യമുള്ളതുകൂടി ഇവിടെ സന്ദർഭവശാൽ പറഞ്ഞുവയ്ക്കട്ടെ. വ്യാഖ്യാനമെഴുതിയശേഷം പത്മപാദർ ദക്ഷിണേന്ത്യയിലെ പല പുണ്യസ്ഥലങ്ങളും സന്ദർശിച്ചിരുന്നു. കാളഹസ്തിയിലേയും ചിദംബരത്തേയും ക്ഷേത്രങ്ങൾ സന്ദർശിച്ച ശേഷമാണ് അദ്ദേഹം അറിയുന്നത്, തൻെറ പൂർവ്വാശ്രമത്തിലെ ഒരു അമ്മാവൻ ശ്രീരംഗത്തു താമസമുണ്ടെന്ന്. ഭാഗിനേയൻ തന്നെക്കാണാനായി അവിടെ എത്തിയപ്പോൾ അമ്മാവൻ സന്തോഷിച്ചുവെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ, അമ്മാവൻ പ്രഭാകര മീമാംസാനുയായിയായിരുന്നു അതിനാൽ മിശ്രവികാരങ്ങളോടെയാണു ഭാഗിനേയനെ സ്വാഗതം ചെയ്തതു്. ഭാഗിനേയൻെറ പ്രശസ്തിയിൽ അഭിമാനം; മീമാംസകനായ തനിക്ക് അരോചകമായ വേദാന്തത്തിലാണ് ഭാഗിനേയനു പ്രതിപത്തി എന്നതിൽ വ്യസനം.... ശ്രീശങ്കരാചാര്യരോടൊപ്പം പത്മപാദർ രാമേശ്വരത്തിലേക്കു പുറപ്പെട്ടപ്പോൾ ബ്രഹ്മസൂത്രഭാഷ്യവ്യാഖ്യാനത്തിൻെറ പകർപ്പ് അമ്മാവൻെറ കയ്യിൽ സൂക്ഷിക്കാൻ ഏല്പിച്ചിരുന്നു. പത്മപാദർ തിരിച്ചെത്തുന്നതിനു മുമ്പ് ശ്രീരംഗത്തുകാർ പുരയ്ക്കു തീകൊളുത്തി ഗ്രന്ഥനാശം ഉറപ്പു വരുത്തിക്കഴിഞ്ഞിരുന്നു. മടങ്ങിയെത്തിയപ്പോഴാണ് ഈ ദുരന്തവാർത്ത പത്മപാദർ അറിയുന്നതു്. ഈ വ്യസനവൃത്താന്തം ഗുരുപാദരെ അറിയിക്കയെല്ലാതെ മറെറന്തു നിവൃത്തി! ഭഗവദ്പാദരാകട്ടെ ശിഷ്യനെ സമാശ്വസിപ്പിക്കയൊണ്ടുണ്ടായതു്. സൂത്രഭാഷ്യവ്യാഖ്യാനത്തിൻെറ ആദ്യ

ത്തെ അഞ്ചു പാദങ്ങരം താൻ കേട്ട നിലയിൽ ഓർമ്മിച്ചു ചൊല്ലിക്കൊടുക്കുകയും ചെയ്തു. പത്മപാദ വ്യാഖ്യാനത്തിൻെറ അഞ്ചു പാദങ്ങരം മാത്രമാണ് സുരക്ഷിതമായി കിട്ടിയതു്. പഞ്ചപാദികമെന്ന പേരിലാണ് അതു് അറിയപ്പെടുന്നതു്. എത്രമാത്രം സുദൃഢവും സ്നേഹസമന്വിതവുമായിരുന്നു ആചാര്യസ്വാമികളും ശിഷ്യന്മാരും തമ്മിലുള്ള ബന്ധം എന്നതു് ആലോചനാമൃതമായി നിലകൊള്ളുന്നു.

പാതഞ്ജലിക ഭാഷ്യത്തിനു വാചസ്പതി മിശ്രൻ എഴുതിയ വാർത്തികത്തിൽനിന്നു് ഒരു ഭാഗം ഘടാകാശവും മഹാകാശവും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ടു് ജീവാത്മ—പരമാത്മാബന്ധത്തെ വിവരിക്കുന്നതാണു്.

'കുടത്തിനകത്തെ ആകാശം പുറത്തുള്ള ബൃഹദാകാശത്തിൽ നിന്നു് അന്യമല്ലെങ്കിലും കുടത്താൽ സീമിതമാകുന്ന കാലമത്രയും ഭിന്ന പ്രതീതിയുണ്ടാകും. ഘടമാകുന്ന ഉപാധിയുടെ വ്യതിരിക്ത സ്വഭാവത്തിൻെറ ആദ്യവസാനം കൊണ്ടു് അകത്തെ ആകാശത്തിനു പ്രത്യേകത കൈവന്ന പോലെ തോന്നുന്നു. അവിദ്യയുടെ അനന്തവും അസീമിതവുമായ സ്വഭാവത്തിൻെറ അധ്യാരോപത്താൽ ജീവാത്മാവും ഉപാധിയായ ശരീരത്തിൻെറ സ്വഭാവത്തിലൊതുങ്ങുന്നു; ഉറക്കത്തിൽ നിസ്തേജസ്സമാകാനും ജാഗ്രദാവസ്ഥയിൽ വീണ്ടും ഉത്തേജിതമാകാനും ഇടയാകുന്നതു് ഇങ്ങനെയാണു്. അവിദ്യയും അതിൻെറ പരിമിതികളും കാരണവും കാര്യവുമെന്നപോലെ അവിഭാജ്യമായി വർത്തിക്കുമെന്നുള്ളതു സത്യമാണു്. ജീവാത്മാവു സീമിതമാകയാലാണു് ദേഹത്തിൻെറ ഉണർവ്വിലും തളർവിലും ഭാഗഭാക്കായി വ്യതിരിക്തസ്വഭാവം ഉളവാകുന്നതു്.'

വേദങ്ങളുടെ ഭാഗമായ ആരണ്യകങ്ങളാണല്ലോ ഉപനിഷത്തുക്കരം. വേദോപനിഷത്തുക്കളെ ശ്രുതി

എന്നു വിളിക്കുന്നു. ഉപനിഷത്തുക്കഠം അസംഖ്യമാണെങ്കിലും നൂററെട്ടെണ്ണം പ്രധാനം. ഇവയിൽ ഈശം, കേനം, കഠം, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, തൈത്തരീയം, ഐതരീയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം എന്നിവ അതിപ്രധാനം. ദശോപനിഷത്തുകഠംക്കു ഭാഷ്യമെഴുതാൻ ശ്രീശങ്കരനു് കഴിഞ്ഞുവെന്നതാണു് നമുക്കു് അറിയേണ്ടതു്. ശങ്കരാചാര്യരുടെ അദ്വൈത ഭാഷ്യങ്ങഠംക്കു കേരളത്തിൽ കൂടുതൽ പ്രചാരമുണ്ടായി. മിക്ക ഭാഷ്യങ്ങഠംക്കും ടീക നിർമ്മിക്കാൻ സ്വശിഷ്യന്മാക്കു നിർദ്ദേശം കൊടുത്തുവെന്നതും ഭഗവദ്പാദരുടെ ദീഘവീക്ഷണത്തിനും ശിഷ്യന്മാരുടെ കഴിവിലുള്ള വിശ്വാസത്തിനും ഒന്നുപോലെ ദൃഷ്ടാന്തമാണു്.

ശങ്കരകൃതികളിൽ കാവ്യഭംഗിയുണ്ടെന്നു്, സൗന്ദര്യലഹരി, ആത്മബോധം, ഭജഗോവിന്ദം തുടങ്ങിയ കൃതികളെപ്പററി ഇതിനകം നടത്തിയ പരാമർശങ്ങഠം കൊണ്ടു തെളിഞ്ഞുവല്ലോ. വിവേക ചൂഡാമണി, അവരോക്ഷാനുഭൂതി എന്നീ കൃതികളെല്ലാംതന്നെ ശബ്ദഭംഗിയും ആശയസൗഷ്ഠവവും ഒന്നുപോലെ മേളിച്ച നിലയിലായിട്ടുണ്ടു്. എല്ലാററിലും കാണാം ശങ്കരപ്രതിഭയുടെ മുഖമുദ്ര.

സ്വതന്ത്രകൃതികളെല്ലാം നിത്യജീവിതത്തിൽ നിന്നു് അനുഭവരസികത്തത്തോടെ അടർത്തിയെടുത്ത ദൃഷ്ടാന്തങ്ങഠംകൊണ്ടു് അലംകൃതമായി കാണപ്പെടുന്നു എന്നു പൊതുവിൽ പറയാം. അദ്വൈതവേദാന്ത പാഠനത്തിനുള്ള പ്രാരംഭഗ്രന്ഥമായി ഉദ്ദേശിച്ച ആത്മബോധത്തിൽ നിരവധി ദൃഷ്ടാന്തങ്ങഠം നിരത്തിവച്ചതായി നാം കണ്ടുവല്ലോ. തേററാമ്പരലു് ഉപയോഗിച്ചു കലക്ക

വെള്ളം തെളിയിക്കുന്ന പ്രക്രിയ തോണിയാത്രയിൽ കരയോരത്തിലെ സ്ഥാവരങ്ങൾ പിറകോട്ടു പോകുന്ന പ്രതീതി, വെള്ളമിളകുമ്പോൾ ഉപരിതലത്തിൽ പ്രതിഫലിക്കുന്ന ചന്ദ്രബിംബത്തിൻെറ നർത്തന പ്രതിഭാസം, നിറകുടം കടലിൽ വീഴുമ്പോൾ ഇരു ജലങ്ങൾ തമ്മിലുണ്ടാകുന്ന താദാത്മ്യഭാവം, പ്രഭാത കിരണസ്പർശത്തിൽ ഇരുൾ നീങ്ങി പ്രകൃതിഭംഗി ഒരു വേദിയിലെന്നപോലെ ദൃശ്യമാകുന്നതു്, ഒരേ അഗ്നികൊണ്ടു വിവിധ ഭക്ഷ്യവസ്തുക്കൾ അതാതു രുചിയോടെ പാകം ചെയ്യൽ, ഇരുട്ടിൽ കാലിൽ തടയുന്നതു കയറാണെങ്കിലും പാമ്പാണെന്നു ഭ്രമിച്ചു വികാരവിക്ഷോഭമുണ്ടാക്കുന്നതു്—അങ്ങനെ എത്രയെത്ര ദൃഷ്ടാന്തങ്ങളെക്കൊണ്ടാണു് ആത്മബോധമെന്ന കൃതിയിൽ വേദാന്തതത്വങ്ങൾ വിശദീകരിക്കുന്നതു്. മനശ്ശാസ്ത്രവിദഗ്ദ്ധനായ ഒരദ്ധ്യാപകനെയാണു് ആത്മബോധം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്.

ആത്മബോധം ഒരടിസ്ഥാനഗ്രന്ഥമാകയാൽ അതിൻെറ വിശദീകരണവും വ്യാപനവും ആണു് മററു ഗ്രന്ഥങ്ങൾ. തന്നിമിത്തം അതേ ദൃഷ്ടാന്തങ്ങൾ മററു ഗ്രന്ഥങ്ങളിൽ കൂടുതൽ ചമല്ക്കാരത്തോടെ പ്രയോഗിക്കാൻ ആചാര്യപാദർ മടിച്ചിട്ടില്ല. ഇടയിൽ പിടിച്ച സങ്കേതങ്ങൾ മാററുന്നതു കാര്യഗ്രഹണത്തിനു തടസ്സമാകും എന്നതുതന്നെ കാരണം. ജലത്തിൻെറ ഉപരിതലചലനം അജ്ഞാനത്താൽ ചന്ദ്രൻ നർത്തനം ചെയ്യുകയാണെന്ന പ്രതീതി ഉളവാക്കുന്നതിനെപ്പററി പരാമർശിച്ചുവല്ലോ. മനസ്സിലെ രാഗദ്വേഷാദികളാലുണ്ടാകുന്ന മാററങ്ങൾ ആത്മാവിൻേറതാണെന്ന തെററിദ്ധാരണ ഒഴിവാക്കണമെന്നതാണു് പ്രമേയം:

അജ്ഞാനാന്മാനസോ പാധേഃ
കർതൃത്വാദീനി ചാത്മനി
കല്പ്യന്തേം ƒബുഗതേ ചന്ദ്രേ
ചലനാദി യഥാംഭസഃ

എന്ന ശ്ലോകമാണ് ഉദ്ദേശിച്ചതു്. ഇതേ ചുവടു പിടിച്ചാണ് അപരോക്ഷാനുഭൂതി എന്ന ഗ്രന്ഥത്തിലെ 86—ാം ശ്ലോകം രചിച്ചിരിക്കുന്നതു്:

യഥാ ശശീ ജലേ ഭാതി
ചഞ്ചലത്വേന കസ്യചിത്
തദ്വദാത്മ നിദേഹത്വം
പശ്യാത്യജ്ഞാനയോഗതാഃ

വെള്ളത്തിൽ ചന്ദ്രബിംബം നർത്തനം ചെയ്യുമ്പോലെ കാണുന്നുണ്ടെങ്കിലും ചന്ദ്രൻ നർത്തനം ചെയ്യുന്നില്ലെന്നു വ്യക്തം. അതുപോലെ അജ്ഞാനംകൊണ്ടു് ആത്മാവിൽ ദേഹമെന്ന ഭാവം ആരോപിക്കപ്പെടുകയാണ്. നിത്യവും സർവവ്യാപിയുമായ വിഷ്ണുവിൻെറ സ്വഭാവം സത്യചിത്തമാണെങ്കിലും അതിന്മേൽ അഭിവിന്യാസം ചെയ്യപ്പെടുന്നതാണ് പ്രപഞ്ചവസ്തുക്കൾ എന്നു് ഉപരിഗ്രന്ഥത്തിൽ ആചാര്യപാദർ വിശദീകരിക്കുന്നുണ്ടു്. ആഭരണങ്ങൾ വിവിധ നാമരൂപങ്ങളിലാണ് നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതു്. പക്ഷേ, എല്ലാം സ്വർണ്ണമാണ്. മൂല്യം നൽകാനുതകുന്ന ഘടകം സ്വർണ്ണംതന്നെ. അപരോക്ഷാനുഭൂതിയിൽ ആത്മാവിനെ എങ്ങനെ ദേഹമായിട്ടു് മൂഢത്വംമൂലം തോന്നിപ്പോകുമെന്നു് അഞ്ചു ശ്ലോകങ്ങളെക്കൊണ്ടാണ് വിശദീകരിച്ചതു്.

സർപ്പത്വേന യഥാരജ്ജു
രജതത്വേന ശുക്തികാ

വിനിർണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ
ഘടത്വേന യഥാ പൃഥ്വീ
പടത്വേനൈവതന്തവഃ
വിനിർണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ.

ജൂലിയസ്സീസർ എന്ന നാടകത്തിൽ ഷേക്സ്പിയർ മാർക്ക് ആൻറണിയുടെ പ്രഭാഷണത്തിൽ ഉപയോഗിച്ച ഒരേ പദാവലിയിൽ കാര്യങ്ങൾ ആവർത്തിച്ചുറപ്പിക്കുന്ന തന്ത്രമാണ് ആശയവിശദീകരണത്തിന് സ്വീകരിക്കുന്നത്. 'ദേഹത്വേന തഥാത്മതാ' എന്ന തത്വം ആവർത്തിച്ച് ഊട്ടിയുറപ്പിക്കുന്നതു നോക്കുക:

കനകം കുണ്ഡലത്വേന
തരംഗത്വേന തഥാത്മതാ
വിനിർണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ
പോരത്വേന യഥാസ്ഥാണുർ
ജലത്വേന മരീചികാ
വിനിർണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ
ഗൃഹത്വേനൈവ കാഷ്ഠാനി
ഖഡ്ഗത്വേനൈവ ലോഹതാ
വിനിർണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ

അഞ്ചു ശ്ലോകങ്ങളിലും ഉത്തരാർദ്ധം ആവർത്തിക്കുന്ന തരത്തിലാക്കിയതു ബോധപൂർവ്വമാണ്. ആചാര്യപാദരുടെ അദ്ധ്യാപന കലാമർമ്മജ്ഞതതന്നെ കാരണം. കയറിനെ പാമ്പായും ചിപ്പിക്കകത്തെ തിളക്കത്തെ വെള്ളിയായും മണ്ണിനെ കുടമായും നൂലിനെ വസ്ത്രമായും സ്വർണ്ണത്തെ കുണ്ഡലമായും വെള്ളത്തെ തിര

യായും മരക്കുററിയെ ഇരുട്ടിലെ കള്ളനായും കാനൽ ജലത്തെ സാക്ഷാൽ വെള്ളമായും തടിക്കഷണസമാഹാരത്തെ വീടായും ഇരുമ്പിനെ വാളായും നാം തീർച്ചപ്പെടുത്തുന്നതു മൂഢത്വമാകുമല്ലോ. ആത്മാവിനെ ദേഹമായി ധരിച്ചു വശാവുന്നതും മൂഢത്വത്തിൻെറ വകഭേദം മാത്രം. ആത്്മബോധം എന്ന പ്രാഥമിക കൃതിയിൽ സൂചിപ്പിച്ച സൂക്ഷ്മതത്വങ്ങളെ വിശദാംശപൂണ്ണമാക്കി വിസ്തരിച്ചു തയ്യാറാക്കപ്പെട്ടവയാണു് ആചാര്യപാദരുടെ ഉപരിവേദാന്ത ഗ്രന്ഥങ്ങൾ.

വെള്ളത്തിൽ പ്രതിബിംബിച്ച നിലയിൽ വൃക്ഷത്തെ കണ്ടു. അതിൻെറ സാക്ഷാൽ സ്വരൂപം തലകീഴായിട്ടാണെന്നു് ഒരുവൻ അജ്്ഞാനം മൂലം ധരിക്കുന്നതുപോലെ, ആത്മാവിൽ ദേഹഭാവം വന്നുചേരുന്നതു് അജ്്ഞാനം കൊണ്ടോ മിഥ്യാഭ്രമംകൊണ്ടോ ആകുന്നു. തോണിയാത്ര ചെയ്യുന്നവനു കരയ്ക്കുള്ള വൃക്ഷങ്ങളും വീടുകളും പിറകോട്ടു പായുന്നുവെന്ന തോന്നലുണ്ടാകും; അതുപോലെ ഒരു അമളിയാണു് ആത്മാവിൽ ദേഹഭാവം കാണുന്നവനു പററിപ്പോവുന്നതു്. മറെറാരു ദൃഷ്ടാന്തവും ആചാര്യപാദർ ഇതേപ്പററി കൊടുക്കുന്നതു് ശ്രദ്ധേയമായിരിക്കുന്നു. തലകറക്കം ബാധിച്ചവൻെറ അനുഭൂതി ചുററുമുള്ള വസ്തുക്കൾ കറങ്ങുന്നുവെന്നാകും; കാമില ബാധിച്ചവൻെറ കണ്ണിൽ വെളുത്ത വസ്തുക്കളെല്ലാം മഞ്ഞ നിറമുള്ളതായേ തോന്നൂ. അത്തരം പാകപ്പിഴ ആത്മാവിനെ ദേഹമായി കരുതുന്നവനും പററുമെന്നത്രേ ആചാര്യപാദർ തറപ്പിച്ചുദ്്ബോധിപ്പിച്ചതു്. ഒരു തീക്കൊള്ളിയെടുത്തു ചുഴററി നോക്കൂ. സൂര്യനെപ്പോലെ പൂണ്ണവൃത്തമായ ഒരു അഗ്നിവലയമാണു് കാണപ്പെടുക. ചെ

റിയ വസ്തുക്കളെ ഭൂതക്കണ്ണാടിയിലൂടെ കാണുമ്പോഠം വലുപ്പം തോന്നിക്കുമെന്നല്ലാതെ ശരിക്കും വലുപ്പ വദ്ധനയുണ്ടാകുന്നില്ല. നിരവധി ദൃഷ്ടാന്തങ്ങളുടെ ഒരു പരമ്പര കോത്തിണക്കിക്കൊണ്ടാണ് സ്വരൂപരോക്ഷാനുഭൂതി എന്ന ഗ്രന്ഥത്തിൽ ദേഹവും ദേഹിയും ഒന്നാണെന്ന മിഥ്യാബോധത്തെ ആചാര്യശങ്കരൻ ദൂരീകരിച്ചതു്.

കാവ്യഭംഗികൊണ്ടു് ജാജ്വല്യമാനമായ മറെറാരു കൃതിയത്രേ പ്രബോധ സുധാകരം. മീൻപിടുത്തക്കാരൻ വയ്ക്കുന്ന പ്രലോഭനത്തിൻെറ ഇരയെ ഭക്ഷിച്ചാണ് മീൻ ചൂണ്ടയിൽ പെടുന്നതും പ്രാണനെ വെടിയാൻ നിർബദ്ധമാകുന്നതും. അതുപോലെ കാലനാൽ ഗ്രസിക്കപ്പെട്ട മനുഷ്യൻ അല്പ സുഖങ്ങളെ അനുഭവിക്കുന്നതിൽ ഭ്രമിച്ചു് അധഃപതിക്കുന്നു. വിഷയസുഖങ്ങഠം അന്ത്യകാലത്തുകൂടി, മനുഷ്യനെ പ്രലോഭിപ്പിക്കുമെന്നു കാട്ടാൻ പ്രബോധസുധാകരത്തിൽനിന്നു് ഒരു ശ്ലോകമുദ്ധരിക്കാം:

ഉരഗഗ്രസ്താർദ്ധതനുർ–
ഭേകോ ƒശ്നാതീഹ മക്ഷികാഃ ശതശഃ
ഏവം ഗതായുരവി സൻ
വിഷയാൽ സ മുവാർജ്ജയത്യന്ധഃ

പാമ്പിൻെറ വായിൽ പെട്ടിരിക്കുന്ന തവള തൻെറ മുമ്പിൽ പറക്കുന്ന ഈച്ചകളെ നൂറുകണക്കിനു് ഭക്ഷിക്കാൻ മോഹിക്കുന്നു. അതുപോലെ ജീവിതത്തിലെ നിമിഷങ്ങഠം കടന്നുപൊയ്ക്കൊണ്ടിരുന്നിട്ടും പകുതി ശരീരം കാലൻെറ കൂടയിലായിക്കഴിഞ്ഞിട്ടും അജ്ഞനായ മനുഷ്യൻ വിഷയസുഖങ്ങളാകുന്ന ഈയാംപാററകളെ പിടിക്കാൻ ശ്രമിക്കുകയാണെന്നു സാരം.

ചക്ഷുശ്ശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിനപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു
മാലോല ചേതസാ ഭോഗങ്ങരം തേടുന്നു

എന്നു് എഴുത്തച്ഛൻ പറഞ്ഞ സംഗതി മറെറാരു തരത്തിൽ ആചാര്യപാദർ ഉദ്ബോധിപ്പിച്ചുവെന്നു മാത്രം.

'വിദ്യാവിഹീനഃപശു' എന്ന ഒരു സങ്കല്പമുണ്ടല്ലോ. അതിനെ മുൻനിർത്തി വിവേകചൂഡാമണി എന്ന ഗ്രന്ഥത്തിൽ മനുഷ്യൻ പ്രാരബ്ധകർമ്മങ്ങളെ സ്വയം മനസ്സിലാക്കാതെ കഴുത്തിൽ ചുമക്കുകയാണു്, ഒരു പ്രയോജനവും കിട്ടുകയുമില്ല എന്നാണു പറയുന്നതു്. ഇതിനു ദൃഷ്ടാന്തമായി പറഞ്ഞതു് പശു തൻെറ കഴുത്തിൽ വഴിയെ പോകുന്നവർ ഇടുന്ന മാലകളെ ധരിക്കുന്നതിനെയാണു്.

പ്രാരബ്ധസൂത്രഗ്രഥിതം ശരീരം
പ്രയാതു വാതിഷ്ഠതു ഗോരിവസ്രക്
നതത്പുനഃ പശ്യതി തത്ത്വവേത്താ-
നന്ദാത്മനിബ്രഹ്മണി ലീനവൃത്തിഃ

പ്രാരബ്ധകർമ്മങ്ങളാകുന്ന നൂലുകരംകൊണ്ടു നെയ്തുണ്ടാക്കിയ ഈ ശരീരം ഇരിക്കയോ പോകയോ എന്തു ചെയ്താലും അതിനെ ആനന്ദരൂപമായ ബ്രഹ്മത്തിൽ മനോവൃത്തികരം ലയിച്ച തത്ത്വജ്ഞാനി ശ്രദ്ധിക്കുന്നേയില്ല.

ആത്മാവിൻെറ ചൈതന്യംകൊണ്ടാണു് മനുഷ്യൻെറ പഞ്ചേന്ദ്രിയങ്ങരം പ്രവർത്തിക്കുന്നതു്. ഒരേ ശക്തിവിശേഷം എങ്ങനെ കാഴ്ച, ഘ്രാണം, ശ്രവണം, സ്പർശം, രുചി എന്നിവ അറിയാൻ സഹായകമാകുമെന്നു കാണിക്കാൻ ഒന്നാന്തരം ഒരു രൂപമാതൃക

യാണ് പ്രബോധസുധാകരം എന്ന കൃതിയിൽ രണ്ടു ശ്ലോകംകൊണ്ടു തയ്യാറാക്കിയതു്.

ഗാഢധ്വാന്ത ഗൃഹാന്തതഃക്ഷിതിതലേ
ദീപം നിധായോജ്ജ്വലം
പഞ്ചഛിദ്രമധോമുഖം ഹി കലശം
തസ്യോപരിസ്ഥാപയേത്
തദ്ബാഹ്യേപരിതോ ƒ നരന്ധ്രമമലാം
വീണാം ച കസ്തൂരികാം
സദ്രത്നം വ്യജനംന്യസേച്ച കലശ-
ഛിദ്രാധ്വനിർഗഛതാ
തേജോംശേന പൃഥക്പദാർത്ഥനിവഹ-
ജ്ഞാനം ഹിയജ്ജായതേ
തദ്രൈന്ദ്ര്യഃ കശലേനവാ കിമു മൃദോ
ഭാണ്ഡേനതൈലേനവാ
കിം സൂത്രേണേന ചൈതദസ്തിരുചിരം
പ്രത്യക്ഷബാധാദതോ
ദീപജ്യോതിരിഹൈകമേവശരണം
ഹേ തഥാത്മാസ്ഥിതഃ

വീട്ടിനകത്തു് ഇരുട്ടായ മുറിയിൽ തറയിൽ ഒരു വിളക്കു കൊളുത്തിവച്ചു് അഞ്ചു ദ്വാരങ്ങളുള്ള ഒരു കുടം കൊണ്ടു് അടച്ചുവെക്കുക. കുടത്തിൻെറ ഓരോ ദ്വാരത്തിനും എതിരായി ഒരു നെല്ലിക്ക, വീണ, കസ്തൂരി, മേത്തരം രത്നം, വിശറി എന്നീ അഞ്ചു പദാത്ഥങ്ങളെ വെക്കുക. കുടത്തിൻെറ ദ്വാരങ്ങൾവഴി മേല്പറഞ്ഞ പദാർത്ഥങ്ങളിൽ വീഴുന്ന പ്രകാശത്താൽ അവയെ ഓരോന്നോരോന്നായി നാം അറിയുന്നില്ലയോ? അതു് ഏതിനാൽ? ദ്വാരങ്ങളാലോ, കുടത്തിനാലോ, വിളക്കിനാലോ, എണ്ണയാലോ, തിരിയാലോ, ദീപജ്വാലയാലോ എന്നതിനെപ്പററി ആലോചിച്ചു നോക്കു. ദീപജ്വാല എന്ന ഉത്തരമാകും കിട്ടുന്നതു്.

അതുപോലെ മനസ്സിനെയും ഇന്ദ്രിയങ്ങളെയും വിഷയങ്ങളെയും പ്രകാശിപ്പിച്ചുകൊണ്ടു് സചേതനമായി ആത്മാവു് സ്ഥിതിചെയ്യുന്നു. ദേഹം, ഇന്ദ്രിയങ്ങൾ, മനസ്സു്, ആത്മാവു് എന്നിവയുടെ ബന്ധവിവരണം എത്ര ഹൃദയാവർജ്ജകമായിരിക്കുന്നു!

വേദങ്ങൾപോലും ദൈവത്തെ പൂർണ്ണമായി വിവരിക്കുവാൻ അപര്യാപ്തമാകുമെന്നാണു് ശങ്കരാചാര്യരുടെ മതം. മേല്പത്തൂർ ഭട്ടതിരി പറയുന്നു: 'നിഗമശതസ്രേണ നിർദാസ്യമാനം' എന്നു്. അതുപോലെ ഈശ്വരനെക്കുറിച്ചു് അറിയാൻ ശ്രമിക്കുക അല്ലാതെ പൂർണ്ണമായി അറിയുക അപൂർണ്ണനായ മനുഷ്യനു സാദ്ധ്യമല്ല എന്ന കാര്യമാണു് പ്രബോധസുധാകരം എന്ന കൃതിയുടെ ആദ്യഭാഗംകൊണ്ടു വ്യക്തമാക്കുന്നതു്.

യം വർണ്ണയിതും സാക്ഷാ-
ച്ഛ്രുതിരപി മൂകേവ മൗനമാചരതി
സോ ƒ സ്മാകം മനുജാനാം
കിംവാചാം ഗോചരോഭവതി!

യാതൊരു ദേവനെ വർണ്ണിക്കുന്നതിൽ സാക്ഷാൽ വേദംപോലും ഊമയെപ്പോലെ മൗനം ദീക്ഷിക്കാൻ നിർബന്ധമാക്കുമോ ആ ദേവൻ മനുഷ്യരായ നമ്മുടെ വാക്കുകൾക്കു് വിഷയമായി ഭവിക്കുമോ?

ഈശ്വരമഹത്വം പരിഗണിച്ചു കർമ്മങ്ങൾ ഈശ്വരാർപ്പണമായി അനുഷ്ഠിക്കുകയാണു വേണ്ടതെന്നു് ആചാര്യശങ്കരൻ ഉദ്ബോധിപ്പിക്കുന്നു. ഈശ്വരാർപ്പണമായി ദ്രവ്യത്തെ വിനിയോഗിക്കുമ്പോൾ നഷ്ടബോധമുണ്ടാവുകയില്ല. ദാനം നേട്ടമായി അനുഭവപ്പെടുകയും ചെയ്യും. സാധാരണനിലയിൽ കൈവശമുള്ള വസ്തു കൈമോശം വരുമ്പോൾ ദുഃഖമാകുമല്ലോ

ഫലം. എന്നാൽ ഈശ്വരാർപ്പണമായി ത്യജിക്കയോ ദാനം ചെയ്യുകയോ ആണെങ്കിൽ വസ്തുനഷ്ടം സന്തോഷത്തിനും സുഖത്തിനും കാരണമാകുമെന്നു സംഗതി ആചാര്യപാദർ എടുത്തുകാട്ടുന്നുണ്ടു്.

ദ്രവ്യം പല്ലവതശ്ച്യുതം യദിഭവേദ്
കദാപി പ്രമാദാത്തദാ
ശോകായാഥ തദർപ്പിതം ശ്രുതവതേ
തോഷായ ച ശ്രേയസേ
സ്വാതന്ത്ര്യാദചിഷ യാഃ പ്രയാന്തിയദമീ
ശ്ശോകായതേസ്യശ്ചിരം
സന്ത്യക്താഃ സ്വയമേവ ചേത് സുഖമയം
നിഃശ്രേയസംതന്വതേ

മരക്കൊമ്പത്തു് പഴുത്തു പാകമായി നിൽക്കുന്ന മാങ്ങ തന്നത്താൻ വീണു് വല്ലവരും കൈവശപ്പെടുത്തിയാൽ ഉടമസ്ഥനു വലിയ ദുഃഖമുണ്ടാകും. അതേ ഫലം തൻെറ അധീനത്തിലായശേഷം വേദവിത്തായ ഒരു ശ്രേഷ്ഠനു കാണിക്കയായപ്പിക്കുവാൻ തരപ്പെട്ടു എന്നിരിക്കട്ടെ. അപാരമായ കൃതാർത്ഥതയാകും അനുഭവമാകുക. വിഷയങ്ങളെ തനിയെ വിടാൻ അവസരം കാത്താൽ ദുഃഖമാകും ഫലം. ബോധപൂർവ്വം ത്യജിക്കാൻ തയ്യാറായാലോ അതു് ആത്മശക്തിയെ വളർത്തുകയും ചെയ്യും.

കഷികരാജ്യമായ ഭാരതത്തിൽ കൃഷിയെ സംബന്ധിച്ച ഉദാഹരണങ്ങളാകുമല്ലോ കൂടുതൽ ഹൃദയാവജ്ജകമാകുക. ഒരേ ശക്തിതന്നെ വിവിധ പദാർത്ഥങ്ങളിൽ ഭിന്നഫലങ്ങളുണ്ടാക്കുമെന്നു് കാണിക്കാൻ ചില ദൃഷ്ടാന്തങ്ങൾ എടുത്തുകാട്ടുന്നിടത്തും ആചാര്യപാദരുടെ ഔചിത്യബോധവും ലോകപരിചയവും ഒന്നിനൊന്നു മീതെയായി വെളിപ്പെടുന്നു. കദളിവാഴ,

ചമ്പകമരം, മുല്ലവള്ളി, മുള്ളങ്കി, വെങ്കായം, വെള്ളുള്ളി മുതലായ പലതരം സസ്യങ്ങളുണ്ടല്ലോ. ഒരേ വെള്ളമാണു് ഏതിനും നനസ്സാൻ ഉപയോഗിക്കുന്നതു്. എന്നാൽ അവ ഓരോന്നിനുമുണ്ടാകുന്ന ഗന്ധം, രസം മുതലായവ എത്ര ഭിന്നം! ഒരേ സൂത്രധാരൻ ഒളിഞ്ഞിരുന്നു് കമ്പത്തിൻെറ മുകളിലുള്ള ബാറിൽ പലവിധം പാവകളെ ഒരുമിച്ചു പലരീതിയിൽ നത്തനം ചെയ്യിക്കുന്നു! ഒരേ ഇനത്തിൽതന്നെ രസത്തിൽ ഈഷൽ ഭേദമുള്ള കരിമ്പു്, ശക്കര, കല്ക്കണ്ടം എന്നീ പദാർത്ഥങ്ങൾക്കും കാരണമാകുന്നതു് ഒരേ വെള്ളമാണു്. ഒരേ സ്വൎണ്ണംതന്നെ തോരംവളയായും കങ്കണമായും ഭിന്നരൂപത്തിലുള്ള ആഭരണങ്ങളായിത്തീരുന്നു. ഒരേ നിലയിൽ വർത്തിക്കുന്ന പരമാത്മാവിൽ ലോകാവ്യത്യസ്തമായ സ്വഭാവത്തോടും ഭിന്നാത്മകമായ കർമ്മങ്ങളോടുംകൂടി ഉച്ചനീചത്വങ്ങൾ ഉൾക്കൊണ്ടും പുലരുന്നുണ്ടു് എന്ന വസ്തുത അത്ഭുതകരമായിരിക്കുന്നു.

ഭക്തിയുളവാകാനും അതിനെ ആത്മജ്ഞാനമായി രൂപാന്തരപ്പെടുത്താനും ഈശ്വരോപാസന എങ്ങനെ സഹായിക്കുമെന്നു കാട്ടുന്ന ഒരു ഭാഗം പ്രബോധസുധാകരത്തിൽ കാണാം. (ശ്ലോ. 169–177) പരമാത്മാവിനു് മൂർത്തം എന്നും അമൂർത്തം എന്നും രണ്ടു ഭാഗങ്ങളുണ്ടു്. അവയെ ഉപാസിക്കുന്ന ഭക്തന്മാരും രണ്ടു വിധക്കാരാകാം. ഒന്നു ക്ലേശം കൂടാതെയും മററതു് ക്ലേശം സഹിച്ചും മുക്തിനേടാൻ ഉപകരിക്കുന്നു. അതിനാൽ ഹരിഭക്തി സ്ഥൂലമായും സൂക്ഷ്മമായും നടത്തുക പതിവുണ്ടു്. ആരംഭത്തിൽ സ്ഥൂലമാകുന്ന ഭക്തി പിന്നീടു സൂക്ഷ്മമായി മാറേണ്ടിയിരിക്കുന്നു. ആശ്രമ

ധർമ്മങ്ങളനുഷ്ഠിക്കുക, വിഗ്രഹപൂജ നടത്തുക, സൽസംഗം, ഈശ്വരകഥാശ്രവണം, സത്യഭാഷണം തുടങ്ങിയ കല്പടവുകൾ ചവിട്ടിക്കയറി സൂക്ഷ്മഭക്തിയുടെ തലത്തിലെത്താം. സൂക്ഷ്മഭക്തിയും സമഭാവനയും വന്നു കഴിഞ്ഞാൽ സ്മൃതികളെക്കൊണ്ടും പുരാണങ്ങളെക്കൊണ്ടും മാനസപൂജ നടത്തി ലോകത്തിലെവിടെയും ഈശ്വരസാന്നിദ്ധ്യമുള്ളതായി ബോധ്യമാകണം. ഭക്തികൊണ്ടു ചിത്തശുദ്ധി വരുത്തിയാലേ മാനസപൂജ സാധ്യമാകൂ; ജീവകാരുണ്യവും സമത്വഭാവനയും ഉളവാകൂ. കാരം കലൎന്ന വെള്ളം വസ്ത്രത്തെ വെളുപ്പിക്കും; ഭസ്മമിട്ടു തുടച്ചാൽ കണ്ണാടിക്കു തെളിച്ചം കിട്ടും. മുഖം ശരിയായി പ്രതിഫലിച്ചുകിട്ടും. ഭക്തികൊണ്ടു പവിത്രവൽക്കരിച്ച ചിത്തത്തിനു് ആത്മജ്ഞാനം ലഭിക്കാതിരിക്കയില്ല. അകമഴിഞ്ഞു പ്രാർത്ഥിക്കുന്നതിൻെറ ഉദ്ദേശ്യം ചിത്തശുദ്ധീകരണമാണു്.

മുലപ്പാൽ കിട്ടാതെ വലയുന്ന ആമക്കുഞ്ഞുങ്ങൾക്കു് അമ്മയുടെ സ്നേഹമസൃണമായ കടാക്ഷവീക്ഷണത്താൽ എന്നപോലെയും, ആകാശം ശൂന്യമെങ്കിലും ചെമ്പോത്തു്, വേഴാമ്പൽ മുതലായ പക്ഷികൾക്കു് മേഘങ്ങൾ ചന്ദ്രൻ എന്നിവവഴിയും ദാഹശമനമുണ്ടാകുന്നപോലെ ഭഗവാൻ ഭക്തക്കു കണ്ണു്, മനസ്സു് വാക്കു് എന്നിവയ്ക്കു് അഗോചരനാണെങ്കിലും കരുണാകടാക്ഷത്താൽ പരമാനന്ദത്തെ പ്രദാനം ചെയ്യുമെന്നതു് ആശ്വാസകരമായിരിക്കുന്നു. അങ്ങുമിങ്ങുമായി ചിതറിയ ജീവജാലങ്ങൾക്കുകൂടി ആനന്ദവും ആശ്വാസവും എത്തിക്കാൻ ഭഗവാനു് ഒരു വിഷമവുമില്ല. അതു ലഭ്യമാകാനുള്ള മാർഗ്ഗം ഭക്തിയാൽ ചിത്തശുദ്ധി കൈവരുത്തുകയാണെന്നു് ആചാര്യശങ്കരൻ ചില

ശ്ലോകങ്ങളിലൂടെ ഉത്ബോധിപ്പിച്ചതു വിചാരരമണീയമാകുന്നു.

സൗന്ദര്യലഹരിയെക്കുറിച്ച് മുമ്പു ചില കാര്യങ്ങരം പ്രസ്താവിച്ചിട്ടുണ്ട്. ശ്രീശങ്കരൻ ശാക്തേയരീതിയിലുള്ള ദുർഗ്ഗാരാധനാരീതിയെ പരിഷ്ക്കരിച്ച് സാത്വികരീതിയെ സ്വീകരിച്ചുവെന്നു് നാം കണ്ടുവല്ലോ. ആ നിലയ്ക്കു ദുർഗ്ഗ മധുരമീനാക്ഷിയായും കാഞ്ചികാമാക്ഷിയായും അന്നപൂർണ്ണേശ്വരിയായും ഹേമാംബികയായും ആരാധിക്കപ്പെടാനിടയായി. ശിവനെക്കാരം പ്രധാനമായ ഒരു സ്ഥാനത്തു് ശക്തിയെ പ്രതിഷ്ഠിച്ചാണു് ശങ്കരാചാര്യർ ഈ പരിഷ്ക്കാരം നടപ്പിലാക്കിയതു്. മാററം വരുത്തണമെങ്കിൽ അതിനുപകരിക്കുന്ന സ്തോത്രങ്ങരം കൂടാതെ പററില്ല. ആധുനികലോകത്തിൽ മുദ്രാവാക്യങ്ങരം ഉത്ഘോഷിക്കപ്പെട്ടുന്നപോലെ യുവാക്കരംക്കു് ആവേശം പകരാൻ പാകത്തിൽ സ്തോത്രങ്ങരം ആലപിക്കപ്പെടേണ്ടിവന്നു. ത്രിമൂത്തികരം എല്ലാം ശക്തിയുടെ ആജ്ഞാപാലകരാണെന്നു തറപ്പിച്ചു പറയേണ്ടിവന്ന സാഹചര്യമതാണു്. സൗന്ദര്യലഹരിപദ്യങ്ങളിൽ (24, 25) രണ്ടെണ്ണം. ഈ നൂതനസങ്കല്പത്തിൻെറ അലയൊലി നിപുണശ്രോത്രങ്ങരംക്കു് കേരംക്കാൻ കഴിയും. ആശാൻ പ്രസ്തുത ശ്ലോകങ്ങളെ തർജമചെയ്തതിങ്ങനെയാണു്:

സ്രഷ്ടാ സൃഷ്ടിച്ചിടുന്നൂ, ഹരിയതു പരിപാ-
ലിച്ചിടു, ന്നിന്ദുചൂഡൻ
നഷ്ടം ചെയ്യുന്നു തന്നോടഖിലമഥമറ-
യ്ക്കുന്നു ലോകം മഹേശൻ
സൃഷ്ടിപ്പാനായ് സദാപൂവ്വകനുപരി ശിവൻ
സ്വീകരിക്കുന്നതും നിൻ

കഷ്ടാതീതം ഭ്രമിക്കും ഭ്രുകുടിഘടനതൻ
സംജ്ഞയാ മാജ്ഞയല്ലോ
ചിന്തിച്ചാൽ മൂർത്തി മൂന്നായ് ത്രിഗ്ഗുണമതിലെഴും
മൂന്നിനും നിന്റെ പാദ-
ച്ചെന്താരിൽച്ചെയ്യുകൊള്ളും ചതുരതകലരും
പൂജയേ പൂജയാകൂ
എന്തെന്നാൽ നിന്റെ പദാവഹന വിഹിതര-
ത്നാസനാസന്നദേശ-
ത്തന്തം കൂടാതെ ഹസ്താഞ്ജലി മടിയിലണി
ഞ്ഞമ്പു മീയുമ്പർ കോന്മാർ!

വാസ്തവം പറഞ്ഞാൽ കേരളത്തിൽ ഭഗവതികാവുകളായിരുന്നു ആദ്യകാലങ്ങളിൽ സർവ്വസാധാരണം. പലതിലും പൂജ ശാക്തേയരീതിയിലുമായിരുന്നു. അതിനാൽ ഈ ആശയത്തിന് കൂടുതൽ പ്രസക്തിയും കേരളത്തിലുണ്ടായിരുന്നു. മാത്രമല്ല ശൈവവൈഷ്ണവ തർക്കങ്ങളെ ഒഴിവാക്കാനുള്ള തന്ത്രമായും ഈ പുതിയ രീതി പ്രയോജനപ്പെട്ടുവെന്നതാണ് വാസ്തവം.

ദേവിഭജനംകൊണ്ടു മൂകൻ സർവ്വജ്ഞനാകുമെന്നു സ്വശിഷ്യനായ ഹസ്താമലകനിലൂടെ ആചാര്യർ ബഹുജനങ്ങളെ ബോധ്യപ്പെടുത്തി. അതിനു കഠിന പ്രയത്നം ആവശ്യമാണ്.

അകൃത്വാ ശത്രുസംഹാര-
മഗത്വാ ഖിലഭൂക്രിയം
രാജാഹമിതി ശബ്ദാന്നോ
രാജാഭവിതുമർഹതി.

എന്നതാണ് ശങ്കരനിർദ്ദേശം. അതായതു ശത്രുക്കളെ ഒട്ടക്കേണ്ടിടത്തു മടി കാട്ടിയാൽ കാര്യം അവതാളത്തിലാകും. സകലഭൂമിയേയും ഫലഭൂയിഷ്ഠമാക്കാൻ ഉററു

പ്രയത്നിക്കുകയാണു വേണ്ടതു്. രാജാവാണു് എന്നു് അഭിമാനം പൂണ്ടിരുന്നതുകൊണ്ടു് ഒരുവൻ രാജാവാകയില്ല. അതുപോലെ ഭൂമിക്കടിയിലെ നിധി കൈവരണമെങ്കിലോ, കൈക്കോട്ടെടുത്തു കുഴി തോണ്ടാനും കൈത്തലത്തിൽ അഴുക്കു കലത്താനും മടിക്കേണ്ടതില്ല എന്ന പ്രായോഗികകർമ്മയോഗമാണു് ആചാര്യശങ്കരൻ ഉപദേശിച്ചതു്.

ജൈവശാസ്ത്രതത്വങ്ങളും രസതന്ത്രതത്വങ്ങളും ആചാര്യപാദർ കൈകാര്യം ചെയ്തിരുന്നതു തന്റെ ആശയപ്രചരണത്തിനായിരുന്നു. പുഴ ഏറെക്കാലം നിഷ്ക്രിയനായി തപം ചെയ്തു ശലഭമായി പുറത്തു വരുന്നു. അതുപോലെയാണു് യോഗനിഷ്ഠയിലൂടെ മനശ്ശുദ്ധി നേടാൻ മുമുക്ഷുക്കൾ ശ്രമിക്കേണ്ടതു് എന്നു വിവേകചൂഡാമണിയിൽ ആചാര്യർ ഉത്ബോധിപ്പിച്ചതു നോക്കുക. ആത്മബോധം നേടാനുള്ള പ്രയത്നത്തെ അഗ്നിയിൽ പുടംവെച്ചു സ്വർണ്ണം ശുദ്ധമാക്കുന്നതിനോടു് ഉപമിച്ചിരുന്നു.

യഥാസുവർണ്ണം പുടപാകശോധിതം
ത്യക്ത്വാമലം സ്വാത്മഗുണം സമൃച്ഛതി
തഥാമനഃസത്വ രജസ്തമോമലം
ധ്യാനേനസന്ത്യജ്യ സമേതിതത്വം

എന്നുള്ള ആശയം എത്ര നൂതനമായിരിക്കുന്നു.

കേൾക്കുന്നതിനേക്കാൾ പ്രധാനമാണു മനനം. അതിനെ സ്വാംശീകരിക്കാനുള്ള ശ്രമം സർവ്വപ്രധാനമാണു്. സ്വാംശീകരിക്കാതെ, ആത്മബോധമുണ്ടാകാതെ ജടയും കമണ്ഡലുവും കാഷായവും ധരിക്കുന്നതു വെറും ഗോഷ്ഠിയാവും എന്നു് ആചാര്യശങ്കരൻ ഒരു കൃതിയിൽ വ്യക്തമാക്കിയിട്ടുണ്ടു്.

ബ്രഹ്മാനന്ദം ഒരു നിധിപോലെയാണെന്നും, അതിബലവാനായ അഹങ്കാരമെന്ന മഹാസർപ്പത്താൽ വലയിതമാണെന്നും ഒരു ശ്ലോകത്തിൽ ആചാര്യപാദർ മുന്നറിയിപ്പു നല്കിയിട്ടുണ്ട്. സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഫണങ്ങളുള്ള സർപ്പമാണ് നിധിയെ വലയം ചെയ്തു വന്നിരിക്കുന്നത്.

ബ്രഹ്മാനന്ദനിധിർ മഹാബലവതാ-
ഹങ്കാരഘോരാഹിനാ
സംവേഷ്ട്യാത്മനിരക്ഷ്യതേ ഗുണമയൈ
ശ്ചണ്ഡസ്ത്രിഭിർ മസ്തകൈ
വിജ്ഞാനാഖ്യമഹാസിനാശ്രുതിമതാ
വിച്ഛിദ്യശീർഷത്രയം
നിർമൂല്യാഹിമിമംനിധിം സുഖകരാ
ധീരോദഭോക്താക്ഷമാ

വേദവാക്യമാകുന്ന പ്രത്യക്ഷാനുഭവത്തിന്റെ വാളുകൊണ്ട് സർപ്പത്തെ നശിപ്പിച്ചുവേണം നിധി കൈവശപ്പെടുത്താൻ. വിവേകചൂഡാമണിയിലെ 580 ശ്ലോകങ്ങളും ഇത്തരത്തിൽ ആലോചനാമൃതമാക്കി നിബന്ധിക്കപ്പെട്ടവയാണ്. സംസ്കൃതഭാഷാപരിചയത്തിന്റെ ഖഡ്ഗമേന്തി ആചാര്യകൃതിയിലേക്കു സുധീരം കടന്നാൽ വേദാന്തതത്വങ്ങളുടെ നിധികുംഭം കൈവശപ്പെടുമെന്നു മാത്രം പറഞ്ഞുനിർത്താനേ തല്ക്കാലം നിവൃത്തിയുള്ളു. ശ്രീശങ്കരകൃതികളോരോന്നും പ്രത്യേക പഠനമർഹിക്കുന്ന നിധികുംഭങ്ങളാണെന്നും പറയാം.

## 3. ഭജഗോവിന്ദം*

ഭജഗോവിന്ദം ഭജഗോവിന്ദം
ഗോവിന്ദം ഭജ മൂഢമതേ
സംപ്രാപ്തേ സന്നിഹിതേ കാലേ
നഹി നഹി രക്ഷതിഡുകൃഞ്കരണേ
—ഭജ. 1

മൂഢജഹീഹി ധനാഗമതൃഷ്ണാം
കുരുസദ്ബുദ്ധിം മനസിവിതൃഷ്ണാം
യല്ലഭസേനിജ കര്മ്മോപാത്തം
വിത്തം തേന വിനോദയ ചിത്തം
—ഭജ. 2

നാരീസ്തനഭരനാഭീദേശം
ദൃഷ്ട്വാ മാഗാ മോഹാവേശം
ഏതന്മാംസവസാദി വികാരം
മനസി വിചിന്തയ വാരംവാരം
—ഭജ. 3

നളിനീദളഗത ജലമതി തരളം
തദ്വജ്ജീവിത മതിശയ ചപലം
വിദ്ധി വ്യാധ്യഭിമാനഗ്രസ്തം
ലോകം ശോകഹതം ച സമസ്തം
—ഭജ. 4

യാവദ് വിത്തോപാര്ജ്ജനസക്ത—
സ്താവന്നിജപരിവാരോ രക്തഃ
പശ്ചാജ്ജീവതി ജര്ജ്ജര ദേഹേ
വാര്ത്താം കോ ƒ പിനപൃച്ഛതി ഗേഹേ
—ഭജ. 5

* മോഹമുദ്ഗരം എന്നതാണ് കൃതിയുടെ പേര്.

യാവത് പവനോ നിവസതി ദേഹേ
താവത് പൃച്ഛതികുശലം ഗേഹേ
ഗതവതി വായൗ ദേഹാപായേ
ഭാര്യാ ബിഭ്യതി തസ്മിൻ കായേ

—ഭജ. 6

അത്ഥമനത്ഥം ഭാവയ നിത്യം
നാസ്തിതതസ്സുഖലേശസ്സത്യം
പുത്രാദപി ധനഭാജാം ഭീതിഃ
സർവ്വത്രൈഷാ വിഹിതാ രീതിഃ

—ഭജ. 7

ബാലസ്താവത് ക്രീഡാ സക്ത—
സ്തരുണസ്താവത് തരുണീ രക്തഃ
വൃദ്ധസ്താവത് ചിന്താ മഗ്നഃ
പരേ ബ്രഹ്മണി കോപി ന സക്തഃ

—ഭജ. 8

കാതേ കാന്താ കസ്തേ പുത്രഃ
സംസാരോ $f$യ മതീവ വിചിത്രഃ
കസ്യത്വം കഃ കുത ആയാത—
സ്തത്ത്വം ചിന്തയ തദിഹ ഭ്രാതഃ

—ഭജ. 9

സത് സംഗത്വേ നിസ്സംഗത്വം
നിസ്സംഗത്വേ നിർമ്മോഹത്വം
നിർമ്മോഹത്വേ നിശ്ചലതത്ത്വം
നിശ്ചലതത്ത്വേ ജീവന്മുക്തിഃ

—ഭജ. 10

വയസി ഗതേ കഃ കാമവികാരഃ
ശുഷ്കേ നീരേ കഃ കാസാരഃ
ക്ഷീണേ വിത്തേ കഃ പരിവാരഃ
ജ്ഞാതേ തത്ത്വേ കഃ സംസാരഃ

—ഭജ. 11

മാകുരു ധനജന യൗവന ഗർവ്വം
ഹരതി നിമേഷാത് കാലഃ സർവ്വം
മായാമയ മിദമഖിലം ഹിത്വാ
ബ്രഹ്മപദം ത്വം പ്രവിശ വിദിത്വാ

—ഭജ 12

ദിനയാമിന്യൗ സായം പ്രാതഃ
ശിശിര വസന്തൗ പുനരായാതഃ
കാലഃ ക്രീഡതി ഗച്ഛത്യായു–
സ്തദപി ന മുഞ്ചത്യാശാവായുഃ

—ഭജ. 13

കാ തേ കാന്താ ധര ഗത ചിന്താ
വാതുലകിം തവ നാസ്തി നിയന്താ
ത്രിജഗതി സജ്ജന സംഗതിരേകാ
ഭവതി ഭവാർണ്ണവതരണേ നൗകാ

—ഭജ. 14

ജടിലോ മുണ്ഡീ ലുഞ്ചരിത കേശഃ
കാഷായാംബര ബഹുകൃത വേഷഃ
പശ്യന്നപി ച ന പശ്യതി മൂഢോ–
ഹ്യുദര നിമിത്തം ബഹുകൃത വേഷഃ

—ഭജ. 15

അംഗം ഗളിതം പലിതം മുണ്ഡം
ദശനവിഹീനം ജാതം തുണ്ഡം
വൃദ്ധോ യാതി ഗൃഹീത്വാ ദണ്ഡം
തദപിന മുഞ്ചത്യാശാ പിണ്ഡം

—ഭജ. 16

അഗ്രേ വഹ്നിഃ പൃഷ്ഠേ ഭാനു
രാത്രൗ ചിബുക സമർപ്പിത ജാനുഃ
കരതലഭിക്ഷ സ്തരുതല വാസ–
സ്തദപിന മുഞ്ചത്യാശാ പാശഃ

—ഭജ. 17

യോഗരതോ വാ ഭോഗരതോ വാ
സംഗരതോ വാ സംഗവിഹീനഃ
യസ്യബ്രഹ്മണി രമതേ ചിത്തം
നന്ദതി നന്ദതി നന്ദത്യേവ

—ഭജ. 18

പുനരപി ജനനം പുനരപി മരണം
പുനരപി ജനനീ ജഠരേ ശയനം
ഇഹ സംസാരേ ഖലു ദുസ്താരേ
കൃപയാ പാതേ പാഹി മുരാരേ

—ഭജ. 19

സുര മന്ദിര തരു മൂലനിവാസഃ
ശയ്യാ ഭൂതല മജിനം വാസഃ
സർവ്വപരിഗ്രഹ ഭോഗത്യാഗഃ
കസ്യസുഖം ന കരോതി വിരാഗഃ

—ഭജ. 20

കാമം ക്രോധം ലോഭം മോഹം
ത്യക്ത്വാത്മാനം ഭാവയ കോഹം
ആത്മജ്ഞാന വിഹീനാ മൂഢാ—
സ്തേപച്യന്തേ നരക നിഗൂഢാഃ

—ഭജ. 21

കസ്ത്വം കോ ƒഹം കുത ആയാതഃ
കാമേ ജനനീ കോമേ താതഃ
ഇതി പരിഭാവയ സർവ്വമസാരം
വിശ്വം ത്യക്ത്വാ സ്വപ്നവിചാരം

—ഭജ. 22

ത്വയി മയി ചാന്യ ത്രൈകോ വിഷ്ണുർ—
വ്യർത്ഥം കുപ്യസി മയ്യസഹിഷ്ണുഃ
ഭവ സമ ചിത്തഃ സർവ്വത്ര ത്വം
വാഞ്ഛരതി സുചിരാ ദ്യദിവിഷ്ണുത്വം.

—ഭജ. 23

ഗേയം ഗീതം നാമസഹസ്രം
ധ്യേയം ശ്രീപതി രൂപ മജസ്രം
നേയം സജ്ജന സംഗേ ചിത്തം
ദേയം ദീനജനായ ച വിത്തം

—ഭജ. 24

ഭഗവദ് ഗീതാ കിഞ്ചിദ ധീതാ
ഗംഗാജല ലവ കണികാ പീതാ
സകൃദപി യസ്യ മുരാരി സമര്യാ
തസ്യയമഃകിം കുരുതേ ചര്യാം

—ഭജ. 25

കുരുതേ ഗംഗാ സാഗര ഗമനം
വ്രത പരിപാലന മഥ വാ ദാനം
ജ്ഞാനവിഹീനഃ സർവ്വമതേന
മുക്തിം ലഭതി ന ജന്മശതേന

—ഭജ. 26

പ്രാണായാമം പ്രത്യാഹാരം
നിത്യാ നിത്യ വിവേക വിചാരം
ജാപ്യസമേത സമാധി വിധാനം
കുർവ്വവധാനം മഹ ദവ ധാനം

—ഭജ. 27

യോഗരതോ വാ ഭോഗരതോ വാ
സംഗരതോ വാ സംഗ വിഹീനഃ
യസ്യബ്രഹ്മണി രമതേ ചിത്തം
നന്ദതിനന്ദതി നന്ദ ത്യേവ.

—ഭജ. 28

ശത്രൗമിത്രേ പുത്രേ ബന്ധൗ
മാകുരു യത്നം വിഗ്രഹസന്ധൗ
സർവ്വസ്മിന്നപി പശ്ചാത്മാനം
സർവ്വത്രോൽ സൃജ ഭേദാജ്ഞാനം

—ഭജ. 29

രഥ്യാ ചർപ്പട വിരചിത കന്ഥഃ
പുണ്യാ പുണ്യ വിവാർജിത പന്ഥഃ
യോഗീ യോഗ നിയോജിത ചിത്തോ
രമതേ ബാലോന്മത്ത വ ദേവ
—ഭജ. 30

ഗുരുചരണാംബുജ നിർഭരഭക്തഃ
സംസാരാദചിരാദ് ഭവ മുക്തഃ
സേന്ദ്രിയമാനവ നിയമാ ദേവം
ദ്രക്ഷ്യസി നിജ ഹൃദ്സ്ഥം ദേവം
—ഭജ. 31

കുറിപ്പ്: ഒന്നുമുതൽ 13 ഉൾപ്പെടെയുള്ള ശ്ലോകങ്ങളും അവസാനത്തെ നാല് ശ്ലോകങ്ങളും ശ്രീശങ്കരകൃതങ്ങളായി കരുതപ്പെടുന്നു. പതിന്നാലുമുതൽ പതിന്നാലെണ്ണം കൂടെയുള്ള ശിഷ്യന്മാരാൽ വിരചിതമാണത്രേ. (15) പത്മപാദരും (16) തോടകാചാര്യരും (17) ഹസ്താമലകനും (25) ആനന്ദഗിരിയും രചിച്ചതായി പ്രസിദ്ധം.

## അന്നപൂർണ്ണാസ്തോത്രം

നിത്യാനന്ദ കരീ വരാഭയകരീ സൗന്ദര്യരത്നാകരീ
നിർദ്ധൂതാഖില ഘോര പാവനകരീ പ്രത്യക്ഷ—
മാഹേശ്വരീ
പ്രാലേയാചല വംശപാവനകരീ കാശീ
പുരാധീശ്വരീ
ഭിക്ഷാം ദേഹി കൃപാവലംബനകരീ മാതാന്ന
പൂർണ്ണേശ്വരീ

യോഗാനന്ദകരീ രിപുക്ഷയകരീ ധമ്മാത്ഥ—
നിഷ്ഠാകരീ
ചന്ദ്രാക്കാനലഭാസമാന ലഹരീ ത്രൈലോക്യ—
രക്ഷാകരീ
സവ്വൈശ്വര്യസമസ്തവാഞ്ഛിത കരീ കാശീ—
പുരാധീശ്വരീ
ഭിക്ഷാം ദേഹി കൃപാവലംബന കരീ മാതാന്ന—
പൂണ്ണേശ്വരീ

കൈലാസാലയ കന്ദരാലയ കരീ ഗൗരീ ഉമാ—
ശങ്കരീ
കൗമാരീ നിഗമാത്ഥ ഗോചരകരീ ഓങ്കാര—
ബീജാക്ഷരീ
മോക്ഷദ്വാരകവാടപാടനകരീ കാശീ പുരാ—
ധീശ്വരീ
ഭിക്ഷാം ദേഹി കൃപാവലംബനകരീ
മാതാന്ന പൂണ്ണേശ്വരീ.

അന്നപൂണ്ണേ സദാ പൂണ്ണേ
ശങ്കരപ്രാണവല്ലഭേ
ജ്ഞാനവൈരാഗ്യ സിദ്ധ്യത്ഥം
ഭിക്ഷാം ദേഹി ച പാവ്വതി.
മാതാ ച പാവ്വതീ ദേവി
പിതാ ദേവോ മഹേശ്വരഃ
ബാന്ധവാഃശിവഭക്താ ശ്ച
സ്വദേശോ ഭുവനത്രയം 00

# ശങ്കരാചാര്യരുടെ കൃതികൾ

1. ഭാഷ്യങ്ങൾ: 1. ബ്രഹ്മസൂത്രം 2. ഈശാവാസ്യോപനിഷത്ത് 3. കേനോപനിഷത്ത് 4. കഠോപനിഷത്ത് 5. പ്രശ്നോപനിഷത്ത് 6. മുണ്ഡകോപനിഷത്ത് 7. മാണ്ഡൂക്യോപനിഷത്ത് 8. ഐതരേയോപനിഷത്ത് 9. തൈത്തരീയോപനിഷത്ത് 10. ഛാന്ദോഗ്യോപനിഷത്ത് 11. ബൃഹദാരണ്യകോപനിഷത്ത് 12. ഗൗഡപാദന്റെ മാണ്ഡൂക്യകാരിക 13. നൃസിംഹപൂർവതാപന്യുപനിഷത്ത് 14. ഭഗവദ്ഗീത 15. വിഷ്ണുസഹസ്രനാമം.

2. മൂലഗ്രന്ഥങ്ങൾ: 1. വിവേകചൂഡാമണി 2. ഉപദേശസഹസ്രി 3. അപരോക്ഷാനുഭൂതി 4. വാക്യവൃത്തി 5. സ്വാത്മനിരൂപണം 6. ആത്മബോധം 7. ശതശ്ലോകി 8. ദശശ്ലോകി 9. സർവവേദാന്തസിദ്ധാന്ത സാരസംഗ്രഹം 10. പ്രബോധസുധാകരം 11. സ്വാത്മപ്രകാശിക 12. മനീഷാപഞ്ചകം 13. അദ്വൈതപഞ്ചരത്നം 14. നിർവ്വാണഷട്കം 15. അദ്വൈതാനുഭൂതി 16. ബ്രഹ്മാനുചിന്തനം 17. പ്രശ്നോത്തരരത്നമാലിക 18. സദാചാരാനുസന്ധാനം 19. യോഗതാരാവലി 20. ഉപദേശപഞ്ചകം 21. ധ്യാനാഷ്ടകം 22. ജീവന്മുക്താനന്ദലഹരി 23. അനാത്മശ്രീവിഗർഹണപ്രകരണം 24. സ്വരൂപാനുസന്ധാനം 25. യതിപഞ്ചകം 26. പഞ്ചീകരണം 27. തത്വോപദേശം 28. ഏകശ്ലോകി 29. മായാപഞ്ചകം 30. പ്രൗഢാനുഭൂതി 31. ബ്രഹ്മജ്ഞാനാവലീമാല 32. ലഘുവാക്യവൃത്തി 33. നിർവാണമഞ്ജരി.

3. സ്തോത്രകൃതികൾ: 1. ഗണേശപഞ്ചരത്നം 2. ഗണേശഭുജംഗം 3. സുബ്രഹ്മണ്യഭുജംഗം 4. ശിവഭുജംഗം 5. ശിവാനന്ദലഹരി 6. ശിവപാദാദി കേശാന്തവർണ്ണനസ്തോത്രം 7. ശിവകേശാദിപാദാന്തവർണ്ണനസ്തോത്രം 8. വേദസാരശിവസ്തോത്രം 9. ശിവാപരാധക്ഷമാപണസ്തോത്രം 10. സുവർണ്ണമാലാസ്തുതി 11. ദശശ്ലോകീസ്തുതി 12. ദക്ഷിണാമൂർത്തിവർണ്ണമാലാസ്തുതി 13. ശ്രീദക്ഷിണാമൂർത്ത്യഷ്ടകം 14. ശ്രീമൃത്യുഞ്ജയമാനസികപൂജാസ്തോത്രം 15. ശിവനാമാവല്യഷ്ടകം

16. ശിവപഞ്ചാക്ഷരസ്തോത്രം 17. ഉമാമഹേശ്വരസ്തോത്രം 18. സൗന്ദര്യലഹരി 19. ദേവീഭുജംഗസ്തോത്രം 20. ആനന്ദലഹരി 21. ത്രിപുരസുന്ദരീവേദപാദസ്തോത്രം 22. ത്രിപുരസുന്ദരീമാനസപൂജാസ്തോത്രം 23. ദേവീഷഷ്ട്യുപചാരപൂജാസ്തോത്രം 24. ത്രിപുരസുന്ദര്യഷ്ടകം 25. ലളിതാപഞ്ചരത്നം 26. കല്യാണവൃഷ്ടിസ്തവം 27. നവരത്നമാലിക 28. മന്ത്രമാതൃകാപുഷ്പമാലാസ്തവം 29. ഗൗരീദശകം 30. ദേവീഭുജംഗം 31. ഹനൂമൽപഞ്ചകം 32. ശ്രീരാമഭുജംഗം 33. ലക്ഷ്മീനൃസിംഹപഞ്ചരത്നം 34. ലക്ഷ്മീനൃസിംഹകരുണാരസസ്തോത്രം 35. ശ്രീവിഷ്ണുഭുജംഗം 36. വിഷ്ണുപാദാദികേശാന്തസ്തോത്രം 37. പാണ്ഡുരംഗാഷ്ടകം 38. അച്യുതാഷ്ടകം 39. കൃഷ്ണാഷ്ടകം 40. ഹരിസ്തുതി 41. ഗോവിന്ദാഷ്ടകം 42. ഭഗവന്മാനസപൂജ 43. മോഹമുദ്ഗര 44. കനകധാരാസ്തോത്രം 45. അന്നപൂർണ്ണാഷ്ടകം 46. മീനാക്ഷിപഞ്ചരത്നം 47. മീനാക്ഷീസ്തോത്രം 48. ദക്ഷിണാമൂർത്തിസ്തോത്രം 49. കാലഭൈരവാഷ്ടകം 50. നിർഗ്ഗുണമാനസപൂജ 51. പ്രാതഃസ്മരണസ്തോത്രം 52. ജഗന്നാഥാഷ്ടകം 53. ഷട്പദീസ്തോത്രം 54. ഭ്രമരാംബാഷ്ടകം 55. ശിവപഞ്ചാക്ഷര നക്ഷത്രമാലാസ്തോത്രം 56. ദ്വാദശലിംഗസ്തോത്രം 57. അർദ്ധനാരീശ്വരസ്തോത്രം 58. ശാരദാഭുജംഗപ്രയാതാഷ്കം 59. ഗുർവഷ്ടകം 60. കാശീപഞ്ചകം 61. നർമ്മദാഷ്ടകം.

ഒട്ടാകെ 112 കൃതികളാണു് ശ്രീശങ്കരഭഗവദ്പാദരുടെതായിട്ടുള്ളതു്.

# മഹച്ചരിതമാല

## ഒന്നാംവർഷം
(1980 നവംബർ—1981 ഒക്ടോബർ)

1. ജവാഹർലാൽ നെഹ്റു
2. ഐസക് ന്യൂട്ടൺ, ഐൻസ്റ്റൈൻ
3. ആശാൻ, ഉള്ളൂർ, വള്ളത്തോൾ
4. രവീന്ദ്രനാഥ ടാഗോർ
5. ഗുട്ടെൻബർഗ്, ഗ്രഹാംബെൽ
6. പട്ടം, ടി. എം. വറുഗീസ്, സി. കേശവൻ
7. യേശുക്രിസ്തു
8. രാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ
9. കേസരി ബാലകൃഷ്ണപിള്ള, കെ. പി. കേശവമേനോൻ, കെ. എം. പണിക്കർ
10. മഹാത്മാഗാന്ധി
11. ജൂലിയസ് സീസർ, നെപ്പോളിയൻ
12. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ
13. ശ്രീനാരായണഗുരു
14. സർദാർ പട്ടേൽ, രാജേന്ദ്രപ്രസാദ്, മൗലാനാ ആസാദ്
15. കോപ്പർനിക്കസ്, ഗലീലിയോ, ടൈക്കോ, കെപ്ലർ
16. ഏബ്രഹാം ലിങ്കൺ
17. രാജാജി, കാമരാജ്, ടി. പ്രകാശം
18. എം. പി. പോൾ, മാരാര്, മുണ്ടശ്ശേരി
19. ലെനിൻ, മാവോ
20. സി. വി. രാമൻപിള്ള, ചന്തുമേനോൻ, ഉറൂബ്
21. ആബി ബെക്കീല, പാവോ നൂർമി, ജസ്സി ഓവൻസ്, വിന്തു മങ്കാദ്
22. ഹിററ്ലർ, മുസ്സോലിനി
23. ഡോ. രാധാകൃഷ്ണൻ, അംബേദ്കർ, സക്കീർ ഹുസൈൻ

ഗിഫ്റ്റ് കളക്ഷൻ

24. ജി. ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻനായർ, ഇടശ്ശേരി ഗോവിന്ദൻനായർ
25. ബുദ്ധൻ
26. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ
27. കൃഷ്ണപിള്ള, എ. കെ. ജി., കെ. ദാമോദരൻ
28. മാർക്സ്, ഏംഗൽസ്
29. ഗോഖലെ, തിലകൻ
30. കേരളവർമ, രാജരാജവർമ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ
31. വിക്ടർയൂഗോ, ടോംസ്റ്റോയ്
32. ഈ. വി., സഞ്ജയൻ, കേസരിനായനാർ
33. കബീർ, മീരാബായി, സൂർദാസ്, തുളസീദാസ്
34. അശോകൻ, അക്ബർ
35. മാർക്കോപോളോ, കൊളംബസ്, വാസ്കോ ദ ഗാമ
36. പട്ടിക്കാംതൊടി, ചാച്ചചാക്യാർ, ഗുരു കുഞ്ചുക്കുറുപ്പ്, പൈ- രാമച്ചാക്യാർ, ചെങ്ങന്നൂർ രാമൻപിള്ള

GC1963

കുട്ടികളുടെ വിഭാഗം

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം.

കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്
പ്രസിദ്ധീകരണം